“അഹങ്കാരികൾക്കും അത്യാഗ്രഹികൾക്കും ഒരിക്കലും മനസ്സമാധാനമുണ്ടായിരിക്കുകയില്ല. ഹൃദയത്തിൽ വിനീതരും സാധുക്കളുമായവർ വളരെ സമാധാനത്തോടുകൂടി വർത്തിക്കുന്നു. പൂർണ്ണമായി ആത്മസംയമനം ചെയ്തുകഴിഞ്ഞിട്ടില്ലാത്ത മനുഷ്യൻ ക്ഷണേന ചെറുതും നിസ്സാരവുമായ കാര്യങ്ങളാൽ പ്രലോഭിതനും പരാജിതനുമാകുന്നു.”

—ക്രിസ്ത്വനുകരണം

# സത്യദീപം

“നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നതോ, നീ എഴുന്നേററു നടക്കുക എന്നു പറയുന്നതോ ഏതാണു് എളുപ്പം? മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു ആ പക്ഷവാതക്കാരനോടു് അവൻ അരുളിച്ചെയ്തു: നീ എഴുന്നേററു നിന്റെ കട്ടിൽ എടുത്തുകൊണ്ടു വീട്ടിലേക്കു പോക.”

—മത്തായി IX 5

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

Reg. No. M. 2293. | 1956 സെപ്റ്റംബർ 19—ബുധനാഴ്ച | Vol. 30, No. 6

# ആ നിത്യസന്ദേശം

(പൊൻകുന്നം തോമസ്)

നീരഭ്രശുഭ്രമായ നീലാംബരത്തിൽ തെളിഞ്ഞുനിന്നിരുന്ന മഴവില്ലിന്റെ വർണ്ണധവളിമയിൽ സ്വർഗ്ഗീയസുന്ദരമായ ആ സന്ദേശഗാനത്തിന്റെ “മധുരിമ” ലയിച്ചിരുന്നു!......

അന്തിവിണ്ണിന്റെ അരുണിമ പൂണ്ട വെള്ളിമേഘങ്ങൾ നിഴലിച്ചുകാണാമായിരുന്ന തടിനീജലത്തിലെ കുഞ്ഞലകളുടെ കളകളനിസ്വനങ്ങളിൽ ആ കൊച്ചുഗാനത്തിന്റെ “അനന്തമായ പവിത്രത” കലർന്നിരുന്നു!......

ഇളംതെന്നലിൽ പരിലസിച്ചിരുന്ന, പനിനീർച്ചെടികളിൽ ഹൃദയാഹ്ലാദത്തോടെ തത്തിക്കളിച്ചിരുന്ന, പൊൻപറവകളുടെ “കലപിലാ”ശബ്ദങ്ങളിൽ ആ അമൃതഗാനത്തിന്റെ പ്രൗഢസുന്ദരമായ പ്രശാന്തത കളിയാടിയിരുന്നു!......

പല്ലവിതമായ നവമാലികാലതകളിൽ തിങ്ങിനിന്നിരുന്ന പൂമൊട്ടുകളിൽ പററിപ്പിടിച്ചിരുന്ന തുഷാരബിന്ദുക്കളിൽ ബാലാർക്കന്റെ കിരണങ്ങൾ തട്ടിയാലെന്നവണ്ണം, ആ സംഗീതധ്വനിയുടെ “ഭാവനാത്മക”മായ “മംഗളരശ്മികൾ” പതിഞ്ഞപ്പോൾ മാനവന്റെ ഹൃദയമൊട്ടുകളിൽ നിറഞ്ഞുനിന്നിരുന്ന വികാരമാകുന്ന ഹിമബിന്ദുക്കൾ അകളങ്കമായ മനോഹാരിതയാൽ നൂതനമായ വർണ്ണഭംഗിയുള്ളതായി മാറിക്കഴിഞ്ഞിരുന്നു!

ആ ദിവ്യസന്ദേശത്തിന്റെ അവർണ്ണനീയമായ നിത്യനിർമ്മലതയിൽ, പരിമളമെങ്ങും പരത്തിത്തുടങ്ങിയ പൂക്കളുടെ മഹനീയമായ രാമണീയകത്വത്തിനു അല്പംകൂടി മാററുവർദ്ധിച്ചിരുന്നു!

അഴകുള്ള മണിവീണകളുടെ ഹൃദയാസ്വാദകമായ മധുരസ്വരങ്ങൾ കർണ്ണയുഗങ്ങൾക്കു ഒരമൃതധാരയായി പരിണമിച്ചു!

ഹൃദയംകവരുന്ന “നിത്യതയുടെ” ആ സന്ദേശവീചികൾ എന്നെ ചിന്തകളിൽനിന്നും തട്ടിയുണർത്തി!

ഭാവനയാകുന്ന സൗവർണ്ണഫലകത്തിന്മേൽ തങ്കരേഖാങ്കിതമായ ആ ആറക്ഷരങ്ങളുടെ പ്രകാശരശ്മികൾ എന്നെ രോമാഞ്ചിതനാക്കി!

വികാരങ്ങളുടെ മേഖലയിലൂടെ നോക്കെത്താത്തവിധം വിദൂരതയിൽ ലയിച്ചിരുന്ന എന്റെ മനസ്സിൽ നൂതനമായ ചില മോഹനാശയങ്ങൾ മൊട്ടിട്ടു.

ആ നിത്യനിസ്തുലഗാനത്തിന്റെ ശാശ്വതാനന്ദദായകമായ ശബ്ദരേണുക്കൾ എവിടെനിന്നു്? അങ്ങെവിടെപ്പോയി ലയിച്ചുചേർന്നു?

കരയററ സ്മരണമണ്ഡലങ്ങളിൽ പിന്നേയും എന്റെ ചിന്താവിഹഗം ഏകാന്തമായി വിഹരിച്ചു.

അനന്തനിക്ഷേപമായ പരിപാവനപാരമ്പര്യങ്ങളിലും, ആചാരങ്ങളിലും, മറ്റനർഘസമ്പത്തുകളിലും ഞാൻ മൂകനായി തിരഞ്ഞുനടന്നു; ആ ഗാനം ഏതായിരിക്കുകയില്ല; അതിൽ എന്തുതന്നെ അടങ്ങിയിട്ടില്ല; ഞാൻ അവഗാഢം ചിന്തിച്ചു.

ചക്രവാളപ്പരപ്പിനപ്പുറത്തു നിന്നും “കഴിഞ്ഞ നിമിഷങ്ങളിൽ” —അല്ല, നൂററാണ്ടുകൾക്കുമുൻപു് —ആ വിസ്തൃതമായ വ്യോമസീമനിയിൽ ലയിച്ച സന്ദേശത്തിന്റെ കൊച്ചലകൾ പിന്നേയും എന്റെ ശ്രവണപുടങ്ങളിൽ മുഴങ്ങുകയായി!

എന്റെ ചിന്ത ഭൂതകാലത്തിന്റെ ഓർമ്മകളിൽ മന്ദംമന്ദം തപ്പിത്തടയുകയായി! വർത്തമാനത്തിന്റെ നൂതനഗതിവിഗതികളിൽ ചിലതിനെ അല്പമൊന്നു പരിഗണിക്കുകയായി!!



അപകടമദ്ധ്യത്തിലും ആശ്വാസമരുളുന്ന ക്രിസ്തു

× × ×

ആ മാധുര്യംനിറഞ്ഞ നിത്യസന്ദേശം ഇന്നും ദിഗന്തങ്ങളിലെങ്ങും മാറെറാലിക്കൊള്ളുന്നുണ്ടു്!

ഓരോ ജനപദങ്ങളിലും, ഓരോ ഭവനകവാടങ്ങളിലും, ഓരോ മണിമന്ദിരങ്ങളിലും, ചെററക്കുടിലുകളിലും, അംബരചുംബികളായ കൊട്ടാരങ്ങളിലും ആ മഞ്ജുളസന്ദേശം മുഖരിതമാകുന്നുണ്ടു്! ആരേയും ആകർഷിക്കത്തക്ക തരത്തിൽ, ആരേയും ദിനരാത്രങ്ങൾതന്നെ ചിന്താധീനനാക്കത്തക്കവിധത്തിൽ അതു് ഭൂതലമെങ്ങും പ്രതിധ്വനിക്കുന്നുണ്ടു്.

നിതാന്തനിർമ്മലമായ സ്വർഗ്ഗീയാനന്ദപദവിയിലേക്കു അതിരററ സൗഭാഗ്യവേദിയിലേക്കു്, അമോഘവും, അനർഘവും, ശാശ്വതജീവനുള്ളതുമായ മനുഷ്യാത്മാവുകളെ ആനയിക്കുവാൻ, നിത്യപിതാവിന്റെ വാർമടിത്തട്ടിൽ അനന്തമായ ആനന്ദം തേടുവാൻ, ആത്മസൗഖ്യത്തിന്റെ മംഗളമധു ആവോളം നുകരുവാൻ, സ്രഷ്ടാവിന്റെ പാവനപാദങ്ങളെ കാലങ്ങളുടെ പൂർണ്ണതവരേയും പാടിപ്പാടിപ്പുകഴ്ത്തി നിത്യവിശ്രാന്തിനേടുവാൻ, അവിടുത്തെ എന്നും ഹൃദയംകുളിർക്കെ കണ്ടു് സംപൂർണ്ണമായ ജീവിതാനുഭൂതിയടയുവാൻ വേണ്ട നിരന്തരപരിശ്രമത്തിനു് —“ജീവിതസമര”ത്തിനു്— ആ മംഗളസന്ദേശം പ്രചോദനംനൽകുന്നു!!

ചഞ്ചലമായ മാനസങ്ങൾക്കു്, വാടിത്തളർന്ന കരങ്ങൾക്കു്, മങ്ങിയിരുണ്ട നയനങ്ങൾക്കു്, ഇടറിത്തകർന്ന സിരാതന്തുക്കൾക്കു് അതു സുദൃഢമായ ബലവും, നവമായ ഉന്മേഷവും, സ്ഥിരമായ പ്രചോദനവും, നിസ്തുലമായ ധൈര്യവും നൽകുന്നു!

നന്മയിലേക്കു നീങ്ങുവാൻ, നന്മയിൽ വളരുവാൻ, നന്മയിൽത്തന്നെ ലോകത്തെ കാണുവാൻ, നന്മയിലുള്ള ആദ്ധ്യാത്മികമായ അന്തഃസൗന്ദര്യം നേടുവാൻ, നന്മയെമാത്രം എക്കാലവും പാടുവാൻ അതു് പ്രേരണനൽകുന്നു!

നൈമിഷികമായ ആനന്ദത്തിന്റെ മികവിലും, സംപൂർണ്ണമല്ലാത്ത സമ്പത്തിന്റെ സമൃദ്ധിയിലും, നശ്വരമായ സുഖലോലുപതയുടെ മടിയിലും, ലൗകികഭാഗ്യങ്ങളുടെ സമന്വിതസമ്മേളനത്തിലും അമർത്ത്യമായ ആത്മാവിന്റെ ജീവനുള്ള “സ്മരണ” നിലനിർത്തുവാൻ ആ സന്ദേശം നമ്മെ അനുസ്മരിപ്പിക്കുന്നു. ക്ഷണികങ്ങളായ ജഢികസുഖങ്ങളെ ത്യജിച്ചു്, അസ്തചേതനമായ ശരീരചിന്തകളെ വിസ്മരിച്ചു്, നഷ്ടപ്രഭമായ ലോകസൗന്ദര്യത്തെ വിഗണിച്ചു്, കലങ്ങിമറിഞ്ഞ സംസാരദുഃഖത്തെ മറന്നു്, നാശമില്ലാത്ത സ്വർഗ്ഗീയഭാഗ്യസംപ്രാപ്തിക്കു വേണ്ടിമാത്രം നമ്മുടെ ജീവിതത്തിന്റെ ദിവസങ്ങളെ ചിലവഴിക്കുവാൻ; അതിനുവേണ്ടിമാത്രം നിലകൊള്ളുവാൻ നമ്മെ ഏതു സമയവും ശക്തിമത്തായി നിർബന്ധിക്കുന്നു!

അർത്ഥസംപുഷ്ടമായ മനുഷ്യജീവിതത്തെ അതിന്റെ ഫലപ്രാപ്തിയിലെത്തിക്കാൻ, മനുഷ്യനെ യഥാർത്ഥമനുഷ്യനാക്കിത്തീർക്കുവാൻ, ഇന്നത്തെ മൃത്യുമരവിച്ച മനുഷ്യത്വത്തെ ഒന്നുകൂടി മിനുക്കി, മാററുള്ളതാക്കി മാററുവാൻ മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടു്, സ്വാർത്ഥത വെടിഞ്ഞു്, സ്വന്ത സഹോദരന്മാർക്കുവേണ്ടി—അതെ! നാശത്തിലേക്കു നീങ്ങുന്ന അവരുടെ ആത്മാക്കളെ നിത്യതയിലേക്കു നയിക്കുന്നതിനുവേണ്ടി, സ്വന്ത ജീവനെപ്പോലും തൃണവൽഗണിച്ചു് ജീവിതത്തെ നിത്യജീവനുവേണ്ടി ബലികഴിക്കുവാൻ പഠിപ്പിച്ചുകൊണ്ടു്, മനുഷ്യഹൃദയങ്ങളെ മധുരിപ്പിക്കുന്ന തേജസ്സോടെ, മർത്ത്യകുലത്തിന്റെ ഹൃദയഭിത്തികളിൽത്തട്ടി പ്രതിഫലിച്ച ആ മംഗളസന്ദേശം പിന്നേയും നമുക്കു എന്തെന്നില്ലാത്ത ആനന്ദവും ഉണർവ്വും ഉത്തേജനവും നൽകി ഇതാ! വന്നെത്തിയിരിക്കുന്നു!!

ലോകമെങ്ങും, അതെ! അന്ധതയിലും, അവിശ്വാസത്തിലും, കപടതയിലും, കാലുഷ്യത്തിലും അലഞ്ഞുതിരിയുന്ന വിവിധജാതികളുടെയിടയിലും, വ്യക്തികളുടേയും ശക്തികളുടേയും മുമ്പിലും, ജനനിബിഢമായ പട്ടണങ്ങളിലും, ഏകാന്തമൂകമായ ഗ്രാമനിരത്തുകളിലും, മലംപ്രദേശങ്ങളിലും, മലർകാവുകളിലുംനിന്നു് ആ ദിവ്യാഹ്വാനസ്വരം അലയടിച്ചുയരുന്നതു് നമുക്കു കേൾക്കുവാൻ കഴിയും.

മനുഷ്യവാക്കുകളുടെ മിനുത്ത മാറെറാലിപോലും സ്നേഹത്തിന്റെപേരിൽ ചെന്നെത്തിയിട്ടില്ലാത്ത മണലാരണ്യങ്ങളിലും, കാനനനിരകളിലും, ശ്മശാനഭൂമികളിലും, വ്യവസായസങ്കേതങ്ങളിലും ആ ദിവ്യസന്ദേശവാഹകരായ മിഷ്യനറിവൈദികരുടെയുംധീരരായ അത്മായപ്രേഷിതരുടേയും ത്യാഗസമ്പന്നരായ യുവതീയുവാക്കളുടെയും സത്യത്തിനും നന്മയ്ക്കും വേണ്ടിയുയരുന്ന ആ സ്വരം നമുക്കു കേൾക്കുവാൻ കഴിയും. സ്നേഹത്തിന്റെ നിസ്തുലതയും, ത്യാഗത്തിന്റെ സുരഭിലതയും നിറഞ്ഞുതുളുമ്പുന്ന ആ യുവപ്രേഷിതരുടെ മോഹനസ്വരം ഇന്നു് ലോകത്തിന്റെ ഏതുമൂലകളിലും ശ്രാവ്യമാണു്.

ഇരുൾപൂണ്ട കൊടുംരാത്രിയെന്നോ, ചൂടുകൊണ്ടു വെന്തുരുകുന്ന പകലെന്നോ, അസുഖകരമായ ഉഷ്ണാധിക്യമെന്നോ, ശരീരത്തിന്റെ സുഖമെന്നോ ഹൃദയാനന്ദമെന്നോ നോക്കാതെ, മഞ്ഞുകൊണ്ടും മഴകൊണ്ടും ദാരിദ്ര്യംകൊണ്ടും പിന്മാറാതെ, അനാരോഗ്യംകൊണ്ടും, അലസതകൊണ്ടും, ഞെങ്ങിഞെരുങ്ങിയ പരിതഃസ്ഥിതികൾകൊണ്ടും, ലോകത്തിന്റെ ഭർത്സനങ്ങൾകൊണ്ടും ഒട്ടുംതളരാതെ, പാവ

(ശേഷം 3-ാംപേജിൽ)

# യുവത്വവും ചാരിത്രവും

(ഫ്റാൻസിസ് അന്തിക്കാട്ട്)

ജീവിതത്തിന്റെ സുവർണ്ണദശയാണ് യുവത്വം. എണ്ണമില്ലാത്ത മധുരസ്വപ്നങ്ങളുടേയും മനോമോഹനങ്ങളായ നിരവധി പ്രത്യാശകളുടേയും അപ്രായോഗികമായ വളരെ പ്രവർത്തനപദ്ധതികളുടേയും നൃത്തശാലയാണതു്. തെററും ശരിയും പരീക്ഷിച്ചറിയുന്ന അപകടസമ്പൂർണ്ണമായ അവസരവും അതുതന്നെ. ഒരു നവീനജീവിതപന്ഥാവിലെ പ്രധാനകവലയാണ് യുവത്വം. മനുഷ്യസ്വഭാവത്തിന്റെ അനിയന്ത്രിതമായ അധമവികാരങ്ങൾ ഏതൊരു യുവാവിനേയും അപകടസാഹചര്യങ്ങളിലേക്കു വലിച്ചിഴയ്ക്കുവാൻ ശ്രമിക്കുന്ന ഒരു ശക്തിപരീക്ഷണഘട്ടവുമാണതു്. ഈ ഘട്ടത്തിലാണ് അവൻ തന്റെ ചാരിത്രസുമത്തെ പരിശുദ്ധമായി പരിരക്ഷിക്കുന്നതിൽ പ്രത്യേകവിധം പരീക്ഷിക്കപ്പെടുന്നതു്. ഈ ഘട്ടത്തിലാണ് അവൻ തന്റെ അധമവികാരങ്ങളോട് അതിശക്തിയായി അടരാടുവാൻ നിർബന്ധിതനാകുന്നതു്. നാലുഭാഗത്തുനിന്നും അവന്റെ വിചാര വികാരതരംഗങ്ങളെ ആട്ടിയുലച്ചുകൊണ്ട് ലൗകിക സൗന്ദര്യത്തിന്റെ പ്രത്യാഘാതമാകുന്ന പ്രചണ്ഡമാരുതൻ അവന്റെ ജീവിതനൗകയെ ഇളക്കിമറിക്കുകയാണ്. എവിടെ നോക്കിയാലും ചുവപ്പുകൊടികൾ നാട്ടിയ പാറക്കെട്ടുകളേ അവൻ കാണുന്നുള്ളു. എങ്ങോട്ടു നീങ്ങിയാലും ജഡമോഹത്തിന്റെ അടിയൊഴുക്കാൽ ആ കൊച്ചുതോണി ഉലക്കപ്പെടുന്നു. അവന്റെ ചാരിത്രമാകുന്ന ആ പനിനീർപുഷ്പത്തെ നിശ്ശേഷം കരിച്ചുകളയുവാൻ കരുത്തുള്ള ഒരു വലിയ തീക്കുണ്ഡം അവന്റെ അകത്തും പുറത്തും കത്തിക്കൊണ്ടിരിക്കുകയാണ്. ഈ അപകടഘട്ടത്തെ വിജയപൂർവം തരണം ചെയ്യണമെങ്കിൽ അവൻ വലിയൊരു സമരംതന്നെ നടത്തേണ്ടിയിരിക്കുന്നു. മനുഷ്യന്റെ അധമവികാരങ്ങളാകുന്ന ആ വെകിളിക്കുതിരകളെ കടിഞ്ഞാണിട്ടു പിടിച്ചില്ലെങ്കിൽ, നിയന്ത്രണാധീനമാക്കിയില്ലെങ്കിൽ, അവ എങ്ങോട്ടാണ് അവനെ എടുത്തെറിയുകയെന്നറിയുക സാദ്ധ്യമല്ല. ഒരു സാമ്രാജ്യം മുഴുവൻ വെട്ടിപ്പിടിക്കുന്നതിനെക്കാൾ പ്രാധാന്യവും പ്രയാസവുമുള്ള ഒരു പ്രശ്നമാണ് സ്വയം ജയിക്കുക എന്നതു്. സ്വയം ജയിച്ചവനാണ് സാക്ഷാൽ വിജയി.

“നിന്റെ വലത്തു കണ്ണ് നിനക്കു ഇടർച്ച വരുത്തുന്നുവെങ്കിൽ അതു നിന്നിൽനിന്ന് ചുഴന്നെടുത്തു് എറിഞ്ഞുകളയുക; എന്തെന്നാൽ, ഇരുകണ്ണുകളോടുകൂടി നരകത്തിൽ നിപതിക്കുന്നതിനെക്കാൾ ഒരു കണ്ണോടുകൂടി സ്വർഗ്ഗത്തിൽ പോകുന്നതു നിനക്കു നല്ലതാകുന്നു” എന്നരുളിച്ചെയ്തുകൊണ്ട് ക്രിസ്തുനാഥൻ വലിയൊരു സമരത്തിനുള്ള ആയുധമൊരുക്കുകയാണ് ചെയ്തതു്. വാസ്തവത്തിൽ കണ്ണാകുന്ന കവാടത്തിൽ കൂടിയാണ് ചാരിത്രരത്നത്തെ കവർന്നെടുക്കുവാൻ കള്ളൻ അകത്തു കടക്കുന്നതു്. ആ കവാടം നാം ഭദ്രമായി സൂക്ഷിച്ചുകഴിഞ്ഞാൽ നമ്മുടെ പടയൊരുക്കം പകുതിയായിക്കഴിഞ്ഞു.

സ്വർഗ്ഗീയവരം സ്വായത്തമാക്കാതെ സ്വയം ജയിക്കുവാൻ ശ്രമിക്കുന്നതു് വെറും സാഹസം മാത്രമാണ്. മനുഷ്യന്റെ അധമവികാരങ്ങളെ അടിച്ചമർത്തണമെങ്കിൽ അസാധാരണമായ അമാനുഷികശക്തി അവശ്യം ആവശ്യമാണ്. ഈ ശക്തി കരഗതമാകുവാൻ കാരുണ്യമൂർത്തിയായ ആ കന്യകാസുതനോടുതന്നെ നാം കരഞ്ഞപേക്ഷിക്കേണ്ടിയിരിക്കുന്നു.

കന്യാത്വത്തെ ബലികഴിക്കേണ്ടിവരികയാണെങ്കിൽ ഒരു ദൈവസുതന്റെ മാതാവെന്ന മഹനീയപദംപോലും നിസ്സങ്കോചം പരിത്യജിക്കുവാൻ സസന്തോഷം സന്നദ്ധയായ ആ കന്യകാമണിയോടും നാം യാചിക്കണം സ്വർഗ്ഗീയശക്തിക്കുവേണ്ടി. നമ്മുടെ ആത്മശരീരങ്ങൾ അവളുടെ പാവനകരങ്ങളിൽ സമർപ്പിക്കുകയാണെങ്കിൽ യാതൊരു ശത്രുവിനും നമ്മെ അടിപ്പെടുത്തുവാൻ കഴികയില്ല. അവളുടെ പാദങ്ങൾക്കടിയിൽ ശത്രുവിന്റെ തലയിരുന്നു തകരുകയാണ്.

“ജലത്തിൽ ഉത്ഭവിച്ച പുഷ്പം ജലത്തോടു കലരാതിരിക്കുന്നതുപോലെ സ്ത്രീശരണവാസത്തിൽ വാണ് സ്ത്രീയോടു ചേരാതിരുന്ന” വിരക്തനായ ആ മഹാവിശുദ്ധനോടും നാം അകമഴിഞ്ഞു പ്രാർത്ഥിക്കണം നമ്മുടെ അധമവികാരങ്ങളെ അടിച്ചമർത്താനുള്ള സ്വർഗ്ഗീയവരം ലഭിച്ചു തരണേയെന്ന്.

നസ്രത്തിലെ ആ കൊച്ചുപണിപ്പുരയിലേക്കൊന്നെത്തിനോക്കൂ. ഉളിയും കൊട്ടുവടിയും കരങ്ങളിലേന്തിക്കൊണ്ടു മരത്തോടു മല്ലടിക്കുന്ന ആ കോമളാംഗൻ കന്യകാസുതനാണ്. തന്റെ ജനനിയുടെ ജന്മം പോലും ജന്മപാപരഹിതമാക്കുവാൻ തിരുമനസ്സായ ആ ദൈവകുമാരൻ വിശുദ്ധിയെ എത്രമാത്രം വിലവെച്ചുവെന്നൂഹിക്കുക എളുപ്പമാണ്. ആജീവനാന്തം വൈരാഗ്യപൂർണ്ണമായ വിരക്തജീവിതം വരിക്കുന്ന ഒരു മഹാവിശുദ്ധനെത്തന്നെ തന്റെ വളർത്തുതാതനായി തിരഞ്ഞെടുത്ത അവിടുന്നു പരിശുദ്ധിയെ എത്രമാത്രം പരിപൂജ്യമായി പരിഗണിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ നമുക്കൊട്ടും പ്രയാസമില്ല. അവിവാഹിതനായ വി. യോഹന്നാനെ പ്രത്യേകവിധം അവിടുന്നു സ്നേഹിച്ചുവെന്നു വിശുദ്ധ ലിഖിതങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നു. തന്നെകണ്ടാൽ കല്ലെറിയുവാൻ കരുതിയിരുന്ന കനിവില്ലാത്ത ആ കപടഭക്തരോട്: “ആർ എന്നിൽ പാപം ആരോപിക്കും?” എന്നു വെല്ലുവിളിച്ച ആ പരമപരിശുദ്ധന്റെ അരുമസോദരരാകുവാൻ നാമിച്ഛിക്കുന്നുവെങ്കിൽ നാം നമ്മുടെ ചാരിത്രമാകുന്ന സ്വർഗ്ഗീയകുസുമത്തെ വാടാതെ, കോടാതെ സംരക്ഷിച്ച് ആ സത്യസ്വരൂപന്റെ സന്നിധാനത്തിൽ സമർപ്പിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ട സ്വർഗ്ഗീയാനുഗ്രഹങ്ങൾ കനിഞ്ഞരുളുവാൻ ആ കന്യകാസുതനോടും കന്യകാമാതാവിനോടും കന്യകാഭർത്താവിനോടും നമുക്കപേക്ഷിക്കാം.

—o—


തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.


ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത്

ദൈവത്തിന്റെ വത്സലമക്കളേ,

സത്യദീപംവഴി മറുപടി ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരെഴുത്തിനുള്ള മറുപടിയാണു താഴെ ചേർക്കുന്നതു്.

“ഞാൻ ചെറുപ്പത്തിൽ മിഷ്യനറിയാകാമെന്നു നേർച്ച നേർന്നതിന്റെ ഫലമായി ഇപ്പോൾ ഒരു സഭയിൽ ചേരാൻ ആഗ്രഹിക്കയാണ്. അന്നത്തെ എന്റെ ഉദ്ദേശം കേരളത്തിനു പുറത്തെവിടെയെങ്കിലും പോയാലേ മിഷൻവേല പാടുള്ളു എന്നായിരുന്നു. ആ സ്ഥിതിക്കു കേരളത്തിനകത്തും പുറത്തും ഭവനങ്ങളുള്ള ഒരു സഭയിൽ ചേർന്നാൽ നേർച്ച തികച്ചതായി കരുതാമോ? എന്റെ ആദ്യഉദ്ദേശാനുസരണം എന്നെ കേരളത്തിനു വെളിക്കു വിടുമെന്നു എനിക്കുധൈര്യമില്ലല്ലോ.”

ഉത്തരം: സഭയിൽ ചേരുമ്പോൾതന്നെ ഈ വിവരംകൂടി ശ്രേഷ്ഠന്മാരെ അറിയിക്കേണ്ട കടമയേ നിങ്ങൾക്കുള്ളു. വൈദികനാകാമെന്നു നേർച്ച നേർന്നാലും തക്ക യോഗ്യതയില്ലെങ്കിൽ സ്വീകരിക്കപ്പെടുകയില്ലാത്തതുപോലെ മിഷൻപോകാൻ നേർന്നെങ്കിലും അതിനുള്ള പ്രാപ്തിയില്ലെന്നു കണ്ടാൽ അങ്ങോട്ടു അയക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം ശ്രേഷ്ഠന്മാർക്കുണ്ട്. നിങ്ങൾ തക്കയാളാണെന്നു കണ്ടാൽ അവർ വിട്ടുകൊള്ളുമെന്നു പ്രതീക്ഷിക്കാം.

ഇത്തരുണത്തിൽ ഒരു സംഗതി ഓർത്തിരിക്കുന്നതു കൊള്ളാം. മിഷൻവേലയെക്കുറിച്ചും മററും നമുക്കു ചെറുപ്പത്തിലുണ്ടായിരുന്ന അറിവു മുഴുവനും ശരിയായിരിക്കയില്ല. പുറംനാടുകളിൽ അകത്തോലിക്കരോടൊ ക്രിസ്ത്യേതരരോടൊ നേരിട്ടു മതപ്രസംഗം ചെയ്തു അവരെ മാനസാന്തരപ്പെടുത്തി സത്യസഭയിലേക്കു ചേർക്കുന്നതു മാത്രമാണു മിഷൻവേലയെന്നാണു പലരും ധരിച്ചുവച്ചിരിക്കുന്നതു്. ആ ധാരണ ശരിയല്ല. സ്വദേശത്തുള്ളവരോടും മതപ്രസംഗം ചെയ്യുന്നതു മിഷൻ വേലയാണ്. പുതുതായി ആളുകളെ ചേർക്കുക മാത്രമല്ല, ചേർന്നവരെ നന്നായി ജീവിക്കുന്നതിനു പഠിപ്പിക്കയും സഹായിക്കയും ചെയ്യുന്നതും മിഷൻവേലതന്നെ. അതു മാത്രമല്ല, മതത്തെക്കുറിച്ചു ഒരക്ഷരംപോലും പറയാതെ സ്കൂളുകളിൽ പഠിപ്പിച്ചും ആസ്പത്രികളിൽ രോഗികളെ ശുശ്രൂഷിച്ചും മററുവിധത്തിൽ ജനങ്ങളുടെ ഇടയിൽ വേലചെയ്തും ക്രിസ്തീയ ഉപവിയും സന്മാതൃകയും കാണിച്ചുകൊണ്ട് പരോക്ഷമായി സത്യമതത്തിലേക്കു ആകർഷിക്കുന്നതും മിഷൻ പ്രവർത്തനത്തിൽ ഉൾപ്പെടുത്താം.

പട്ടാളത്തിൽ മുന്നണിയിൽ പോയി യുദ്ധം ചെയ്യുന്നവരെപ്പോലെതന്നെ പട്ടാളക്കാർക്കു വേണ്ട ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും ആയുധങ്ങളും മററും ഉണ്ടാക്കിക്കൊടുക്കുന്നവരും രാജ്യരക്ഷയ്ക്കു വേണ്ടി വേലചെയ്യുന്നവരല്ലയോ? അതുപോലെ ഒരൊററ ക്രിസ്ത്യേതരനോടുപോലും മതത്തെക്കുറിച്ചു ഒന്നും പറയാൻ സാധിക്കാതെ സെമിനാരികളിലോ മെത്രാസനമന്ദിരങ്ങളിലോ മഠങ്ങളിലോ വെറും ലൗകികവസ്തുക്കളുടെ കാര്യങ്ങൾ അന്വേഷിക്കുന്നവരും യഥാർത്ഥ മിഷൻപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരാണെന്നു ധരിക്കണം.

ആരു് എന്തു ചെയ്യണമെന്നുള്ള കാര്യം ദൈവത്തിന്റെ പ്രതിനിധികളായ ശ്രേഷ്ഠന്മാർ നിശ്ചയിച്ചു തന്നുകൊള്ളും. നാം അവരെ അനുസരിച്ചാൽ മതി.

എന്നു് പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താലും, വി. യൗസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥത്താലും എന്റെ മകന്റെ സുഖക്കേട് സുഖപ്പെട്ടതിനു ഉപകാരസ്മരണ. കാലതാമസത്തിനു ക്ഷമാപണം.

വെണ്മെനാട്
മിസ്സിസ് ഇ. സി. തോമാസ്

# ചോദിച്ചാൽ പറയാം

15. ചോ: പഴയനിയമം പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായത്തിൽ മോശയുടെ കൈയിൽ കൊടുത്ത കല്പലകയിൽ ഇപ്രകാരം കാണുന്നു: “രണ്ടാംപ്രമാണം: ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു് ഉണ്ടാകരുതു്. ഒരു വിഗ്രഹവുമുണ്ടാകരുതു്. മീതെ സ്വർഗ്ഗത്തിലെങ്കിലും, താഴെ ഭൂമിയിലെങ്കിലും, ഭൂമിക്കുതാഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുതു്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുതു്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു. എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ കൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കുകയും എന്നെ സ്നേഹിച്ചു കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെയും അവരോടു ദയകാണിക്കുകയും ചെയ്യും.” എന്തുകൊണ്ടു നമ്മുടെ വേദപ്രമാണത്തിൽ അവ കാണുന്നില്ല?

(എൽ. സി. സി., ചാവക്കാട്)

ഉ: പുറപ്പാടുപുസ്തകം20 ാം അദ്ധ്യായം 2 മുതൽ 6 വരെ വാക്യങ്ങൾ സുറിയാനി പ്ശീത്താ പ്രകാരം ഇങ്ങനെയാണ്: “എനിക്കു പുറമേ മററു ദേവന്മാർ നിനക്കുണ്ടാകരുതു്. മീതെ ആകാശത്തിൽ ഉള്ളതും, താഴെ ഭൂമിയിൽ ഉള്ളതും, ഭൂമിക്കുതാഴെ വെള്ളത്തിലുള്ളതുമായ യാതൊരു (വസ്തുവിന്റെ) പ്രതിമയും യാതൊരു രൂപവും നിനക്കായി നീ ഉണ്ടാക്കരുതു്. അവയെ നീ ആരാധിക്കരുതു്; അവയെ നീ വണങ്ങുകയും അരുതു്. എന്തെന്നാൽ എന്നെ ദ്വേഷിക്കുന്നവരോടു പിതാക്കന്മാരുടെ കുററങ്ങൾക്കു മൂന്നും നാലും തലമുറകളോളം മക്കളിൽ പ്രതികാരം ചെയ്യുന്ന തീക്ഷ്ണതയുള്ള ദൈവം—നിന്റെ കർത്താവായ ദൈവം—ഞാനാകുന്നു. എന്നാൽ എന്നെ സ്നേഹിക്കുന്നവർക്കും എന്റെ കല്പനകൾ അനുസരിക്കുന്നവർക്കും അനേകായിരം തലമുറകളോളം ഞാൻ നന്മചെയ്യും.”

സുപ്രസിദ്ധ പണ്ഡിതനായ മോൺ: നോക്സ് പ്രാചീനഗ്രീക്കു മൂലത്തിൽനിന്ന് അടുത്തകാലത്തു ചെയ്ത അധികൃതമായ പരിഭാഷ ഇങ്ങനെയാണ്: “മററു ദേവന്മാരെ നിന്റെ സ്വന്തമാക്കി നീ എന്നെ അനാദരിക്കരുതു്. മീതെ ആകാശത്തിൽ ഉള്ളതോ, താഴെ ഭൂമിയിൽ ഉള്ളതോ ഭൂമിയുടെ അടിയിൽ വെള്ളത്തിലുള്ളതോ ആയ എന്തിന്റെയെങ്കിലും ഛായയോ പ്രതിമയോ, കുമ്പിട്ട് ആരാധിക്കുന്നതിനായി നീ ഉണ്ടാക്കരുതു്. നിന്റെ ദൈവമായ, സർവ്വശക്തിയുള്ള കർത്താവായ ഞാൻ, എന്റെ സ്നേഹത്തിൽ അസൂയയുള്ളവനാകുന്നു. നീ എന്റെ ശത്രുവായാൽ നിന്റെ മക്കൾ മൂന്നും നാലും തലമുറവരെ അതിനു പരിഹാരം ചെയ്യേണ്ടിവരും. നീ എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ കാക്കുകയും ചെയ്താൽ കരുണ സഹസ്രമടങ്ങായി നിനക്കു ലഭിക്കുന്നതാണ്.”

മൂലത്തിന്റെയോ പരിഭാഷയുടെയോ വാചകഘടന എങ്ങനെയിരുന്നാലും, ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈ ഭാഗം 2-ാംപ്രമാണമാണെന്നു പുറപ്പാടിന്റെ പുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. “ഉടമ്പടിയുടെ വാക്കുകളായ പത്തു വാക്യങ്ങളും കല്പലകകളിന്മേൽ അവൻ എഴുതി.” (പുറപ്പാടു 35, 28; ആവർത്തനം 4, 13) എന്നല്ലാതെ പ്രമാണങ്ങൾ എണ്ണമൊപ്പിച്ച് പഴയനിയമത്തിലോ പുതിയനിയമത്തിലോ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. വിശുദ്ധ അഗസ്റ്റിനോസിന്റെ ബുദ്ധിപൂർവ്വമായ വിഭജനം അംഗീകരിച്ചുകൊണ്ടു കത്തോലിക്കാസഭയാണു പുറപ്പാടിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രമാണങ്ങളെ പത്തായി തിരിച്ചതു്. ആകയാൽ മുകളിൽ ഉദ്ധരിച്ച ഭാഗം പത്തു പ്രമാണങ്ങളിൽ കാണുന്നില്ലായെന്നു പറയുന്നതിനു അർത്ഥമില്ല.

അന്യദേവന്മാർ നിനക്കുണ്ടാകരുതെന്നും, ആരാധനയ്ക്കായി വിഗ്രഹങ്ങളുണ്ടാക്കരുതെന്നും പറയുന്നതു കാര്യത്തിൽ ഒന്നുതന്നെയാകയാൽ കത്തോലിക്കാസഭ അതു് ഒരു പ്രമാണമാക്കിയിരിക്കുന്നു. അതുപോലെതന്നെ അയൽക്കാരന്റെ സ്വത്തുക്കൾ ആഗ്രഹിക്കുന്നതും, അയൽക്കാരന്റെ ഭാര്യയെ ആഗ്രഹിക്കുന്നതും വ്യത്യസ്തങ്ങളും ഗുരുതരങ്ങളുമായ രണ്ടു പ്രവൃത്തികളാകയാൽ സഭ അവയെ രണ്ടു പ്രമാണങ്ങളാക്കി. എന്നാൽ 16-ാംനൂററാണ്ടിലെ പ്രോട്ടസ്റ്റന്റു മതവിപ്ലവക്കാർ ഒരു പ്രത്യേകലക്ഷ്യം മുൻനിർത്തി, ആദ്യത്തേതിനെ പിരിച്ചു രണ്ടു പ്രമാണങ്ങളാക്കുകയും, ഒടുവിലത്തേവ രണ്ടും ഒററപ്രമാണമാക്കുകയും ചെയ്തു. 16-ാംനൂററാണ്ടിൽ സ്വർണ്ണത്തിലും വെള്ളിയിലും നിർമ്മിച്ചിട്ടുള്ള അമൂല്യങ്ങളായ അനേകം സ്വരൂപങ്ങളും കലാവസ്തുക്കളും ദേവാലയങ്ങളിലുണ്ടായിരുന്നു. അവയെ കൊള്ളയടിക്കുന്നതിന് ഒരു ന്യായീകരണമായിട്ടാണ് പ്രമാണങ്ങളെ ഇങ്ങനെ ‘അഴിച്ച്’ അവർ വിഭജനം ചെയ്തതു്.

16. ചോ: പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായം 23-ാം വാക്യത്തിൽ “എന്റെ സന്നിധിയിൽ വെള്ളികൊണ്ടുള്ള ദേവന്മാരേയൊ, പൊന്നുകൊണ്ടുള്ള ദേവന്മാരേയൊ നിങ്ങൾ ഉണ്ടാക്കരുതു്” എന്നു കാണുന്നു. പിന്നെ കത്തോലിക്കാ ദേവാലയങ്ങളിൽ അതു കാണുന്നതെന്തുകൊണ്ട്?

(കെ. എം. എ. ചിങ്ങവനം)

ഉ: കത്തോലിക്കാദേവാലയങ്ങളിൽ വെള്ളികൊണ്ടോ പൊന്നുകൊണ്ടോ, മററെന്തെങ്കിലുംകൊണ്ടോ യാതൊരു ദേവന്മാരേയും ഉണ്ടാക്കിവെച്ചിട്ടില്ല. ദേവാലയ

ങ്ങളിൽ കാണപ്പെടുന്ന തിരുസ്വരൂപങ്ങളെപ്പററിയാണെങ്കിൽ അവയൊന്നും ദേവന്മാരുടെ പ്രതിമകളല്ല. ദൈവത്തിനു നൽകപ്പെടുന്ന തരത്തിലുള്ള ആരാധനകൾ സമർപ്പിക്കുന്നതിനായിട്ടല്ലാ അവ അവിടെ ഉണ്ടാക്കിവച്ചിരിക്കുന്നതും.

ദേവാലയത്തിൽ ഇത്തരം സ്വരൂപങ്ങൾ, ദൈവമായി ആരാധിക്കുന്നതിനല്ലാതെ ഉണ്ടാക്കിവയ്ക്കുന്നതിനെ ദൈവം വിരോധിച്ചിട്ടില്ലെന്നതിനു പുറപ്പാടുപുസ്തകം തന്നെ തെളിവാണു്. "ഞാൻ അവരുടെ ഇടയിൽ വസിക്കുവാൻ എനിക്കു ഒരു വിശുദ്ധസ്ഥലം അവർ ഉണ്ടാക്കണം. കൂടാരത്തിൻേറയും അതിൻെറ സകല ഉപകരണങ്ങളുടേയും മാതൃകയായി ഞാൻ നിന്നെ കാണിക്കുന്നതൊക്കെയും അങ്ങനെതന്നെ നിങ്ങൾ ഉണ്ടാക്കണം...കൃപാസനത്തിൻെറ ഇരുഭാഗങ്ങളിലും സ്വർണ്ണംകൊണ്ടു രണ്ടു ക്രോവകളെയും (മാലാഖമാരേയും) ഉണ്ടാക്കുക. നീ അവ വാർത്തുണ്ടാക്കണം...അവിടെ ഞാൻ നിൻെറ അടുക്കൽവന്നു ഇസ്രായേൽ മക്കളെ സംബന്ധിച്ചു് ഞാൻ നിന്നോടു കല്പിക്കുവാനിരിക്കുന്നതെല്ലാം സാക്ഷ്യപെട്ടകത്തിനുമീതെയുള്ള ഇരുക്രോവകളുടേയും നടുവിൽവച്ചു്, കൃപാസനത്തിൻമീതെ നിന്നു നിന്നോടു സംസാരിക്കാം." (പുറപ്പാടു് XXV, 8 22) മാലാഖമാരുടെ സ്വർണ്ണപ്രതിമ ഉണ്ടാക്കണമെന്നു ദൈവം ആജ്ഞാപിക്കുകമാത്രമല്ല അവയ്ക്കു വളരെ പ്രാധാന്യം കല്പിക്കുകയും ചെയ്തിരിക്കുന്നു.

ഇസ്രായൽക്കാരുടെ അഭിഭാജനമായിരുന്ന, ശ്ലേമ്മോൻ പണികഴിച്ച, ഓർശ്ലേംദേവാലയത്തിൽ മാലാഖമാരുടേയും ഈന്തപ്പനകളുടേയും മററും കൊത്തുപണികളുണ്ടായിരുന്നുവെന്നും (VI, 29), "കടൽ"വഹിക്കുന്നതിനു 12 പിച്ചളക്കാളകളേയും (VII, 25) പീഠം താങ്ങുന്നതിനു 12 സിംഹക്കുട്ടികളേയും (X, 20) ശ്ലേമ്മോൻ പണികഴിപ്പിച്ചുവെന്നും രാജാക്കന്മാരുടെ മൂന്നാംപുസ്തകത്തിൽ നാം വായിക്കുന്നു. എസക്കിയേൽ പ്രവാചകനു ദൈവം നൽകിയ ദർശനത്തിൽ അദ്ദേഹം കണ്ടതു്, ദേവാലയവാതുക്കൽ മനുഷ്യാകൃതിയിലുള്ള നാലു മാലാഖമാരുടെ പ്രതിമകളാണല്ലോ. (എസക്കിയേൽ I, 5; X 20) ശാവോലിൻെറ ക്രോധത്തിൽനിന്നും ദാവീദിനെ രക്ഷിക്കുവാൻ ദാവീദിൻെറ ഭാര്യ ഒരു പ്രതിമയിൽ ആട്ടിൻതോൽ പുതപ്പിക്കുന്ന സംഭവം രാജാക്കളുടെ ഒന്നാംപുസ്തകത്തിൽ (V X, 13) നാം വായിക്കുന്നു. മരുഭൂമിയിൽ വച്ചു് സർപ്പദംശനമേററവരുടെ രക്ഷയ്ക്കായി ഒരു ഘോരസർപ്പത്തിൻെറ പ്രതിമ പിച്ചളയിൽ ഉണ്ടാക്കി സ്ഥാപിക്കുവാൻ (സംഖ്യ XX I, 5) ദൈവം മോശയോടു് ആജ്ഞാപിക്കയുണ്ടായി. പ്രതിമകൾ ഉണ്ടാക്കുന്നതിനെയല്ലാ, അവയെ ദൈവമായി ആരാധിക്കുന്നതിനെയാണു് ദൈവം വിലക്കിയിരിക്കുന്നതു്.

17. ചോ: ഗലീലിയോശാസ്ത്രജ്ഞനെ വധിക്കുവാൻ ആരാണു യഥാർത്ഥത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചതു്?

(എ. ജി. എ. കാരമുക്കു്)

ഉ: "വാർദ്ധക്യം" എന്നാണു ശരിക്കു മറുപടിപറയേണ്ടതു്. ഗലീലിയോ നീണ്ട 78 വർഷങ്ങൾ ജീവിച്ചു് 1642 ജനുവരി 8-ാം തീയതി, എട്ടാം ഉർബൻ മാർപ്പാപ്പായിൽനിന്നു് ഒരു പ്രത്യേകാശീർവ്വാദവും സ്വീകരിച്ചു്, വാർദ്ധക്യസഹജമായ രോഗങ്ങളാൽ, നിര്യാതനായി. ഫ്ളോറൻസിലെ വിശുദ്ധ കുരിശിൻെറ ദേവാലയത്തിൽ സംസ്കരിക്കപ്പെടുകയുംചെയ്തു. പാപ്പാധിപത്യത്തിനെതിരായി, ചില പ്രോട്ടസ്റ്റൻറുവിഭാഗക്കാർ മുൻപു കൊണ്ടുവന്നിരുന്ന ആരോപണങ്ങളെ ചോദ്യകർത്താവു് കണ്ണുമടച്ചു വിശ്വസിച്ചതുകൊണ്ടുവന്ന ഒരു പ്രമാദമാണിതെന്നു തോന്നുന്നു.

ഗലീലിയോ റോമയിലെ ന്യായവിചാരണസഭയുടെ മുൻപാകെ ഹാജരാക്കപ്പെടുകയും വിസ്തരിക്കപ്പെടുകയും ചെയ്തുവെന്നതു ശരിതന്നെ. പക്ഷെ അതു് അദ്ദേഹത്തിൻെറ ശാസ്ത്രീയവാദങ്ങൾക്കുവേണ്ടിയായിരുന്നുവെന്നു ശഠിക്കുന്നതിലാണു പിശകു്. കത്തോലിക്കാസഭയിലെ ഒരു വൈദികശ്രേഷ്ഠനായിരുന്ന കോപ്പർനിക്കസിൻെറ ഗവേഷണഫലങ്ങൾതന്നെയാണു് ഗലീലിയോയും പ്രസംഗിച്ചിരുന്നതു്. പക്ഷെ ഗലീലിയോ ഒരുപടികൂടി കടന്നു തൻെറ അഭ്യൂഹങ്ങളുടെ വെളിച്ചത്തിൽ വേദപുസ്തകത്തെ വ്യാഖ്യാനിക്കുവാൻ മുതിരുകയും, തൻേറതിൽനിന്നു വിരുദ്ധമായ അഭിപ്രായഗതിയുള്ളവരെയെല്ലാം പരിഹസിക്കുകയും ചെയ്തിരുന്നു. ന്യായവിചാരണസഭ അദ്ദേഹം കുററക്കാരനെന്നു കണ്ടു് അനിശ്ചിതകാലത്തേക്കു തടവിനു ശിക്ഷിച്ചു. ഗലീലിയോയുടെ പരിഹാസത്തിനു പാത്രമായിരുന്ന ഉർബൻമാർപ്പാപ്പാതന്നെ ആ വിധി ഭേദപ്പെടുത്തുകയും ഫ്ളോറൻസിൽപോയി താമസിച്ചുകൊള്ളുന്നതിനു അനുവദിക്കുകയുംചെയ്തു. ന്യായവിചാരണസമയത്തും അതിനുശേഷവും റോമൻ അധികാരികൾ ബഹുമാനപൂർവ്വമാണു് അദ്ദേഹത്തോടു പെരുമാറിയിരുന്നതെന്നു് അദ്ദേഹത്തിൻെറ ചരിത്രകാരനായ വോൺ ഗബ്ളർ എന്ന പ്രോട്ടസ്റ്റൻറുകാരൻ രേഖകളുദ്ധരിച്ചു തെളിയിക്കുന്നുണ്ടു്.



പരിശുദ്ധദൈവമാതാവിൻെറ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

Inserted by

മിസ്സിസ് അന്നമ്മ മാത്യു

മഞ്ഞനാംകുഴിയിൽ, ചെങ്ങരൂർ

(1-ാംപേജ് തുടർച്ച)

പ്പെട്ടവർക്കുവേണ്ടി, ആലംബഹീനർക്കുവേണ്ടി, അഗതികൾക്കുവേണ്ടി, അദ്ധ്വാനിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി അവർ അവിശ്രമം ഇരവും പകലും പരിശ്രമിക്കുന്നു.

ഭക്ഷണമോ, ഒരു തുള്ളി വെള്ളം പോലുമോ കിട്ടാതെ പട്ടിണിയുടെ കരാളനർത്തനങ്ങളിൽപെട്ടു് നട്ടംതിരിയുന്ന ആശ്രയഹീനർക്കു അവർ സഹായഹസ്തം നൽകുന്നു.

മരണത്തിൻെറ കടിവായിൽപ്പെട്ടു് ജീവശ്വാസം വലിക്കുന്ന രോഗികളായ ശോകാർത്തരെ സമാശ്വസിപ്പിച്ചു് സംരക്ഷിക്കുന്നു.

തീരാവ്യാധികൾ പിടിപെട്ടു യാതൊരു രക്ഷയും കാണാതെ കണ്ണുനീർതൂകി ജീവിതംനയിക്കുന്നവർക്കു്, ജീവിതം നരകതുല്യമായി എണ്ണുന്നവർക്കു് നിസ്തുലമായ സഹായസംരക്ഷണങ്ങൾ നൽകുന്നു.

അഗതികളെ തീററുന്നതിനുവേണ്ടി പട്ടണങ്ങൾതോറും, പടിവാതിലുകൾതോറും പിച്ചച്ചട്ടിയുമായി തെണ്ടിനടക്കുന്നു! അനാഥശാലകളിൽ ആയിരക്കണക്കിനു രോഗികളെ സംരക്ഷിക്കുന്നു; മററു ജീവിതാവശ്യങ്ങളെപ്പോലും വിഗണിച്ചു അന്യർക്കുവേണ്ടി പാടുപെടുന്നു. ഇവയെല്ലാം എന്തിനുവേണ്ടി? ആർക്കുവേണ്ടി? ഇവർക്കും അന്തസ്സില്ലേ, അഭിമാനമില്ലേ, ആഭിജാത്യമില്ലേ?

ഒരുകാലത്തു് ഇവരും ലോകസുഖങ്ങൾ ആശിച്ചിരുന്നവരല്ലേ? ആനന്ദമയമായ ജീവിതത്തെ ആഗ്രഹിച്ചിരുന്നവരല്ലേ? ഒരുകാലത്തു് ഇവരും സ്ഥാനമാനങ്ങളും, സമ്പത്തും വാഞ്ഛിച്ചിരുന്നവരല്ലേ? അതെ! തീർച്ചയായും അവർ ഇവയ്ക്കെല്ലാംവേണ്ടി ആകാംക്ഷയോടെ കാത്തിരുന്നവരാണു്.

എല്ലാം ക്രിസ്തുവിനുവേണ്ടി; അവിടുത്തെ പാവനസ്മരണകൾ നിലനിർത്തുവാൻവേണ്ടി; ആ സ്നേഹവൽസലൻെറ— മനുഷ്യസ്നേഹിയുടെ അന്തിമാഭിലാഷങ്ങൾ സാധിക്കുന്നതിനുവേണ്ടി; കാൽവരിയിൽവച്ചു് "എനിക്കു ദാഹിക്കുന്നു" എന്നു വിലപിച്ച ആ ത്യാഗമൂർത്തിയുടെ ആത്മീയദാഹം തീർക്കാൻവേണ്ടി; അവിടുന്നു് ഭാവി തലമുറകൾക്കുവേണ്ടി നൽകിയ ആ നിത്യസന്ദേശം ലോകത്തെ അറിയിക്കുന്നതിനുവേണ്ടി അവർ ത്യജിച്ചു! സങ്കടങ്ങളും കഷ്ടപ്പാടുകളും സഹിക്കുവാൻ തയ്യാറായി! ആ സന്ദേശം, ത്യാഗമതികളായ യുവപ്രേഷിതർക്കു നന്മയും നീതിയും പ്രാവർത്തികമാക്കുവാനുള്ള ഒരുണർവുണ്ടാക്കിയിരിക്കുന്നു!

സ്നേഹനാഥനായ ഈശോ തൻെറ ശ്ലീഹന്മാർക്കു കൊടുത്ത ആനിത്യതയുടെ സമാധാനസന്ദേശം, അലയാഴികൾക്കപ്പുറം, ഭീകരങ്ങളും മാരകങ്ങളുമായ അനേകമനേകം നാരകീയശക്തികളെ തട്ടിനീക്കി, വിപ്ലവങ്ങളേയും രക്തച്ചൊരിച്ചിലുകളേയും കടന്നു് ഈ തലമുറയുടെ ശ്രവണപുടങ്ങളിൽ എത്തിക്കഴിഞ്ഞിരിക്കുകയാണു്.

സ്വാതന്ത്ര്യത്തിൻെറപേരിൽ നവീനങ്ങളായ ചില ദുഷിച്ച ആദർശങ്ങളെ കരുപ്പിടിപ്പിച്ചുകൊണ്ടു് മതത്തിൽനിന്നുമുള്ള ചേരിതിരിവുകളേയും വിമർശനാത്മകമായ ആശയഗതികളേയും കുത്തിപ്പൊക്കുന്ന സംഘടനകളേയും ശക്തികേന്ദ്രങ്ങളേയും നിഷ്ക്കരുണം തട്ടിത്തകർത്തുകൊണ്ടു് ആ സന്ദേശം ഇന്നു് എങ്ങും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇരുപതു നീണ്ട ശതാബ്ദകാലത്തിൻെറ പഴക്കമുണ്ടെങ്കിലും ആ സന്ദേശത്തിനു് ഇന്നും പുലരിയുടെ പുതുമയും മഞ്ഞിൻെറ നിർമ്മലതയുമുണ്ടു്. കാലങ്ങളുടെ മറവിലും സംഭവങ്ങളുടെ ബഹുലതയിലും അതു് അക്ഷയഭാസ്സോടെ വാനിൽ കുഞ്ഞലകൾ പരത്തുകയാണു്!

× × × ×

"നിങ്ങൾ പോയി, ലോകത്തിലുള്ള എല്ലാ ജാതികളുടെയിടയിലും നിത്യരക്ഷയുടെ സുവിശേഷമറിയിച്ചു് സത്യവിശ്വാസം പഠിപ്പിച്ചു്, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും പാവനമായ നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തി, പാപരഹിതരാക്കി, നിത്യനിഷ്കളങ്കതയുടെ ഓമനമക്കളാക്കിത്തീർക്കുവിൻ." പരിശുദ്ധരേയും, പതിതരേയും, പരാധീനരേയും, പട്ടിണിക്കാരേയും ക്രിസ്തുവിൻെറ കൊടിക്കീഴിൽ നിരന്തരം അണിനിരത്തുന്ന ഈ സ്വർഗ്ഗീയസന്ദേശം.

കമ്മ്യൂ.പാർട്ടിയുടെ 17-ാംകോൺഗ്രസ്, പാർട്ടിയുടെ കേന്ദ്രക്കമ്മിററിയിലേക്കു് തിരഞ്ഞെടുത്ത 139 കമ്മ്യൂണിസ്റ്റ്നേതാക്കളിൽ 98 പേരേയും അതേസമ്മേളനത്തിൽ സംബന്ധിച്ച 1966 പ്രതിനിധികളിൽ 1108 പേരേയും കഴുത്തുവെട്ടിയ കമ്മ്യൂണിസ്റ്റ്ഭരണക്രമത്തിൻെറ "വിശ്വരൂപം" വിവരിക്കുന്ന

★ ക്രൂഷേവ് റിപ്പോർട്ട് ★

ഇതാ മലയാളത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു

112 പേജുകൾ—വില 12ണ. പോസ്റ്റ്വഴി 14ണ.

A. C. F. Book Stall, High Road, TRICHUR

# മനുഷ്യനാണോ എല്ലാത്തിൻേറയും മാനദണ്ഡം?

(റവ. ഫാദർ മാത്യു വാക്കശ്ശേരി എം എ, ബി എൽ)

പ്രഖ്യാതനായ പ്രോട്ടഗോറാസ് ചിന്താമണ്ഡലത്തിൽ തൊടുത്തുവിട്ട ശരമാണു് "മനുഷ്യനാണു് എല്ലാത്തിൻേറയും മാനദണ്ഡം" എന്നുള്ള പ്രസ്താവന. ചിന്താമണ്ഡലത്തിലും, ധാർമ്മികമണ്ഡലത്തിലും ഇതിലേറെ അപകടകാരിയായ അധികം ചിന്തകൾ പ്രചരിച്ചിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുകയാണു്.

ചില ഘട്ടങ്ങളിൽ ഇമ്മാതിരി അർദ്ധസത്യങ്ങളും അസത്യങ്ങളും നമ്മെ വഴിതെററിക്കുവാൻ പര്യാപ്തമാണു്. എങ്കിലും നാമും അവയെപ്പററി ചിന്തിക്കേണ്ടതാണു്. മനുഷ്യനാണോ എല്ലാത്തിൻേറയും മാനദണ്ഡം?

ബി. സി. അഞ്ചാംനൂററാണ്ടിൽ ഗ്രീക്കുചിന്തകനായ പ്രോട്ടഗോറാസ് ഈ അഭിപ്രായബോംബു് ചിന്താമണ്ഡലത്തിലേക്കെറിഞ്ഞു. മനുഷ്യനാണു് എല്ലാത്തിൻേറയും മാനദണ്ഡം. മനുഷ്യനുവേണ്ടി ചെയ്യുന്ന ഈ യുക്തിവാദം ശരിയോ? "മനുഷ്യൻ" എന്നു പറഞ്ഞപ്പോൾ അദ്ദേഹം മനസ്സിലാക്കിയതു്, "ഓരോ മനുഷ്യനേയും", അതെ "ഓരോ വ്യക്തി"യേയുമാണു്. "എല്ലാത്തിൻേറയും മാനദണ്ഡ"മെന്നു പ്രയോഗിച്ചപ്പോൾ അദ്ദേഹം മനസ്സിലാക്കിയതു് "എല്ലാ സത്യത്തിൻേറയും മാനദണ്ഡ"മെന്നാണു്. തനിക്കു ശരിയായിട്ടുള്ളതു നിർണ്ണയിക്കുവാനുള്ള മാനദണ്ഡം താൻ തന്നെയാണു്. ഓരോരുത്തൻേറയും ഇന്ദ്രിയബോധത്തിനും അനുഭവത്തിനുമപ്പുറം സത്യമില്ല. എനിക്കു സത്യമെന്നു തോന്നുന്നതു് എനിക്കു ശരിയാണു്. നിങ്ങൾക്കു സത്യമെന്നു തോന്നുന്നതു് നിങ്ങൾക്കു ശരിയാണു്. ഇങ്ങനെ ചിന്തിച്ചുതുടങ്ങിയാൽ ചിന്ത അപകടത്തിലാകും. എനിക്കു ഇഷ്ടമുള്ളതു് എനിക്കു ചിന്തിക്കാം. നിങ്ങൾക്കു ഇഷ്ടമുള്ളതു നിങ്ങൾക്കു ചിന്തിക്കാം. ഇതു് അപകടംനിറഞ്ഞ ഒരു മനോഭാവമാണു്. ചിന്താവൈരുദ്ധ്യങ്ങളുടെ വിചിത്രമായ ഒരു ആപദ്ഘട്ടം അതു സൃഷ്ടിക്കും. ചിന്താവൈരുദ്ധ്യങ്ങളുടെ ചതുരത്തെ (The Square of opposition) അതു തകർക്കുവാൻ യത്നിക്കും. ആ യത്നത്തിൽ അതു സ്വയം തകരുകതന്നെ ചെയ്യും.



For favours received

Excuse delay
Mrs. Kunjalakutty Chacko
Thengoomoottil

യാഥാർത്ഥ്യത്തിൻെറ അപ്രതിരോദ്ധ്യമായ പ്രേരണാശക്തിക്കു് വിവേകമുള്ള എല്ലാവരും അധീനരാണു് ആകയാൽ ചിന്തിക്കുവാനുള്ള വ്യക്തിയുടെ പാവനമായ അവകാശവും അലംഘനീയമായ ചുമതലയും യാഥാർത്ഥ്യത്തിൻെറ അപ്രതിരോദ്ധ്യമായ ശക്തിക്കു വിധേയമാണു്. ഈ വാസ്തവത്തെ വിഗണിച്ചു് ചിന്ത, വിവേകത്തോടും യാഥാർത്ഥ്യബോധത്തോടും പുരോഗമിക്കുവാൻ സാദ്ധ്യമല്ല. ഈ വഴിക്കു പോയാൽ ചിന്തയും സത്യവും ധർമ്മവും അപകടത്തിലാകും. ഇപ്രകാരമുള്ള ഒരു കാൽവെപ്പിനാണു് പ്രോട്ടോഗോറാസു മുതിർന്നതു്. ഈ വഴിക്കുതന്നെയാണു് പ്രോട്ടോഗോറാസിൻെറ അനുയായികളായ യുക്ത്യാഭാസകരും (Sophists) ചരിച്ചതു്.

പ്രോട്ടോഗോറാസും അനുയായികളും ചിന്തയുടേയും ധർമ്മത്തിൻേറയും അടിത്തട്ടു മാന്തുകയാണു ചെയ്തതു്. ക്രിസ്തുവിൻെറ ജനനത്തിനു് അഞ്ചു നൂററാണ്ടുകൾക്കുമുൻപുള്ള ഈ പഴഞ്ചനഭിപ്രായം വിജ്ഞാനലോകത്തിൻേറയും തത്വചിന്തയുടേയും സുചിന്തിതമായ പഠനം, അതർഹിക്കുന്ന അവജ്ഞയോടുകൂടി സംസ്കരിക്കുകതന്നെ ചെയ്തു.

എല്ലാവർക്കും അവനവൻെറ അഭിപ്രായങ്ങൾക്കു് അവകാശമുണ്ടു് എന്നു പറയുമ്പോൾ അതിൽ ഒരു പ്രമാദം ഒളിഞ്ഞുകിടപ്പുണ്ടു്. യാതൊരാൾക്കും തെററായ അഭിപ്രായങ്ങൾക്കു അവകാശമില്ല. നമ്മുടെ അഭിപ്രായങ്ങൾ പാലിക്കുവാൻ നമുക്കു അവകാശമുണ്ടോ എന്നതു്, അവ സത്യത്തിൽ അധിഷ്ഠിതമാണോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും സംജാതമാകുന്നതു് വിവേകപൂർവ്വമായ സമൂഹത്തിലെ അംഗം എന്ന നിലയ്ക്കാണു്. നമ്മുടെ താന്തോന്നിത്വങ്ങൾക്കും അവിവേകപൂർവ്വമായ അഭിപ്രായങ്ങൾക്കും അവ നമ്മുടേതാണല്ലോ എന്നു വിചാരിച്ചു് അവകാശങ്ങളുണ്ടെന്നു ശഠിക്കുന്നതു മൂഢത്വമാണു്. ഉപരിപ്ലവമായ യുക്തിവാദം ഈ വഴിക്കാണു നീങ്ങുന്നതു്. യഥാർത്ഥമായ യുക്തിബോധം ഇതിനെ ചെറുക്കുന്നു. സത്യത്തിലും ധർമ്മത്തിലും അധിഷ്ഠിതമായ അഭിപ്രായങ്ങൾക്കേ ജീവിക്കുവാൻ അവകാശമുള്ളു.

ഈ വസ്തുത പ്രോട്ടഗോറാസിൻെറ ആരാധകരും അനുയായികളും ഗ്രഹിക്കുന്നതു് സത്യത്തിനു ചെയ്യുന്ന മഹത്തായ പൂജയായിരിക്കും. ഇതു് അവർക്കും സത്യത്തിനും ഒരുപോലെ ഗുണപ്രദമായിരിക്കുന്നതാണു്

—o—

# ചെറുകഥ

## ജീവിതം അവസാനിച്ചില്ല

(തൃക്കൊടിത്താനം ചാക്കോ)

(തുടർച്ച)

കുട്ടച്ചായൻ ആ ഗ്രാമത്തിലെ എണ്ണപ്പെട്ട ഒരു പണക്കാരനാണ്. പ്രായം ഏതാണ്ട് അൻപതിനോടടുത്തുണ്ട്. കൊഴുത്തുരുണ്ട ശരീരം, മുന്നോട്ട് കവിഞ്ഞുകിടക്കുന്ന കുടവയർ. തലയിലെ കറുത്ത രോമങ്ങൾ എല്ലാംതന്നെ പൊഴിഞ്ഞു തുടങ്ങി. ഇടയ്ക്കിടയ്ക്കു വെള്ളിരോമങ്ങൾ നാമ്പെടുത്തിട്ടുണ്ട്.

മൂന്നാൺമക്കളും അഞ്ചു പെൺമക്കളും ഉണ്ട്. കൊള്ളയും അഴിമതിയും ഈ പ്രായത്തിനോടിടയ്ക്കു വളരെ അധികം ചെയ്തുപോയി.

കാലം മറിഞ്ഞു കഴിഞ്ഞപ്പോൾ ആദായകരമായ ഒരു തൊഴിൽ ഇല്ലാതെ വന്നു. ഒടുവിൽ കണ്ടുപിടിച്ചതാണ് "ചിട്ടിബിസിനസ്സ്." അയാളെവിശ്വസിച്ചു പലരും ചിട്ടിയിൽ ചേർന്നു. പക്ഷേ ചിററാളന്മാർക്കു പണം കിട്ടുന്ന കാര്യം വളരെ അവതാളത്തിലാണ്. പിന്നെ ഒന്നും രണ്ടുമായി ഓണത്തിനും, ചങ്ക്രാന്തിക്കും കിട്ടും. എന്താ വല്ല കാര്യവും നടന്നോ...? കേസ്സു കൊടുക്കുവാൻ നിവൃത്തിയില്ലാത്ത, വെറും കൃഷികൊണ്ടുമാത്രം ജീവിക്കുന്നവരാണ് ആ ഗ്രാമവാസികളിൽ ഭൂരിപക്ഷവും.

അയാളെ വിശ്വസിച്ച് അബദ്ധങ്ങളിൽ കുടുങ്ങിയിട്ടുള്ളവർ ഒട്ടും കുറവല്ല ആ ഗ്രാമത്തിൽ. അങ്ങനെ പലരുടേയും അദ്ധ്വാനത്തിൽനിന്നും തടിച്ചു കൊഴുത്തു വളരുകയാണ് അയാൾ ഇന്നും.

ഒരു സായാഹ്നത്തിൽ ഫാദർ ജോൺ കുട്ടച്ചായൻെറ ബംഗ്ലാവിൽ വന്നു...അദ്ദേഹത്തിൻെറ ഹൃദയം വേദനിക്കുന്നുണ്ട്. ഫാദർ ജോൺ കുട്ടച്ചായനെ വിളിച്ചു.

കുട്ടച്ചായൻ പുറത്തേക്കു വന്നു. "എന്താ കുട്ടച്ചാ, വളരെ നാളുകളായല്ലോ കണ്ടിട്ട്. എൻെറ ഏതോ ഉപദേശം കുട്ടച്ചനെ വിഷമിപ്പിച്ചെന്നും കേട്ടു. അതേക്കുറിച്ചു കുട്ടച്ചനുള്ള തെററിദ്ധാരണ നീക്കാമെന്നുള്ളതാണ് എൻെറ ഈ വരവിൻെറ ഉദ്ദേശം. എൻെറ ഉപദേശം കൊണ്ടു ആരെയും വിഷമിപ്പിക്കണമെന്നു എനിക്കു യാതൊരുദ്ദേശവുമില്ല. അന്നന്നത്തെ സുവിശേഷഭാഗത്തെക്കുറിച്ചു വിശ്വാസികൾക്കു ഉപദേശം കൊടുക്കുക എന്ന എൻെറ ധാർമ്മികകടമ നിർവ്വഹിക്കുന്നു. എല്ലാവരും പ്രമാണങ്ങൾക്കനുസരണമായി ജീവിച്ചുകാണുവാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്. നീതിമാന്മാരുടെ വഴിത്താര എൻെറ ഇടവക ജനങ്ങൾക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുക എന്നതിൽ കവിഞ്ഞ് യാതൊന്നും ഞാൻ ചെയ്തിട്ടില്ല. ഈ ലോകജീവിതത്തിൽ നാം വളരെ തെററുകളിൽക്കൂടി സഞ്ചരിച്ചെന്നു വരാം. അനീതികൾ പ്രവർത്തിച്ചെന്നു വരാം. പക്ഷേ നശ്വരമായ ഈ ലോകജീവിതത്തിൻെറ കെടുതികളിൽനിന്നും ഒഴിഞ്ഞുമാറി യാത്ര തുടരണം. കുട്ടച്ചൻെറ ഇപ്പോഴത്തെ മനം മാററംകൊണ്ട് ഒരു തലമുറ വിശ്വാസത്തിൽനിന്നും വഴുതിപ്പോവുകയും മററുള്ളവർക്ക് അതുവഴി ഉതപ്പു സംഭവിക്കുകയുമാണ് ചെയ്യുന്നത് എന്ന സംഗതി വിസ്മരിക്കരുതേ..."

കുട്ടച്ചായൻെറ മുഖം വിളറി. ഫാദർ ജോണിൻെറ കരുണാമസൃണമായ മുഖത്തേക്കു നോക്കുന്നതിനുപോലും അയാൾക്കു കഴിഞ്ഞില്ല.

ഒടുവിൽ കുട്ടച്ചായൻ പറഞ്ഞു: "കാലം മാറിപ്പോയച്ചാ, വിശ്വാസം കുറഞ്ഞുപോയി. അച്ചൻെറ കടിഞ്ഞാണില്ലാത്ത പ്രസംഗംമൂലമാണ് ഇതെല്ലാം ..."

"ഇല്ല...കുട്ടച്ചനു തെററിപ്പോയി. വഴിതിരിഞ്ഞുപോയ പല ആത്മാക്കളെയും സത്യമാർഗ്ഗത്തിൽ തിരിച്ചുകൊണ്ടുവരാൻ ദൈവാനുഗ്രഹത്താൽ സാധിച്ചു കഴിഞ്ഞു. എൻെറ സാമർത്ഥ്യമല്ല. പ്രാർത്ഥന ഒന്നുകൊണ്ടുമാത്രം. നിങ്ങളും എന്നെ തെററിദ്ധരിച്ചിരിക്കുകയാണ്. അതെല്ലാം മാറും എന്ന ശുഭാപ്തിവിശ്വാസം എനിക്കുണ്ട്. പല സ്ഥലങ്ങളിലേയും അനുഭവം എന്നെ അതാണ് പഠിപ്പിക്കുന്നത്. ഈ ജീവിതം ക്ഷണികമാണ് എന്ന് എൻെറ വിശ്വാസികൾക്കു മുന്നറിയിപ്പു കൊടുത്തതു തെററാണെങ്കിൽ എന്നോടു ക്ഷമിക്കൂ. എന്നെ ഏൽപിച്ചിരിക്കുന്ന ചുമതല നിർവഹിക്കാതിരിക്കുവാൻ നിവൃത്തിയില്ല. വിധിയുടെ നാളിൽ എനിക്കും കണക്കു ബോധിപ്പിച്ചേ മതിയാവൂ. കുട്ടച്ചാ, ചിന്തിക്കൂ... മഹത്തായ ജീവിതം ശോഭനമാക്കാൻ ഇനിയെങ്കിലും യത്നിക്കൂ. ദൈവം കരുണാനിധിയാണ്. എന്നെ ഭയപ്പെടാതെ, അവിടുത്തെ ഭയപ്പെടൂ. സമ്പത്തും സുഖലോലുപതാവുമെല്ലാം ആറടി മണ്ണിനോടു അലിഞ്ഞു ചേർന്നുപോകും. എനിക്കതുമാത്രമേ താങ്കളോടു ഈ വൈകിയവേളയിൽ പറയുവാനുള്ളൂ."

"മതിമതി, പോകാം..."കുട്ടച്ചായൻെറ ദ്വേഷ്യം വർദ്ധിച്ചു.

"സഹോദരാ, ഞാൻ പൊയ്ക്കൊള്ളാം. എൻെറ സാമീപ്യം കുട്ടച്ചനെ കൂടുതൽ വിഷമപ്പെടുത്തുന്നു. അല്ലേ? മനുഷ്യപുത്രനു തല ചായിക്കുവാൻ ഇടം നൽകാഞ്ഞ മനുഷ്യർ ചരിത്രത്തിൻെറ ഏടുകളിൽ ഇന്നും കരിപുരണ്ടു കിടപ്പുണ്ട് എന്ന കാര്യം മറക്കരുതേ. ഞങ്ങളോടു എന്തിനു പരിഭവിക്കുന്നു. എന്നോടു പരിഭവിക്കരുതേ കുട്ടച്ചാ..."


ഫാദർ ജോൺ അല്പസമയം തൻെറ കണ്ണുകൾ പൂട്ടി നിശ്ശബ്ദമായി നിന്നതിനു ശേഷം പറഞ്ഞു: "കുട്ടച്ചാ, ഞാൻ പോകുന്നു..."

അദ്ദേഹത്തിൻെറ കണ്ണുകളിൽ നിന്നും രണ്ട് അശ്രുകണങ്ങൾ അടർന്ന് താഴെ വീണു.


ആ ബംഗ്ലാവു മുഴുവൻ നിശ്ശബ്ദത വ്യാപിച്ചു കഴിഞ്ഞിരുന്നു. ഫാദർ ജോണിനോടു ഒരു കേവലം മനുഷ്യത്വംപോലും കാണിക്കാതിരുന്ന കുട്ടച്ചായൻെറ പ്രതികാരമനസ്ഥിതിയോടുകൂടിയ പെരുമാററം തരുതിക്കു അതിയായ വെറുപ്പിനു കാരണമായി. പക്ഷെ, എന്തു ചെയ്യും...അവർ ഒരു സ്ത്രീയല്ലേ ...? വീട്ടുനാഥൻ വീട്ടിൽ തന്നെ ഉള്ളപ്പോൾ അതിഥിയെ സ്വാഗതം ചെയ്യേണ്ട ചുമതല സ്ത്രീക്കുള്ളതല്ലല്ലോ...?

(ശേഷം 9-ാം പേജിൽ)

വിവാഹാഘോഷങ്ങൾക്കും . . . . . . . . സാധാരണ ഉപയോഗത്തിനും



മനസ്സിനിണങ്ങിയ
ആഭരണങ്ങൾ
സന്തോഷവും
സംതൃപ്തിയും
നൽകുന്നു



ആഭരണനിർമ്മാണചരിത്രത്തിൽ ഒരു പുതിയ യുഗം തന്നെ സൃഷ്ടിച്ച
ഞങ്ങളുടെ ആഭരണങ്ങളിൽ
ഈ അടയാളം CAO ഉണ്ടായിരിക്കുന്നതാണ്

സി. എ. ഔസേഫ് & സൺസ്
ആഭരണവ്യാപാരം — തൃശ്ശൂർ

ഞങ്ങളുടെ പക്കൽനിന്നു വാങ്ങിയിട്ടുള്ള ആഭരണങ്ങൾ ബില്ലുസഹിതം കൊണ്ടുവരുന്നതായാൽ പുതിയ ആഭരണങ്ങൾ സ്വർണ്ണത്തിൻെറ വിലയിൽ വ്യത്യാസമില്ലാതെ മാററി എടുക്കാവുന്നതാണ്. പുതിയ ക്യാററ്ലോഗിനാവശ്യപ്പെടുമ്പോൾ പാക്കിംഗ്, തപാൽചിലവുകൾക്ക് 8ണ. സ്ററാമ്പുകൂടി അയക്കേണ്ടതാണ്.

## ഇടവകവാർത്തകൾ

**എറണാകുളം:** എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രൈവററു സിക്രട്ടറിയായിരുന്ന റവ. ഫാദർ വർഗ്ഗീസ് പഴേമഠം സെപ്തംബർ 14-ാംനു- വെള്ളിയാഴ്ച രാവിലെ കൊച്ചിൻ ഹാർബറിൽനിന്നും "സിഡ്നി" എന്ന കപ്പലിൽ ഉപരിപഠനാർത്ഥം റോമിലേക്കു യാത്രപുറപ്പെട്ടിരിക്കുന്നു.

**പൊൻകുന്നം:** സ്ഥലം സി. വൈ. എം. ഏ. യുടെ ആഭിമുഖ്യത്തിൽ ആദ്യഞായറാഴ്ചതോറും നടത്തിവരാറുള്ള സ്റ്റഡിക്ലാസ് സെപ്തംബർ 9-ാംനു- ഞായറാഴ്ച 3-30നു് സ്ഥലം എസ്. എച്ച്. സ്കൂളിൽവച്ച് റവ. ഫാദർ ഫിലിപ്പ് ഇരട്ടമാക്കിൽ ബി. ഏ. ബി. ററി. നടത്തിയിരിക്കുന്നു.

ഈ ഇടവക പുതുമന ശ്രീ പി. ജെ. പോത്തൻ അവർകളുടെ തൃതീയപുത്രനും ഓട്ടോമൊബൈൽ എൻജിനീയറുമായ ശ്രീ പി. പി. ഫിലിപ്പും, ഉരുളികുന്നത്തു ശ്രാമ്പിക്കൽ ശ്രീ ജോസഫിൻെറ പുത്രി ശ്രീമതി മാമ്മിക്കുട്ടിയും തമ്മിലുള്ള വിവാഹം സെപ്തം. 10-ാംനു- സമംഗളം നടന്നിരിക്കുന്നു.

**പുത്തമ്പള്ളി:** അഭിനവമായ രീതിയിൽ ശാസ്ത്രീയമായി ക്രോഡീകരിക്കപ്പെട്ടിട്ടുള്ള ഒരു "ഹ്ളൂട്ടുകച്ചേരി" സ്ഥലം ശ്രീ ദുർഗ്ഗാ തീയേററിൽവച്ചു സെപ്തംബർ 9-ാംനു- സംഗീതശാസ്ത്രസമ്രാട്ട് ശ്രീ ജെ. ഏ. വിതയത്തിൽ അവർകൾ നടത്തിയിരിക്കുന്നു. ശാസ്ത്രീയസംഗീതത്തിലും മതസംഗീതത്തിലും വിശ്രുതനായ ശ്രീ ജോസഫിൻെറ പ്രകടനങ്ങൾ സദസ്യരുടെ മുക്തകണ്ഠമായ പ്രശംസക്കു പാത്രമായിരുന്നു.

**പേത്തൂർ:** സ്ഥലം സെൻറു് സെബാസ്ത്യൻസ് പള്ളി ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മരിയസൈന്യത്തിൻെറ ഒരു അസാധാരണയോഗം സ്കൂൾഹാളിൽ വച്ചു റവ. ഡോക്ടർ എൽ. ജെ. ചിററൂർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. അതിരമ്പുഴ ലീജിയൻക്കൂരിയാ പ്രസിഡൻറു് ബ്രദർ ദേവസ്യാ പ്രസംഗിച്ചു.

**മാറാക്കര:** നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി സ്ഥലത്തെ വിവിധസംഘടനകളുടെ ആഭിമുഖ്യത്തിൽ പള്ളിമൈതാനത്തുവച്ച് സെപ്തംബർ 9-ാംനു- ഞായറാഴ്ച ഒരു മഹായോഗം ചേരുകയുണ്ടായി. യോഗത്തിൽ റവ. ഫാദർ ജേക്കബ് കാരിയപ്പുറം അവർകൾ അദ്ധ്യക്ഷതവഹിച്ചു. ശ്രീ സി. എസ്. ചെറിയാൻ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചുകൊണ്ടു പ്രസംഗിച്ചു. ശ്രീ ജോസഫ് തെ ലപ്പന, കെ. എസ്. മാത്യു, സി. എസ്. മാത്യു എന്നിവർ പ്രമേയത്തെ അനുകൂലിച്ചു പ്രസംഗിച്ചു.

**മണച്ചൂർ:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസൈന്യത്തിൻെറ ഒരു അസാധാരണയോഗം പരിശുദ്ധ കന്യകാമറിയത്തിൻെറ പിറവിത്തിരുനാൾ സംബന്ധിച്ച് സെപ്തം: 9-ാംനു- റവ. ഫാദർ ജേക്കബ് അന്തിക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മിസ്സ് സി. പി. സെലീനാ പ്രസംഗിച്ചു. സഖ്യാംഗങ്ങളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

**പേരാവൂർ:** നിയോഗിക്കമ്മിററിറിപ്പോർട്ടിൽ പ്രതിഷേധിക്കുവാൻ പേരാവൂർ പൗരാവലിയുടെ ഒരു യോഗം സെപ്തം: 9-ാംനു- ഞായറാഴ്ച രാവിലെ 10 മണിക്ക് സെൻറു് തോമസ് വായനശാലാ കെട്ടിടത്തിൽവച്ചു ശ്രീ കെ. ഗോവിന്ദൻനമ്പ്യാർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീമാന്മാർ എ. സി. കുര്യാക്കോസ് ബി. എ. ബി. എൽ., ബാബുകുട്ടി ജോസഫ് ബി. എ. ബി. ടി. എന്നിവർ പ്രസംഗിക്കുകയും ശ്രീ കെ. വി. തോമസ് അവതരിപ്പിച്ച പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസാക്കുകയുമുണ്ടായി.

**ചെങ്കൽ:** ചെറുപുഷ്പ മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ സ്ഥലം പള്ളിമേടയിൽവച്ച് റവ. ഫാദർ പോൾ കൊച്ചാരംപാമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗംകൂടി, നി




യോഗിക്കമ്മിററിറിപ്പോർട്ടിനെ ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു. ശ്രീ പി. ജെ. ജോസഫ് ബി. എ. പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ശ്രീ പി. സി. ജോസഫ് അവതരിപ്പിച്ചു. സഭ ഏകയോഗമായി പാസാക്കി.

ടി യോഗത്തിൽ, ചങ്ങനാശ്ശേരിരൂപതയെ ഒരു അതിരൂപതയായി ഉയർത്തിയതിൽ പരിശുദ്ധ സിംഹാസനത്തോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നതും, മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടിരിക്കുന്ന മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനിയെ അനുമോദിക്കുന്നതുമായ പ്രമേയങ്ങൾ ശ്രീ സി. എം. എബ്രാഹം അവതരിപ്പിച്ചു.

**അതിരമ്പുഴ:** അതിരമ്പുഴ ക്കുറിയായിൽ ഉൾപ്പെട്ട 12-ൽപ്പരം സൈന്യശാഖകളുടേയും സഹായയോഗങ്ങളുടേയും സംയുക്ത "സൈന്യശാഖാഘോഷം" സെപ്തംബർ 9-ാംനു- ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സ്ഥലം സ്കൂൾഹാളിൽവച്ച് റവ ഫാദർ പീററർ ഡിക്രൂസ് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സി. ഏലിയാമ്മ മാത്യു കുടുമ്പേശ്ശർ ബി. എസ്സി., ബ്രദർ മാത്യു മട്ടക്കുഴി എന്നിവർ പ്രസംഗിച്ചു. യോഗത്തിനിടയ്ക്ക് "അഭിഷായുടെ സഖികൾ" എന്ന പ്രഹസനം ആനിയർസൈനികർ അഭിനയിച്ചു.


### അർശ്ശസ്സോറം

**മൂലക്കുരു ഓപ്പറേഷൻകൂടാതെ സുഖപ്പെടുത്തുന്നു**

രാത്രി ഭക്ഷണത്തിനുശേഷം 10 മുതൽ 25 തുള്ളിവരെ അർശ്ശസ്സോൾ സേവിച്ചതിനുശേഷം 8 ഔൺസ് പശുവിൻപാൽ കല്ക്കണ്ടം ചേർത്തു കുടിച്ചാൽ രണ്ടാഴ്ചകൊണ്ടു മൂലക്കുരു സുഖപ്പെടുന്നതാണ്. 4 ഔൺസ് കുപ്പി ക. 3—0—0. പോസ്റ്റേജ് പുറമെ. വി. പി. ആയി അയക്കപ്പെടും. അഡ്വാൻസ് സഹിതം ഉടൻ അപേക്ഷിക്കുക:—

St. Antony's Vaidyasala, Amaravathy, Fort Cochin
Vaidyar A. George Tirunilath


ശ്രീ പി. എൽ. മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം സെപ്തം: 9-ാംനു- വൈകുന്നേരം കരിയാററി മെത്രാപ്പോലീത്തായുടെ സ്മരണ കൊണ്ടാടുന്നതിനായി ഇവിടെ നടത്തപ്പെട്ടിരിക്കുന്നു. ശ്രീ കെ. എം. ജോസഫ് ബി. എസ്.സി. ബി. എൽ. പ്രസംഗിച്ചു. സെക്രട്ടറി ജെ. ഈപ്പൻ കൊച്ചുപുര അവർകൾ കരിയാററിക്കമ്മിററിപ്രവർത്തനങ്ങളെ അഭിനന്ദിക്കയും കമ്മിററിപ്രവർത്തി വിജയിക്കുന്നതിനു ഏവരും വേണ്ട പ്രോത്സാഹനം നൽകണമെന്നും പരേതൻെറ സ്മരണയെ നിലനിറുത്തുമാറു ഒരു സ്മാരകം ഏർപ്പെടുത്തേണ്ടതാണെന്നും പ്രമേയം അവതരിപ്പിച്ചു പാസാക്കുകയുമുണ്ടായി.

**ഭരണങ്ങാനം:** റവ. ഫാദർ കുര്യാക്കോസ് കൊട്ടാരത്തുംകുഴി (കുര്യാക്കോസ് ഇടമററം) ബി. എ. അവർകൾ ചിക്കാഗോ "ഡിപോൾ" യൂണിവേഴ്സിററിയിൽ ഉപരിപഠനാർത്ഥം സെപ്തംബർ 12-ാംനു- ബോംബെയിൽനിന്നും വിമാനമാർഗ്ഗം അമേരിക്കയിലേക്കു യാത്രപുറപ്പെട്ടിരിക്കുന്നു.

**വടക്കുപുറം:** പതുമല ഓർത്തഡോക്സ്പള്ളി ഇടവകയിലെ അംഗമായിരുന്ന കുറുമ്പേശരത്തു പുത്തൻവീട്ടിൽ ശ്രീ പി. ഒ. വർഗ്ഗീസ് അവർകൾ തൻെറ കുടുംബാംഗങ്ങളായ അഞ്ചുപേരോടുകൂടി ഫാദർ ശമുവേൽ ശങ്കരത്തിലിൻെറ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.

**ബസ്ലഹം:** നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കുവാൻ കത്തോലിക്കാകോൺഗ്രസ് ബെസ്ലഹംശാഖയുടെ ആഭിമുഖ്യത്തിൽ സ്ഥലം പള്ളിവികാരി റവ. ഫാദർ ജോർജ്ജ് നമ്പ്യാപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധമഹായോഗം സ്കൂൾഹാളിൽവച്ചു കൂടി. മെ. ലൂയിസ് വാമററം, വറുഗീസ് മുണ്ടയ്ക്കൽ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി കെ. എൽ. വർക്കി അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന പാസായി.

**ഇരിഞ്ഞാലക്കുട:** നിയോഗിക്കമ്മിററിയുടെ അന്യായവും അനാവശ്യവും അടിസ്ഥാനരഹിതവുമായ ശുപാർശകളിന്മേൽ ഇരിഞ്ഞാലക്കുട കത്തോലിക്കാ പൗരാവലിക്കുള്ള ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുവാൻ ഫൊറോനാപ്പള്ളിയങ്കണത്തിൽവച്ചു ആഗസ്റ്റ് 26-ാംനു- വൈകുന്നേരം ശ്രീ എം. പി. കൊച്ചുദേവസ്സി (മുൻസിപ്പൽ ചെയർമാൻ) യുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയുണ്ടായി. റവ. ഫാദർ ആൻറണി തെക്കിനേയത്തു് സ്വാഗതം പറയുകയും മെസ്സേഴ്സ് ജോർജ്ജ് നെല്ലായി, പി. കെ. കുര്യാക്കോസ് ബി. എസ്സി. ബി. എൽ., വി. എം. മാത്തു എന്നിവർ റിപ്പോർട്ടിലെ അനീതിപരമായ വശങ്ങളെപ്പററി പ്രസംഗിക്കുകയുമുണ്ടായി പ്രതിഷേധപ്രമേയം ഇന്ത്യൻപ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി എന്നിവൎക്കും മദ്ധ്യപ്രദേശ്, തിരുക്കൊച്ചിഗവമ്മെൻറുകൾക്കും അയച്ചുകൊടുക്കുവാൻ തീരുമാനിച്ചു.

**മാറം:** റോമിലെ പ്രൊപ്പഗാന്താ കോളേജിൽ വൈദികപഠനം പൂർത്തിയാക്കി 1955 ഡിസമ്പർ 21-ാംനു- ഗുരുപ്പട്ടം സ്വീകരിച്ച ശേഷം പല പുണ്യസ്ഥലങ്ങളും സന്ദർശിച്ചു് സ്വന്തം ഇടവകയായ മററത്തിൽ സെപ്തംബർ 4-ാംനു- സമാഗതനായ റവ. ഫാദർ ജോസഫ് കാക്കശ്ശേരി അവർകൾക്കു ഹൃദ്യമായ ഒരു സ്വീകരണമാണു നൽകപ്പെട്ടതു്. ആഘോഷമായ പാട്ടുപൂജയ്ക്കുശേഷം "ലാക് ആലാക്" എന്ന സ്തോത്രഗീതം നടന്നു. തൃശ്ശൂർ മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമേനിയും തദവസരത്തിൽ സന്നിഹിതനായിരുന്നു. പൗരോഹിത്യത്തെപ്പററി റവ. ഫാദർ സക്കറിയാസ് വാഴപ്പിള്ളി അവസരോചിതമായ ഒരു പ്രസംഗംചെയ്തു.

ഉച്ചകഴിഞ്ഞു് ഹൈസ്കൂൾഹാളിൽവച്ചു ചേൻ്ന അനുമോദനയോഗത്തിൽ റൈററു് റവ. മോൺ. സെബാസ്ത്യൻ ചിറയത്തു് ആദ്ധ്യക്ഷംവഹിച്ചു. മംഗളപത്രവും ആത്മീയപുഷ്പമഞ്ജരികളും തദവസരത്തിൽ നവവൈദികനു സമർപ്പിക്കപ്പെട്ടു. റവ. പ്രൊഫസർ വടാശ്ശേരി അവർകളായിരുന്നു പ്രാസംഗികൻ. നവവൈദികൻ സമുചിതമായി മറുപടിപറഞ്ഞു.

**പാലാ:** പാലാരൂപതയിലെ ലീജിയൻ പ്രസീദിയങ്ങളിലേയും ക്കൂറിയാകളിലേയും ഉദ്യോഗസ്ഥാംഗങ്ങളുടെ കോൺഫറൻസ് സ്ഥലം കത്തീദ്രൽ പാരിഷ്ഹാളിൽവച്ചു ആഗസ്റ്റ് 22-ാംനു- നടന്നു. പ്രാരംഭസമ്മേളനത്തിൽ കമ്മീസിയം ഡയറക്ടർ റവ. ഫാദർ ജയിക്കബ് മാളിയേക്കൽ ആദ്ധ്യക്ഷംവഹിച്ചു. അതിരമ്പുഴ - കുറിയാ പ്രസിഡണ്ട് ബ്ര. എൻ. ടി. സെബാസ്റ്റ്യൻ "ലീജിയൻ പ്രവർത്തന പരിപാടികളെ" വിശദീകരിച്ച് ഒരു ക്ലാസ് എടുത്തു. 11-15 നു പാലാ രൂപതാദ്ധ്യക്ഷൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ രണ്ടാമതു സമ്മേളനം ആരംഭിച്ചു. രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള 120 ഓളം ശാഖകളിൽനിന്നു മായി 400-ൽ അധികം ഉദ്യോഗവാഹികൾ സന്നിഹിതരായിരുന്നു. ലീജിയൻെറ സ്വഭാവത്തേയും അതു ചെയ്യുന്ന മഹത്തായ സേവനങ്ങളേയും തിരുമേനി അദ്ധ്യക്ഷപ്രസംഗത്തിൽ സമ്യക്കായി വിവരിച്ചു തുടന്നു കമ്മീസിയം പ്രസിഡണ്ട് ബ്ര. സി. കെ. തോമ്മസ് അവർകളുടെ പ്രസംഗവും സംശയനിവാരണാർത്ഥമുള്ള ചോദ്യോത്തരങ്ങളും നടന്നു. മൂന്നാമതുസമ്മേളനത്തിൽ കമ്മീസിയം സിക്രട്ടറി ബ്ര. എം. ഒ. ജോസഫ് ഉദ്യോഗസ്ഥാംഗങ്ങളുടെ ചുമതലകളെ വിശദീകരിച്ചുകൊണ്ടു് ഒരു ക്ലാസെടുത്തു. യോഗസാധാരണമായ ഇതരചടങ്ങുകളോടുകൂടി കോൺഫറൻസ് മൂന്നരമണിക്കു പര്യവസാനിച്ചു.

**ചെന്നറ:** അട്ടച്ചാക്കൽ ഓർത്തഡോക്സ്പള്ളിയിൽപ്പെട്ട വെട്ടത്തേത്തു് ശ്രീ വി. ജി. ജോർജ്ജും കുടുംബാംഗങ്ങളായ നാലുപേരും, കിഴക്കുപുറത്തു ശ്രീ ടി. ജി. ജോണും കുടുംബാംഗങ്ങളായ നാലംഗങ്ങളും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി.

വെരി റവ. ഫാദർ തോമസ് വടശ്ശേരി എൽ. ഡി. അവർകളുടെ നേതൃത്വത്തിൽ ധ്യാനപ്രസംഗം, സ്ലീബാപാത, കൊന്തനമസ്കാരം, അനുദിനദിവ്യകാരുണ്യസ്വീകരണം, നേർച്ചവിതരണം ആദിയായ ചടങ്ങുകളോടുകൂടി വടക്കുപുറം പള്ളിയിലെ എട്ടുനോമ്പുതിരുനാൾ സമംഗളം പര്യവസാനിച്ചിരിക്കുന്നു.

**കുറവിലങ്ങാട്:** നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കുവാൻ സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ പള്ളിയങ്കണത്തിൽവച്ച് റവ. ഫാദർ ജോസഫ് സ്രാമ്പിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം നടന്നു. ശ്രീ എം. എം. ജോൺ, ശ്രീ പി. ഡി. ദേവസ്യാ, ശ്രീ പി. വി. ദേവസ്യാ എന്നിവർ പ്രസംഗിച്ചു. ശ്രീ വി. യു. അബ്രാഹം അവതരിപ്പിച്ച പ്രതിഷേധപ്രമേയം യോഗം ഏകകണ്ഠമായി അംഗീകരിച്ചു.

**തോട്ടുവാ:** നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി സ്ഥലം സൺഡേസ്കൂളിൻേറയും മിഷൻലീഗിൻേറയും ആഭിമുഖ്യത്തിൽ ശ്രീ എൻ. വി. മാത്യു തമ്പുശ്ശേരിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ ടി. ജെ. ചാക്കൊ പ്രസംഗിച്ചു. ശ്രീ ജയിക്കബ് സെബാസ്റ്റ്യൻ കല്ലുവേലിൽ പ്രതിഷേധപ്രമേയം അവതരിപ്പിച്ചു. സഭ ഐകകണ്ഠ്യേന അതു പാസ്സാക്കി.

**വേങ്ങത്താനം:** സ്ഥലം ക്രിസ്തുരാജദേവാലയത്തിലെ മിഷൻലീഗിൻെറ നേതൃത്വത്തിൽ നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുവാൻ ശ്രീ ഐ. ഡി. ചാക്കോ ബി. എ.എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ പള്ളിയങ്കണത്തിൽവച്ചു ഒരു പൊതുയോഗം നടന്നു. ശ്രീ എ. ജെ. ജോർജ്ജ് പ്രസംഗിച്ചു. ശ്രീ പി. വി. കുര്യൻ പ്രതിഷേധപ്രമേയം അവതരിപ്പിച്ചു. യോഗം ഐകകണ്ഠ്യേന അതു പാസ്സാക്കി.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 SEPTEMBER 19 || No. 6.



## 'സഹവർത്തിത്വ'ഉറപ്പുചീട്ടു് റഷ്യ വത്തിക്കാനെതിരെ ഉയർത്തുന്നു!

"സഹവർത്തിത്വ" തത്വത്തിന്റെപേരിൽ മാർഷൽ ബുൾഗാനിൻ തയാറാക്കിയിട്ടുള്ള "നിരായുധീകരണാഭ്യർത്ഥന" റോമിലെ റഷ്യൻ "ചാർജ്ജ് ഡി അഫേഴ്സ്" മി. ഡ്മിട്രി പൊഗിഡേവ് വഴി പേപ്പൽനൺഷിയോയായ ആർച്ചുബിഷപ്പ് ജി. ഫിയെറോയ്ക്കു നൽകിയിട്ടുള്ളതായും, തന്മൂലം കമ്മ്യൂണിസ്റ്റ് റഷ്യ ഇദംപ്രഥമമായി പരിശുദ്ധ സിംഹാസനവുമായി ഒരു "ഔദ്യോഗികസമ്പർക്ക"ത്തിനു സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നതായും മോസ്കോയിൽനിന്നുള്ള റേഡിയോ പ്രഖ്യാപിച്ചിരിക്കുന്നു. 1917-ൽ കമ്മ്യൂണിസം റഷ്യയെ വെട്ടിവിഴുങ്ങിയതിൽപ്പിന്നെ വത്തിക്കാനും റഷ്യയുമായി യാതൊരു ഔദ്യോഗികസമ്പർക്കവും ഉണ്ടായിട്ടില്ല എന്നുള്ളതു വാസ്തവമാണ്. എന്നാൽ റഷ്യയുമായി അപ്രകാരമുള്ള ഏതെങ്കിലും സമ്പർക്കം ഉണ്ടാകാതിരുന്നിട്ടുള്ളതിനു കാരണം റഷ്യതന്നെയാണ്. റഷ്യയിൽ മതസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നിടത്തോളംകാലം ആ നയം തുടരാതെയും നിവൃത്തിയില്ല. ഒരു വത്തിക്കാൻ ഔദ്യോഗികവക്താവു അതേപ്പററി പറഞ്ഞതിപ്രകാരമാണ്: "റഷ്യ അതിന്റെ അതിർത്തികൾക്കുള്ളിൽ മതസ്വാതന്ത്ര്യം അനുവദിക്കുന്നതായി വ്യക്തമായ തെളിവുകൾ നൽകുന്നതുവരെയും പരിശുദ്ധ സിംഹാസനത്തിനു റഷ്യയുമായി ഏതെങ്കിലും നയതന്ത്രപരമായ ബന്ധത്തെപ്പററി പര്യാലോചിക്കുവാൻ സാദ്ധ്യതയില്ല. പ്രാരംഭമായി പൂർത്തീകരിക്കപ്പെടേണ്ട പല വ്യവസ്ഥകളിൽ ഏററവും പ്രധാനമായ ഒന്നാണിതു്." അതുകൊണ്ടു് റഷ്യയുടെ ഈ പ്രചരണം പൊതുജനങ്ങളെ—പ്രത്യേകിച്ചു് ചഞ്ചലചിത്തരായ കത്തോലിക്കരെ — വഴിതെററിക്കുന്നതിനുള്ള ഒരു പുതിയ അടവെന്നതിൽ കവിഞ്ഞു് എന്തെങ്കിലും പ്രാധാന്യമോ ആത്മാർത്ഥതയോ അതിനു കല്പിക്കേണ്ടതില്ലതന്നെ.

ഈ വാർത്തയെ പരാമർശിച്ചു് മി. ഡഗ്ലസ് ഹൈഡ് പ്രസ്താവിച്ചിട്ടുള്ളതു് പ്രത്യേകം ശ്രദ്ധാർഹമാണ്: "സഹവർത്തിത്വ"ാശയത്തിനു ഏററവും വിപുലമായ പ്രചാരണം നൽകണമെന്നുള്ള മി. ക്രൂഷ്ചേവിന്റെ നയത്തിൽനിന്നും സ്വാഭാവികമായി രൂപംപ്രാപിച്ചിട്ടുള്ളതാണ് ഏററവും അധുനാതനമായ ഈ പ്രസ്ഥാനം. കമ്മ്യൂണിസ്റ്റുപാർട്ടി എല്ലാ സ്ഥലങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്ന തൽസംബന്ധമായ പ്രചാരണങ്ങളുടെ ഉദ്ദേശ്യം കത്തോലിക്കാ സംഘടനകളേയും വ്യക്തികളേയും കമ്മ്യൂണിസ്റ്റുകൾ സജ്ജീകരിച്ചിട്ടുള്ള "സമാധാന" പ്രസ്ഥാനങ്ങൾക്കു പിന്തുണനൽകുവാൻ പ്രേരിപ്പിക്കുന്നതിനത്രെ. സംശയാലുക്കളായവരോടു് അവർ പറയും, "വത്തിക്കാൻ ഇപ്പോൾ കമ്മ്യൂണിസ്റ്റ് നയതന്ത്രപ്രതിനിധികളെ സ്വീകരിക്കുകയും ഞങ്ങളുമായി സമ്പർക്കം പുലർത്തുകയും ചെയ്യുന്നുണ്ടല്ലോ. അത്രയുമെങ്കിലും നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ വത്തിക്കാനെക്കാൾ ഉപരി പ്രതിലോമകാരികളായിരിക്കുകയില്ലേ?" എന്നു്. കമ്മ്യൂണിസ്റ്റുകളുമായി പല കാര്യങ്ങളിലും അങ്ങേയററം സഹയാത്രചെയ്യുന്ന ചഞ്ചലമസ്കരായ കത്തോലിക്കരുടെ ഒരു വലിയ വിഭാഗം ഇററലിയിലുണ്ടു്. കമ്മ്യൂണിസ്റ്റുകളും കത്തോലിക്കരും തമ്മിൽ ഔദ്യോഗികമായ പല തീരുമാനങ്ങളിലും എത്തിച്ചേരത്തക്കവണ്ണം കമ്മ്യൂണിസ്റ്റുകാർ അവരുടെ നയങ്ങളിൽ ഇപ്പോൾ കാതലായ വ്യത്യാസങ്ങൾ വരുത്തിക്കഴിഞ്ഞിരിക്കുന്നു എന്ന വരെ ബോദ്ധ്യപ്പെടുത്തുന്നതിനു ഈ കുയുക്തിയെ അവർ ആലംബമാക്കും. ഇററലിയിലെ ഇടതുപക്ഷമനോഭാവമുള്ള ചില ക്രിസ്ത്യൻ ഡെമോക്രാററുകൾക്കും മററും ഇതുതന്നെയാണു പഥ്യമായി തോന്നുന്നതെന്നു സമ്മതിക്കാതെ തരമില്ല. കത്തോലിക്കരും കമ്മ്യൂണിസ്റ്റുകളും തമ്മിൽ ഒരു രാഷ്ട്രീയഐക്യബന്ധം ആവശ്യമാണെന്നുള്ള ആശയത്തെ ഇററാലിയൻ കത്തോലിക്കാതൊഴിലാളിവ്യൂഹങ്ങളുടെ ഇടയിൽ സംജാതമാക്കുന്നതിനു അഹോരാത്രം അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഇററാല്യൻകമ്മ്യൂണിസ്റ്റ് നേതാവായ ടോഗ്ലിയാററിയിൽനിന്നായിരിക്കണം ഈ അഭിപ്രായം ആദ്യമായി പുറപ്പെട്ടതെന്നും ന്യായമായി അനുമാനിക്കാവുന്നതാണ്. ഇരുമ്പുയവനികയ്ക്കു പുറകിലും ഈ പ്രസ്ഥാനത്തിനു പ്രചരണപ്രാധാന്യമുണ്ടാകാതിരിക്കുകയില്ല. അതേപ്പററി കമ്മ്യൂണിസ്റ്റുകാർ നൽകുന്ന അറിവുകൾ മാത്രമല്ലേ അവർക്കു ലഭിക്കുവാൻ സാദ്ധ്യമാകൂ. കത്തോലിക്കാവീക്ഷണത്തിൽ ഇപ്പോൾ കമ്മ്യൂണിസം ബഹുമാന്യമായ ഒരു സ്ഥാനത്തേക്കുയർത്തപ്പെട്ടിരിക്കുന്നു എന്നായിരിക്കും അവർക്കു നൽകപ്പെടുന്ന വ്യാഖ്യാനം.

ഇപ്രകാരം പലേവിധത്തിൽ പൊതുജനങ്ങളുടെ ഇടയിൽ ചിന്താക്കുഴപ്പവും തെററിദ്ധാരണകളും സൃഷ്ടിക്കുന്നതിനുള്ള ഒരു പുതിയ അടവാണ് സോവ്യററുറഷ്യ ഈ സമ്പർക്കപ്രസ്ഥാനത്തിൽ പ്രയോഗിക്കുന്നതെന്നുള്ള വസ്തുത എല്ലാവരും അറിഞ്ഞിരിക്കേണ്ടതത്രെ. ഈയിടെ പശ്ചിമജർമ്മനിയിലെ കൊളോൺ എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ട 77-ാമത്തെ ജർമ്മൻ കാത്തലിക്ക് കോൺഗ്രസ്സിൽ സംബന്ധിച്ച 8 ലക്ഷത്തിൽപ്പരം വരുന്ന ജനവ്യൂഹത്തെ അഭിസംബോധനംചെയ്തുകൊണ്ടു് പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാതിരുമേനി കാസ്റ്റൽഗണ്ടോൾഫോയിൽനിന്നും നിർവ്വഹിച്ച പ്രക്ഷേപണപ്രസംഗത്തിൽ ഈ പ്രശ്നത്തെ വ്യക്തമായി പ്രതിപാദിക്കുകയുണ്ടായി. "തിരുസഭയുടെ ബദ്ധശത്രുവായ നിരീശ്വരകമ്മ്യൂണിസംമൂലം വന്നുഭവിക്കാവുന്ന അപകടങ്ങളെപ്പററി ശ്രദ്ധാലുക്കളായിരിക്കുവാൻ മതസ്വാതന്ത്ര്യമുള്ള രാജ്യങ്ങളിൽ നിവസിക്കുന്ന വിശ്വാസികളെ തിരുസഭ ആഹ്വാനംചെയ്യുന്നു. അയഥാർത്ഥമായ സഹവർത്തിത്വാദർശമരീചികയും സാർവ്വത്രികത്വാശയത്തിലുള്ള കത്തോലിക്കാവിശ്വാസവും തമ്മിൽ ഒരൊത്തുതീർപ്പോ സങ്കലനമോ സാദ്ധ്യമാണെന്നുള്ള മിഥ്യാബോധത്താൽ വഴിതെററിക്കപ്പെടാതിരിക്കുവാൻ ഒരിക്കൽക്കൂടി വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുകയാണ്. സത്യത്തിൽ മാത്രമാണ് സഹവർത്തിത്വം സാദ്ധ്യമാവുക. ഇതേപ്പററി മുമ്പു പല അവസരങ്ങളിലും നാം പ്രബോധിപ്പിച്ചിട്ടുണ്ടു്. ഇപ്പോൾ ഇതുകൂടി നാം അനുബന്ധിക്കുന്നു: കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനു അതാരേയും നിർബന്ധിക്കുന്നില്ല. എന്നാൽ ഓരോ രാജ്യത്തും അതതിന്റെ ഭരണഘടനയോടും നിയമങ്ങളോടും യോജിച്ചു സ്വതന്ത്രമായി ജീവിക്കുന്നതിനും, കത്തോലിക്കാവിശ്വാസികളുടെ സംരക്ഷണത്തിൽ വ്യാപരിക്കുന്നതിനും, ക്രിസ്തുവിന്റെ ദൗത്യം സ്വതന്ത്രമായി പ്രസംഗിക്കുന്നതിനും വേണ്ട സ്വാതന്ത്ര്യം സഭയ്ക്കുണ്ടായിരിക്കണമെന്നു അവകാശപ്പെടുന്നു. ഏതെങ്കിലും ആത്മാർത്ഥമായ സഹവർത്തിത്വത്തിനു അവശ്യംവേണ്ട അടിസ്ഥാനപരമായ വ്യവസ്ഥയാണിതു്." പരിശുദ്ധ പിതാവിന്റെ ഈ വാക്കുകളിൽനിന്നു കമ്മ്യൂണിസ്റ്റുകളുടെ പ്രചരണതന്ത്രത്തിന്റെ നീരർത്ഥകത വിശദമാവുന്നുണ്ടല്ലോ. കത്തോലിക്കാസഭയെ തെററിദ്ധരിപ്പിക്കുന്നതിനും ചഞ്ചലമനസ്കരായ കത്തോലിക്കരെ വഴിപിഴപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റുകൾ ഉയർത്തിപ്പിടിക്കുന്ന ഒരു വഞ്ചനയുടെ ഉറപ്പുചീട്ടുമാത്രമാണ് ഈ "സഹവർത്തിത്വ"ശബ്ദഘോഷവും "നിരായുധീകരണാഭ്യർത്ഥനാ"പ്രഹസനവുമെല്ലാം. പൊതുജനങ്ങൾ അവരുടെ വഞ്ചനയിൽ കുടുങ്ങാതിരിക്കുവാൻ ശ്രദ്ധാലുക്കളാകുവിൻ.

## തിരുനാൾ മംഗളങ്ങൾ



മാലിന്യം തെല്ലുമേശാതിതര ഗുരുവര-
ർക്കെന്നുമാരാദ്ധ്യനായി-
ച്ചേലിൽശ്ശോഭിച്ചുയന്നീടുവതിനതുലമാം
വിഷ്ണപാനുഗ്രഹത്താൽ
പാലിച്ചീടട്ടെ സർവ്വേശ്വരനുടെ സുതനീ
ചങ്ങനാശ്ശേരി മെത്രാ-
പ്പോലീത്താ കാവുകാട്ടിൽ കുലഗുണനിധിയാം മാർ
മാത്യുവാമീ മഹാനെ.



റോമാ മാർപ്പാപ്പ തോഷിച്ചരുളിയ വിധിപോൽ
കോതമംഗൽ നഭസ്സിൽ
ധീമാനാചാര്യതാരം തെളിവിനൊടുയരു-
ന്നുണ്ടു, നേത്രാഭിരാമം!
സീമാവററുള്ള പോലി നവഗുരുമണി മാർ
പോത്തനാമൂഴി മാത്യൂ-
നാമാവാകും ബിഷപ്പിന്നരുളിടുമനിശം
ഭാവുകം ദൈവപുത്രൻ.

(J. P. Pulickodan)

### പ്രസാധകക്കുറിപ്പുകൾ

## ഇന്ത്യൻ സോഷ്യലിസത്തിന്റെ ഗതി

ഇന്ത്യയുടെ സോഷ്യലിസ്റ്റുകക്കാരേറെ അതിന്റെ പ്രവർത്തനത്തിൽ തനി സോഷ്യലിസ്സമോ പ്രകാരാന്തരേണ കമ്മ്യൂണിസമോ ആയി രൂപം പ്രാപിക്കാവുന്ന അപകടങ്ങൾ നിറഞ്ഞതാണെന്നു ഒന്നിലധികം പ്രാവശ്യം ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണല്ലോ. നിയന്ത്രിതമായ സോഷ്യലിസ്റ്റ് പദ്ധതികൾ അവശ്യം ആവശ്യമായ സന്ദർഭങ്ങളിൽ ഗവമ്മേണ്ടുകൾ നടപ്പിലാക്കുന്നതിലല്ല പ്രതിഷേധം. പ്രത്യുത, സാധാരണ ഗതിയിൽ പ്രൈവററു സെക്ടറിനു നിർവ്വഹിക്കാവുന്ന കാര്യങ്ങളിൽ സ്റ്റേററിന്റെ കൈകടത്തലും അവകാശസ്വാതന്ത്ര്യങ്ങളുടെ കൈയടക്കലും ശരിയായ ജനാധിപത്യാദർശത്തിനു കടകവിരുദ്ധവും കമ്മ്യൂണിസ്റ്റാദർശത്തിന്നനുയോജ്യമായ രാഷ്ട്രീയസ്വേച്ഛാധിപത്യത്തിലേക്കുള്ള നീക്കവുമായിരിക്കും എന്നതാണ് വിവക്ഷ. മി. എം. ആർ. മസാനി ഈയിടെ ഇന്ത്യയുടെ ചില പരിപാടികളെ പരാമർശിച്ചെഴുതിയ ഒരു ലേഖനത്തിൽ വിവാദവിഷയത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- റഷ്യയിലേയും ചൈനയിലേയും പോലെതന്നെ ഇന്ത്യയിലും സ്റ്റേററുമുതലാളിത്തം വളന്നു വരികയാണ്, വ്യവസായങ്ങൾ ദേശവത്കരിക്കുക, കൃഷി പരസ്പരാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു ഗവമ്മേണ്ടു നിയന്ത്രണത്തിൽ വരുത്തുക മുതലായ പദ്ധതികൾവഴി. സ്വകാര്യവ്യവസായവും കർഷകരുടെ ഭൂവുടമസ്ഥതയും ഇന്ത്യയിൽ നിഷേധിക്കുകയാണെങ്കിൽ ഈ രാജ്യവും റഷ്യയെപ്പോലെ സ്റ്റേററു മുതലാളിത്തത്തിൻ കീഴായിത്തീരും. തുടന്നു ജനാധിപത്യ അധികാരം നിഷേധിക്കപ്പെട്ടു്, ദുഷിച്ച അധികാരം—അനിയന്ത്രിതമായ അധികാരം—അടിച്ചേല്പിക്കപ്പെട്ടു് നാമും ജനകീയ അടിമത്വം തുടരേണ്ടതായി വരും. ഇന്ത്യ അത്തരത്തിലുള്ള സാഹചര്യങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇടക്കാലത്തുവച്ചു സ്റ്റേററു് മുതലാളിത്തത്തിന്റെ മാർഗ്ഗത്തിലേക്കു നാം തിരിഞ്ഞിരിക്കുന്നു. ഇതിന്റെ മുന്നോടികളാണ് അടുത്തകാലങ്ങളിൽ ഉണ്ടായിട്ടുള്ള ഇൻഷ്യറൻസ് ദേശസാൽക്കരണം, ഇരുമ്പു-മാംഗനീസ് നിയന്ത്രണം, സിമെൻറു വിതരണനിബന്ധനകൾ മുതലായ സംഭവവികാസങ്ങൾ. അപ്രതീക്ഷിതമേഖലകളിൽ സ്റ്റേററു് മെല്ലെ മെല്ലെ കൈവച്ചു തുടങ്ങിയിരിക്കുകയാണ്. പല രംഗങ്ങളിലും സ്റ്റേററ് കുത്തക സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇതെവിടെ ചെന്നവസാനിക്കുമെന്നു പലരും ചിന്തിച്ചു തുടങ്ങിയിട്ടുണ്ടു്. മി. മസാനിയുടെ ഈ നിഗമനം യഥാർത്ഥമാണെങ്കിൽ നമ്മുടെ രാജ്യത്തിന്റെ ഗതി വിപൽക്കരമായ വഴിക്കാണെന്നു നാം മുൻകൂട്ടി കാണേണ്ടതാണ്.

### റഷ്യൻ മാതൃകയിലേക്കുള്ള ചായ്വ്

ഇന്ത്യ കേവലം നിഷ്പക്ഷമായ ഒരു നയമാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ളതു്. മാത്രമല്ല സഹവർത്തിത്വാദർശത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ലോകശക്തികളെ തമ്മിൽ അടുപ്പിക്കുന്നതിനും സമാധാനപരമായ കൂടിയാലോചനകളിലേക്കു ആനയിക്കുന്നതിനും ഇന്ത്യക്കു സാധിച്ചിട്ടുണ്ടു്. ഇന്നും ഗുരുതരമായ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്രീയ പ്രശ്നങ്ങളിൽ ഇന്ത്യയാണ് പരസ്പരധാരണയ്ക്കും ലോകസമാധാനസംസ്ഥാപനത്തിനുംവേണ്ടി ഭഗീരഥപ്രയത്നങ്ങൾ നിർവ്വഹിച്ചുപോരുന്നതെന്നുള്ളതും വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. അന്താരാഷ്ട്രീയമണ്ഡലത്തിൽ ഇന്ത്യയുടെ നയാദർശങ്ങൾ ഏവംവിധം അഭിമാനാവഹങ്ങളാണെന്നതിൽ നമുക്കു നിസ്സീമമായ ചാരിതാർത്ഥ്യത്തിനവകാശമുണ്ടു്. അതേസമയത്തു് ഇന്ത്യയിലെ ആഭ്യന്തരമായ നയപരിപാടികളിലും സംവിധാനങ്ങളിലും റഷ്യയുടെ വഴിപിഴച്ച കമ്മ്യൂണിസ്റ്റ് പദ്ധതികളിലേക്കു ക്രമാതീതമായ ചായ്വ് കാണുന്നതു അപൽക്കരമായിരിക്കുന്നു. മേലുദ്ധരിച്ച മി. മസാനിയുടെ ലേഖനത്തിൽ അദ്ദേഹം ഈ വസ്തുതയെ വിവിധരംഗങ്ങളിലുള്ള പ്രവർത്തനസമ്പ്രദായങ്ങളെ ഉദാഹരിച്ചു വിശദമാക്കുന്നുണ്ടു്. കൃഷിവിഭാഗത്തെ സംബന്ധിച്ചു അദ്ദേഹം ഇങ്ങനെ പറയുന്നു:- ഇന്ത്യാഗവമ്മേണ്ടു പുതിയൊരു പ്രതിനിധിസംഘത്തെ ചൈനയിലേക്കയച്ചിരിക്കുകയാണ്, കോ-ഓപ്പറേററീവ് സമ്പ്രദായമെന്നു വിളിക്കപ്പെടുന്ന അവരുടെ കൃഷിരീതി പഠിക്കാൻ. പുതിയ പേരിലറിയപ്പെടുന്ന ഈ കൃഷിരീതി, ഭൂമി പൊതു ഉടമയിലാക്കുന്ന

സ്റ്റാലിന്റെ പഴയ രീതിയല്ലാതെ മറ്റൊന്നുമല്ല. റഷ്യയിൽ ലക്ഷക്കണക്കിനു കർഷകരുടെ വധത്തിലാണു് അതു പര്യവസാനിച്ചതു്. ചൈനയിലും അതുതന്നെയാണു് നടന്നതു്. സോഷ്യലിസ്റ്റു് പാറ്റേണിലുള്ള സമ്പ്രദായമെന്ന പേരിൽ രാജ്യത്തെ ഒരു ടോട്ടലിറേററിയൻ മാർഗ്ഗത്തിലൂടെ ടോട്ടലിറേററിയൻ ലക്ഷ്യത്തിലേക്കല്ലേ നയിക്കുന്നതു് എന്നതാണു് ചോദ്യം. ഇന്ത്യ കമ്മ്യൂണിസ്റ്റോ ഫാസിസ്റ്റോ ആയിക്കാണാൻ നാമാരും ആഗ്രഹിക്കുന്നില്ല. പക്ഷെ, നാമിന്നു പിൻതുടരുന്ന മാർഗ്ഗം അനിവാര്യമായി ആ ലക്ഷ്യത്തിലേക്കാണു നമ്മെ നയിക്കുന്നതെന്നു തോന്നുന്നു. അതുകൊണ്ടു ഇന്ത്യയുടെ വികസനത്തിൽ നാം സ്വീകരിക്കുന്ന പദ്ധതികളെ സംബന്ധിച്ചു വളരെ ശ്രദ്ധപതിയേണ്ട ഒരു പരിവർത്തനഘട്ടത്തിലാണു നാമെത്തിച്ചേർന്നിരിക്കുന്നതെന്നു മനസ്സിലാക്കി അതിൽ പ്രതിഫലിക്കുന്ന റഷ്യൻ ചായ്‌വുകളെ കരുതലോടെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ പ്രലോഭനങ്ങൾ നമ്മുടെ കണ്ണഞ്ചിക്കുന്നതിനിടയായാൽ റഷ്യയിൽ നടമാടിയ നരവേട്ട ഇവിടെയും ആവർത്തിക്കപ്പെടാതെയും, റഷ്യ ഇന്നും തുടർന്നുകൊണ്ടുപോരുന്ന സ്വേച്ഛാധിപത്യദുഷ്പ്രഭുത്വം ഇവിടെയും പ്രതിഷ്ഠിക്കപ്പെടാതെയും ഗത്യന്തരമില്ല. ഈ ഭാവിയെ സന്യായം ഉദ്ദേശം ചെയ്യുന്നതുകൊണ്ടാണു് തക്കസമയത്തു ഉൽബുദ്ധരാകുവാനും പൗരപരമായ കർത്തവ്യങ്ങൾ നിർവ്വഹിച്ചു ഭാരതത്തിന്റെ ശ്രേയസ്സിനെ സുരക്ഷിതമാക്കുവാനും പൊതുജനങ്ങളെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നതു്.

—o—

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ
20 വ്യാ: വി. അഗാപ്പിററസ്
21 വെ: വി. മത്തായി
22 ശ: വി. മൗരീത്തിയോസും കൂട്ടരും
23 ഞാ: പന്തക്കു. 18-ാം ഞായർ
24 തി: മനോഗുണമാതാവു്
25 ചൊ: വി. എസ്കൂപ്പാനോസ്
26 ബു: വി. കുപ്രിയാനോസും കൂട്ടരും

# പുസ്തകാഭിപ്രായം

## കത്തോലിക്കാസഭയിൽ ഞാൻ ചേർന്നതെന്തുകൊണ്ടു്?

(ഗ്രന്ഥകർത്താ: വെരി റവ. വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ, ബി. എ., പ്രസാധകർ എസ്. എച്ച്. ലീഗ്, ആലുവാ നോർത്തു് P. O. വില 9 ണ.)

ഈയിടെ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട പ്രസിദ്ധനായ വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ അവർകൾ അദ്ദേഹത്തിന്റെ പുനരൈക്യകാരണങ്ങളെ വിശദീകരിച്ചു എഴുതിയിട്ടുള്ളതാണു് ഞങ്ങളുടെ നിരൂപണവിഷയമായ ഈ ഗ്രന്ഥം. 142 പേജുകളുള്ള ഈ പുസ്തകം അഞ്ചദ്ധ്യായങ്ങളിലായി അദ്ദേഹത്തിന്റെ ആത്മഗതങ്ങൾക്കും ആത്യന്തികമായ സഭാപരിവർത്തനത്തിനും രൂപംകൊടുത്ത തത്വചിന്തയേയും ചരിത്രവസ്തുതകളേയും സുഹൃത്തുക്കളുടെ മുമ്പിൽ സമഞ്ജസമായി നിരത്തിവയ്ക്കുകയാണു്. ക്രിസ്തു മാനവരക്ഷയ്ക്കായി സ്ഥാപിച്ച സത്യൈകസഭ; ക്രിസ്തുസഭയുടെ ഭരണത്തിനു അവിടുന്നു ഏർപ്പെടുത്തിയ പരമാധിപത്യവ്യവസ്ഥ; അതിൽ വിശുദ്ധ പത്രോസിനു നൽകപ്പെട്ട പരമാധികാരം; പത്രോസിന്റെയും പിൻഗാമികളായ മാർപ്പാപ്പാമാരുടേയും പരമാധിപത്യത്തെ സംബന്ധിച്ച ചരിത്രപരമായ വീക്ഷണം എന്നിങ്ങനെ ക്രൈസ്തവർക്കു പൊതുവേയും കേരളത്തിലെ യാക്കോബായക്കാരാദിയായ പൗരസ്ത്യസഭാവിഭാഗക്കാർക്കു പ്രത്യേകിച്ചും അതിമാത്രം ശ്രദ്ധാർഹങ്ങളായ വിവിധപ്രശ്നങ്ങളുടെ യുക്തിയുക്തമായ പരാമർശനമാണു് അദ്ദേഹം ഈ ചെറുഗ്രന്ഥത്തിൽ നിർവ്വഹിച്ചിട്ടുള്ളതു്. മുൻവിധിയോ വ്യക്തിവിദ്വേഷചിന്തകളോ കൂടാതെ ഈ പുസ്തകത്തെ നിർമ്മത്സരബുദ്ധ്യാ പരിശോധിക്കുന്നതിനും, സത്യാന്വേഷണത്തിൽ ഗ്രന്ഥകാരനു പ്രചോദനം നൽകിയ പ്രകാശമാർഗ്ഗത്തെ അനുഗമിക്കുന്നതിനും അദ്ദേഹം സഹോദരബുദ്ധ്യാ ഏവരേയും ആഹ്വാനം ചെയ്യുകയാണു്. യാക്കോബായസഭയിൽ 60 കൊല്ലക്കാലം ജീവിച്ചു അദ്ദേഹം സുവിശേഷത്തിൽ ആത്മാർത്ഥമായി നിർവ്വഹിച്ചുപോന്ന പ്രേഷിതവൃത്തി സത്യൈകകത്തോലിക്കാസഭയിൽ ഫലപ്രദമായി തുടരുവാനാണു് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നറിയുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്.

"ഞാൻ സത്യസഭയിലേക്കു ദൈവത്തിന്റെ ശക്തിയേറിയ പ്രവർത്തനംകൊണ്ടുമാത്രം വന്നുചേർന്നതാണു്. എന്റെ സ്വഭാവത്തിനു അത്രവിരുദ്ധമായ 'ഒന്നാണു്' ഞാൻ തെരഞ്ഞെടുക്കേണ്ടിവന്നതു്. നിത്യരക്ഷയ്ക്കു എത്ര വലിയ ത്യാഗവും അധികമാവുകയില്ലല്ലോ. യാക്കോബായസഭയിലെ എന്റെ ആത്മമിത്രങ്ങളേ, നിങ്ങൾക്കു ഞാൻ ഇതാ ഒരു മാതൃകയായി ഇക്കാര്യത്തിൽ പ്രവർത്തിച്ചിരിക്കുന്നു. ഈ ചെറുപുസ്തകം സത്യത്തെ അന്വേഷിപ്പാൻ, നിങ്ങൾക്കു ഒരു പ്രാരംഭമാകട്ടെ." ഗ്രന്ഥകാരന്റെ ഈ മനോഭാവം അനുവാചകർക്കു ആശങ്കകളിൽ മാർഗ്ഗദർശനവും സത്യത്തെ ആശ്ലേഷിക്കുന്നതിനു ഉചിതതയും പ്രദാനം ചെയ്യട്ടെ എന്നഭിലഷിക്കുകയും ഗ്രന്ഥകാരനു ഹൃദയപൂർവ്വകമായ അനുമോദനവും ഗ്രന്ഥത്തിനു പ്രചുരപ്രചാരവും നേരുകയും ചെയ്തുകൊള്ളുന്നു.

(J. P. V.)

## Thanksgiving



for favours received
Excuse delay
Mrs. Varkey Parakel

(10-ാംപേജ് തുടർച്ച)

കളിൽനിന്നു ലഭിച്ചിട്ടുണ്ടു്.

രോഗശമനമുണ്ടായതിന്റെ എട്ടാം ദിവസം, റഡറിന്റെ സ്വദേശികൾ പേരെഴുതി ഒപ്പിട്ടു ലോകത്തിനു സമർപ്പിച്ചിരിക്കുന്ന ഒരു പ്രമാണത്തിൽ ഇങ്ങനെ പറയുന്നു: "താഴെ പേരെഴുതി ഒപ്പിടുന്ന ജബെക്കു് ഇടവകയിലെ നിവാസികളായ ഞങ്ങൾ പ്രഖ്യാപനം ചെയ്യുന്നതെന്തെന്നാൽ, ഈ സ്ഥലത്തു ജനിച്ചു ജീവിച്ചു വരുന്ന 50 വയസ്സായ പീയേർ ദി റഡരുടെ കാലിലെ എല്ലു് 1867 ഫെബ്രുവരി 16-ാം തീയതി ഒരു വൃക്ഷം വീണു ഭയങ്കരമായി ഒടിയുകയും, ശസ്ത്രവൈദ്യത്തിനു സാധിക്കുന്ന സകല പ്രതിവിധികളും പ്രയോഗിച്ചു നോക്കിയശേഷം അയാളുടെ മുറിവു സുഖപ്പെടുക അസാദ്ധ്യമാണെന്നു ഡോക്ടർമാർ വിധി പ്രസ്താവിക്കുകയും, അയാളുടെ രോഗസ്ഥിതി അറിഞ്ഞവരെല്ലാം ആ അഭിപ്രായത്തോടു യോജിക്കുകയുമുണ്ടായി. അയാൾ ഊസ്റ്റക്കറിൽ ചെന്നു് അവിടെ അഭിവന്ദിക്കപ്പെടുന്ന ലൂർദ്ദ് മാതാവിന്റെ മാദ്ധ്യസ്ഥം അഭ്യർത്ഥിക്കുകയും, പരിപൂർണ്ണസുഖം പ്രാപിച്ചു് ഊന്നുവടിയുടെ സഹായം കൂടാതെ നടക്കുവാൻ പ്രാപ്തനായി സ്വഗൃഹത്തിൽ മടങ്ങിയെത്തുകയും ചെയ്തു. കാൽ ഒടിയുന്നതിനു മുൻപു ചെയ്തിരുന്ന സകല ജോലികളും ചെയ്യുന്നതിനു് ആയാൾക്കു ഇപ്പോൾ സാധിക്കുന്നുണ്ടു്. പൊടുന്നനവെയുള്ളതും അത്ഭുതകരവുമായ ഈ രോഗശാന്തി 1875 ഏപ്രിൽ 7-ാം തീയതിയാണു നടന്നതെന്നു ഞങ്ങൾ പരസ്യമായി പ്രസ്താവിക്കുന്നു." പ്രഭുക്കന്മാർ, കൗൺസിൽ അംഗങ്ങൾ മുതലായി പല മാന്യന്മാരും ഈ രേഖയിൽ ഒപ്പു വെച്ചിട്ടുണ്ടു്.

ബ്രൂജ് പട്ടണത്തിലെ വേദശാസ്ത്രാലയത്തിന്റെ ഡയറക്ടറായ റവ. കാർ വേർട്ടു് എന്ന വൈദികൻ റഡർ മരിക്കുന്നതിനു് ഏതാനും മാസങ്ങൾക്കു മുൻപു് അയാളുടെ രണ്ടു കാലിന്റെയും റേഡിയോ ഛായാപടം ഭാഗ്യവശാൽ എടുക്കുവാനിടയായി. ലുവെയിനിലെ പ്രസിദ്ധനായ ഡോക്ടർ ദെഷാമ്പു്, റഡറിനെ രോഗാവസ്ഥയിൽ സന്ദർശിക്കുകയും ചികിത്സിക്കുകയും ചെയ്ത വേറെ ചില ഡോക്ടർമാർ ഒരുമിച്ചു്, എഴുത്തുകുത്തുകൾ നടത്തിയതിന്റെ ഫലമായി, മരിച്ചു സംസ്കരിക്കപ്പെട്ട റഡറിന്റെ കാൽ രണ്ടും, അദ്ദേഹത്തിന്റെ ഭാര്യയുടെ സമ്മതത്തോടെയും, പല സാക്ഷികളുടെ സാന്നിദ്ധ്യത്തിലും മുറിച്ചെടുക്കുകയും ചെയ്തിട്ടുണ്ടു്. പ്ലാസ്റ്റർ കൊണ്ടും ചെമ്പുകൊണ്ടും അവയുടെ പല പ്രതിരൂപങ്ങൾ നിർമ്മിച്ചിട്ടുള്ളവയിൽ ഒന്നു ലൂർദ്ദിൽ ഇന്നു ഔദ്യോഗികമായി സൂക്ഷിച്ചുപോരുന്നു.

"മനുഷ്യശരീരത്തിൽ അജ്ഞാതമായി നടക്കുന്ന" ഏതു വ്യാപാരത്തിന്റെ ഫലമായിട്ടാണു് ഒടിഞ്ഞുപോയ അസ്ഥികൾ ഞൊടിയിടകൊണ്ടു ഒരിഞ്ചു നീളം വളന്നു മുറികൂടുന്നതു്? ഭക്ഷണത്തിൽ നിന്നുണ്ടാകുന്ന ഫോസ്ഫേററു് ഓഫു് ലൈം മുറിവുള്ളിടത്തു ക്രമേണ വന്നടിഞ്ഞുകൂടിയിട്ടാണു മുറിവുകൾ സുഖപ്പെടുന്നതെന്നത്രേ വൈദ്യമതം. എല്ലൊടിഞ്ഞാൽ കുറഞ്ഞതു മുപ്പതുനാല്പതു ദിവസം കൊണ്ടേ മുറിവു നികരുകയുള്ളു. ഈ രോഗിയുടെ കാര്യത്തിൽ എട്ടു കൊല്ലമായിട്ടും ഒടിഞ്ഞ എല്ലു മുറികൂടിയില്ല. പ്രത്യേകമായ എന്തെങ്കിലും ഭക്ഷണമോ ഔഷധമോ കൂടാതെ, ഒരു നിമിഷം കൊണ്ടു ഈ രോഗിയുടെ കാര്യത്തിൽ മുറിവു നികന്നു.

ലൂർദ്ദ മാതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചതിന്റെ ഫലമാണു് ഈ രോഗശാന്തിയെന്നുള്ളതു സ്പഷ്ടമാണു്. പക്ഷെ ലൂർദ്ദിലെ വെള്ളത്തിൽ റഡർ കുളിക്കുകയോ, ലൂർദ്ദിലെ അന്തരീക്ഷത്തിന്റെ അനുഭൂതി ആയാൾക്കുണ്ടാകുകയോ ചെയ്തില്ല. ലൂർദ്ദിലെ വെള്ളത്തിനും അന്തരീക്ഷത്തിനും അതീതമായ ഒരു ശക്തി രോഗശമനത്തിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നുവെന്ന വസ്തുതയല്ലേ റഡരുടെ രോഗശാന്തി തെളിയിക്കുന്നതു്?

വി. റീത്ത, തെദേവൂസ്ശ്ലീഹാ, വി. പത്താം പീയൂസ്, കാവൽ മാലാഖ എന്നിവരുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. X

# വിവിധവൃത്താന്തങ്ങൾ

## പേപ്പൽ സന്ദർശനങ്ങൾ

കാസ്റ്റൽഗണ്ഡോൾഫോയിൽ വിശ്രമിക്കുന്ന പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് ഇപ്പോൾ പ്രതിവാരം രണ്ടു പരസ്യസന്ദർശനങ്ങൾവീതം അനുവദിക്കുന്നുണ്ടു്. ഇപ്പോഴും ദിവസം 15 മണിക്കൂർവീതം തിരുമേനി ജോലിചെയ്തുകൊണ്ടാണിരിക്കുന്നതു്. വെളുപ്പിനു 6-30 നു ഉറക്കമുണരുന്ന തിരുമേനി അനുസ്യൂതം അർദ്ധരാത്രിവരെ ജോലിചെയ്യുന്നു. ഇതിനിടയ്ക്കു പതിവുള്ള മോട്ടോർസവാരിസമയത്തും നടപ്പവസരത്തിലും തിരുമേനി എന്തെങ്കിലും വായിക്കുകയോ ഫയലുകൾ നോക്കുകയോ ആയിരിക്കും. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ചെയ്യേണ്ട പ്രസംഗങ്ങൾക്കു തയാറാകുവാൻതന്നെ ഏറെസമയം വേണ്ടിയിരിക്കുന്നു. ഇതിനിടയ്ക്കാണു് രഹസ്യവും പരസ്യവുമായ സന്ദർശനങ്ങൾ.

## ഫ്ളോറൻസ് മേയർ

"രാജ്യതന്ത്രത്തിലെ ഒരു വിശുദ്ധ ഫ്രാൻസിസ് ഓഫ് അസ്സീസി" എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന സിഞ്ഞോർ ലാ പീരാ ഫ്ളോറൻസ് മേയറായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റധീനത്തിലിരുന്ന ആ പട്ടണത്തിൽ 1952 ലാണു് ജോർജിയോ ലാ പീരാ ആദ്യം മേയറായതു്. ആൾ താമസമില്ലാതിരുന്ന സകല വീടുകളും ഏറെറടുത്തു സാധുക്കൾക്കും ദരിദ്രർക്കും താമസിക്കുവാൻ കൊടുക്കുകയായിരുന്നു മേയറായ ഉടനെ അദ്ദേഹം ചെയ്ത ഒരു വീരപ്രവൃത്തി. ഫ്ളോറൻസു് സർവ്വകലാശാലയിലെ നിയമകാര്യപ്രൊഫസറായ അദ്ദേഹം ഒരു കോൺവെൻറുക്കിനിക്കിൽ താമസിച്ചുകൊണ്ടു് ശമ്പളം മുഴുവൻ ദരിദ്രർക്കു നൽകുകയാണു ചെയ്യുന്നതു്. സമാധാനത്തിനും ക്രൈസ്തവനാഗരികതയ്ക്കും വേണ്ടിയുള്ള സർവ്വരാജ്യകോൺഗ്രസിന്റെ സ്ഥാപകനാണു് സിഞ്ഞോർ ലാ പീരാ.

## ലിററർജിക്കൽ കോൺഗ്രസ്

ആരാധനക്രമങ്ങളിൽ വിശ്വാസികൾ കൂടുതൽ സജീവമായി ഭാഗഭാക്കാകുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി, കാനഡായിൽ ഒൻറാറിയോയിൽ കൂടിയ വടക്കേ അമേരിക്കൻ ലിററർജിക്കൽ (ആരാധനക്രമപരമായ) കോൺഗ്രസിൽ ചർച്ചചെയ്തിരിക്കുന്നു. ഐക്യനാടുകളിലും ക്യാനഡായിലും നിന്നുള്ള 3500 പ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു. നാലുദിവസത്തേക്കു നീണ്ടുനിന്ന ഈ കോൺഫറൻസിൽ വൈദികർക്കും, സന്യാസികൾക്കും, സെമ്മിനാരി വിദ്യാർത്ഥികൾക്കും, അൽമേനികൾക്കും, ഗായകന്മാർക്കും പ്രത്യേകം പ്രത്യേകം സമ്മേളനങ്ങളുണ്ടായിരുന്നു. ടോറൻറാ മെത്രാപ്പോലീത്താ കർദ്ദിനാൾ മക്ഗ്വയിഗൻ തിരുമനസ്സിലെ ആഘോഷമായ പൊന്തിഫിക്കൽ ദിവ്യപൂജയോടെ സമ്മേളനം അവസാനിച്ചു. ഈ സെപ്റ്റംബർ 18 മുതൽ 22 വരെ തീയതികളിൽ അസ്സീസിയിൽവച്ചു ഒരു അന്താരാഷ്ട്രീയ ലിററർജിക്കൽ കോൺഗ്രസു നടക്കുന്നുണ്ടു്. അതിൽ സംബന്ധിക്കുന്ന പ്രതിനിധികൾ റോമയിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുന്നതാണു്.

## പ്രദക്ഷിണം ടി. വി. യിൽ

ജർമ്മനിയിലെ റൈൻനദീതീരത്തു നടത്തപ്പെട്ട ഒരു ദിവ്യകാരുണ്യപ്രദക്ഷിണം, സെപ്റ്റംബർ ഒന്നാം തീയതി ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ്ങ് കോർപ്പൊറേഷൻ ടെലിവിഷൻവഴി പ്രക്ഷേപണം ചെയ്യുകയുണ്ടായി. ജർമ്മൻ കത്തോലിക്കാ കോൺഗ്രസിന്റെ പ്രമുഖ പരിപാടികളിലൊന്നായിരുന്നു ഈ കോൺഗ്രസ്. കഴിഞ്ഞ യുദ്ധത്തിൽ കേടുപാടുഭവിച്ച കൊളോൺ ഭദ്രാസനദേവാലയത്തിന്റെ ഉൽഘാടനത്തോടു അനുബന്ധിച്ചാണു് ഈ കോൺഗ്രസ് നടത്തപ്പെട്ടതു്. റോമാരൂപതയുടെ വികാരിജനറാളായ കർദ്ദിനാ



ചങ്ങനാശ്ശേരി ആർച്ചുബിഷപ്പു് തിരുമനസ്സിലെ ആശീർവ്വാദാനുഗ്രഹത്തോടുകൂടി റവ. ഫാദർ മാത്യു നടയ്ക്കൽ അവർകളുടെ രക്ഷാധികാരത്തിലും ക. കോ. പ്രസിഡൻറു് ശ്രീ പി. ജെ. സെബാസ്റ്റ്യൻ ബി. എ. ബി. എൽ. അവർകൾ പ്രസിഡൻറായും രൂപം പ്രാപിച്ചിരിക്കുന്ന ചങ്ങനാശ്ശേരി "പ്രകാശിനി ഡ്രമാററിക്കു് ക്ലബ്ബ്" അവതരിപ്പിക്കുന്ന ബൈബിളിലെ വികാരോത്തേജകമായ

"മരുഭൂമിയിലെ ശബ്ദം"

അഥവാ

സ്നാപകൻ (സംഗീതനാടകം)

അഭിനയിക്കുന്നവർ ശ്രീ ജോസഫ് ചാക്കോ, എം. എസ്. ജെയിംസ്, ജോസ് ആലഞ്ചേരി, കുമാരി തങ്കം, അമ്മിണി, ബേബി ആഗ്നസ് ആൻറു് പാർട്ടി.

For Booking: കൺവീനർ "പ്രകാശിനി ഡ്രമാററിക്കു ക്ലബ്ബ്" കവല, ചങ്ങനാശ്ശേരി. ഫോൺ No. 73. സംഘടനകൾക്കും പൊതുസ്ഥാപനങ്ങൾക്കും പ്രത്യേക റെയിററു്.

ൾ മിക്കാരാ തിരുമേനിയാണു പുനരുദ്ധരിക്കപ്പെട്ട കത്തീഡ്ററൽ ഉൽഘാടനംചെയ്തതു്. പല കർദ്ദിനാളന്മാരും അനേകം മെത്രാപ്പോലീത്താമാരും മെത്രാന്മാരും ശതക്കണക്കിനു വൈദികരും—ജർമ്മനിയുടെ റഷ്യൻമേഖലയിൽനിന്നുള്ളവരും—കോൺഗ്രസിലും പ്രദക്ഷിണത്തിലും സംബന്ധിച്ചിരുന്നു. ബ്രിട്ടനിലെ സാൽഫോർഡു മെത്രാൻ ഒരു സന്ദർശകനായി ഇതിൽ പങ്കെടുത്തു.

## കൊളോൺ കോൺഗ്രസ്

77-ാമതു ജർമ്മൻ കത്തോലിക്കാ കോൺഗ്രസ്സ് ഈയിടെ കൊളോൺനഗരത്തിൽ സമ്മേളിച്ചപ്പോൾ 8 ലക്ഷം കത്തോലിക്കർ അതിൽ സംബന്ധിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റു ഭരണത്തിലിരിക്കുന്ന കിഴക്കൻജർമ്മനിയിൽനിന്നു മുപ്പതിനായിരം കത്തോലിക്കർവന്നു സംബന്ധിക്കുകയുണ്ടായി. കോൺഗ്രസ്സിൽ സംബന്ധിച്ച ജർമ്മൻകത്തോലിക്കർ നടത്തിയ ഗംഭീരവും ഹൃദയാവർജ്ജകവുമായ പ്രകടനം ടെലിവിഷൻവഴി പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഏഷ്യൻരാജ്യങ്ങളെ പ്രതിനിധീകരിച്ചു് ഡോക്ടർ ഷിനോഡും (ജപ്പാൻ) ആഫ്റിക്കയുടെ പ്രതിനിധിയായി ബിഷപ്പു് റഗംബായും (ഈസ്റ്റ് ആഫ്റിക്ക), പാശ്ചാത്യരാജ്യങ്ങളുടെ നാമത്തിൽ മി. ഡഗ്ലസ് ഹൈഡും കോൺഗ്രസിൽ പ്രസംഗിക്കുകയുണ്ടായി. "സഭ, ജനതയുടെ ഇടയിൽ ദൈവത്തിൻെറ അടയാളം" എന്നതായിരുന്നു കോൺഗ്രസിലെ ചർച്ചാവിഷയം. മൂന്നു കർദ്ദിനാളന്മാരും 60 മെത്രാന്മാരും ഇതിൽ സംബന്ധിച്ചിരുന്നു.

## ലൂർദ്ദിലെ അത്ഭുതരോഗശാന്തി

ലൂർദ്ദിലേക്കു നടത്തിയ 1954 ഒക്ടോബറിലെ തീർത്ഥയാത്രയിൽ അന്ധയും ബധിരയുമായ ഒരു സ്ത്രീക്കു ലഭിച്ച രോഗശാന്തി ഒരു അത്ഭുതമാണെന്നു റെന്നസ്മെത്രാപ്പോലീത്തായായ കർദ്ദിനാൾ റോക്വസ് തിരുമേനി പ്രഖ്യാപിച്ചിരിക്കുന്നു. ദീർഘകാലരോഗത്തിനുശേഷം മരിയാ ലൂയിസെ ബിഗോ എന്ന വനിതയുടെ കാഴ്ചയും കേൾവിയും 1952-ൽ തീർത്തും നഷ്ടപ്പെട്ടു. 1954 ഒക്ടോബർ 8-ാം തീയതി, ദിവ്യകാരുണ്യപ്രദക്ഷിണത്തിൻെറ അവസാനത്തിൽ അവക്കു കേൾവി തിരിച്ചുകിട്ടി; 36 മണിക്കൂറുകൾക്കുശേഷം കാഴ്ചയും. പല വൈദ്യവിദഗ്ദ്ധന്മാരുടേയും സാക്ഷ്യങ്ങൾക്കുശേഷം, ഈ രോഗശാന്തി പരിശുദ്ധ കന്യകാമറിയത്തിൻെറ പ്രത്യേകസഹായത്താൽ സംഭവിച്ചതാണെന്നു കർദ്ദിനാൾതിരുമേനി തീരുമാനിക്കുകയാണുണ്ടായതു്.

## പർവ്വതശിഖരത്തിൽ മാതൃസിംഹാസനം

വടക്കൻഇററലിയിലെ ആൽപ്സ് പർവ്വതത്തിൻെറ ഏററം ഉയർന്ന കൊടുമുടിയായ പിസോസ്റ്റെല്ലായിൽ, എല്ലാ കേബിൾ റെയിൽവേ ട്രാൻസ്പോർട്ടിൻേറയും മദ്ധ്യസ്ഥയായ പരിശുദ്ധ മാതാവിൻെറ "സിംഹാസനം" സ്ഥാപിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. അവിടെ മൂന്നുടൺ ഭാരമുള്ള മാതാവിൻെറ ഒരു പ്രതിമ സ്ഥാപിക്കുന്നതാണു്. നാലു മാലാഖമാർ പിടിച്ചുകൊണ്ടിരിക്കുന്ന കേബിളുകളിൽ തങ്ങിനില്ക്കുന്ന ഒരു മേഘത്തിൽ പരിശുദ്ധ കന്യകമറിയം നില്ക്കുന്നതായിട്ടാണു് ഈ പ്രതിമ സംവിധാനം ചെയ്തിരിക്കുന്നതു്. പ്രതിമയ്ക്കുള്ളിൽ ഒരു ഗോവണി ഉണ്ടായിരിക്കും; അതുവഴി മുകളിലെത്താൻ സാധിക്കും. മുകളിൽ മൂന്നുപേർക്കുള്ള സ്ഥലം ഉണ്ടായിരിക്കുന്നതാണു്. പ്രതിമ പർവ്വതശിഖരത്തിൽ കയററിക്കൊണ്ടുവരുന്നതിനു സൈനികരും സിവിലധികാരികളും ഒന്നുപോലെ സഹായിച്ചുകൊണ്ടിരിക്കുന്നു.

## 14 പേർ രക്ഷപെട്ടു

ബുഡാപെസ്റ്റിലെ സെൻറു് ഫ്റാൻസിസ് ദേവാലയത്തിൽ 14 പേർ പരസ്പരം അറിയാതെ, ഒരേ കാര്യത്തിനായി മുട്ടുകുത്തി പ്രാർത്ഥിക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റ്മർദ്ദനഭരണത്തിൽ നിന്നും സുരക്ഷിതരായി സ്വതന്ത്രലോകത്തിലെത്തുവാൻ. അല്പസമയം കഴിഞ്ഞപ്പോൾ അവരെല്ലാം ബുഡാപെസ്റ്റ് വിമാനത്താവളത്തിലെത്തി. ഒരു നിശ്ചിതസമയത്തു പൈലററു് ജിയോർജി പോളിയാക്കു് ഒരു കമ്മ്യൂണിസ്റ്റ്വിമാനത്തിൽ ചാടിക്കയറി, അതിൻെറ കമ്മ്യൂണിസ്റ്റ്പൈലററിൽനിന്നും ബലമായി യന്ത്രനിയന്ത്രണം കൈക്കലാക്കി. മററു 13 പേരും തൽക്ഷണംതന്നെ വിമാനത്തിനുള്ളിൽ കയറിക്കഴിഞ്ഞിരുന്നു. അനന്തരം പോളിയാക്കു് ആ വിമാനത്തെ പൈലററുചെയ്തു് സ്വതന്ത്രലോകത്തിലേക്കു പറന്നു. പെട്രോൾ കുറവായിരുന്നതിനാൽ മൃുനിച്ചിനടുത്തു നിലത്തിറങ്ങുവാൻ അവർ നിർബന്ധിതരായി. ദൈവം തങ്ങളോടുകൂടി ഉണ്ടായിരുന്നതുകൊണ്ടാണു് ഈ സംരംഭത്തിൽ തങ്ങൾ വിജയിച്ചതെന്നു അവർ ഏററുപറഞ്ഞു.

## അർബുദചികിത്സ

ഇററാലിയൻ അർബുദവിരുദ്ധലീഗിൻെറ കോൺഗ്രസിൽ സംബന്ധിച്ചിരുന്ന പ്രതിനിധികൾക്കു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു സന്ദർശനം അനുവദിച്ച അവസരത്തിൽ ചിലയിനം അർബുദരോഗങ്ങൾക്കു ശസ്ത്രക്രിയ നടത്തുന്നതിൻെറ ഔചിത്യത്തെപ്പററി ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. വേദന ലഘൂകരിക്കാൻ, ആയുസ്സു അല്പംകൂടി ദീർഘിപ്പിക്കാൻ, രോഗിക്കു അത്യന്താപേക്ഷിതമായ സമാശ്വാസം നൽകാൻ, ചിലപ്പോൾ രോഗം പൊറുക്കുകയില്ലെന്നറിയാമെങ്കിലും നീണ്ട ചികിത്സ നടത്തുന്നതിനെ നീതീകരിക്കാമായിരിക്കും. എന്നാൽ ദുർവഹവും സ്ഥിരവുമായ വൈകല്യങ്ങൾ രോഗിയിൽ ഉണ്ടാക്കിത്തീർക്കുന്നതിനെക്കാൾ രോഗം അനുവദിക്കുന്നിടത്തോളം തുടർന്നു ജോലിചെയ്യുവാൻ രോഗിയെ അനുവദിക്കുകയല്ലേ ഉത്തമമെന്നു അവിടുന്നു ചോദിച്ചു. ഈ രോഗത്തോടുള്ള സമരത്തിൽ തിരുമേനി അവർക്കു വിജയമാശംസിച്ചു. എന്നാൽ ഇതിനെക്കാൾ ഭയങ്കരമായ ആത്മീയരോഗത്തോടു സമരംചെയ്യുവാൻ ആളുകൾ കൂടുതൽ ശുഷ്കാന്തിപൂർവ്വംസംഘടിച്ചുകാണുവാൻ അവിടുന്നു അഭിലഷിച്ചു.

## ഇൻഡ്യാ വാർത്തകൾ

—1955-56-ൽ വിദേശികളായ സന്ദർശകർ 10 കോടി ക. യ്ക്കുള്ള വിദേശ കറൻസികൾ ഇന്ത്യയിൽ മാററുകയുണ്ടായി.

—സൂയസ് പ്രശ്നം സംബന്ധിച്ചു് മി. ആൻറണി ഈഡൻെറ പ്രസ്താവനയെ പരാമർശിച്ചുകൊണ്ടു് പ്രധാനമന്ത്രി നെഹ്റു പാർലമെൻറിൽ ഒരു പ്രസ്താവന ചെയ്തിരിക്കുന്നു.

—ഇന്ത്യയിലെ അടുത്ത തെരഞ്ഞെടുപ്പു 1957 ഫെബ്രുവരിയിലോ മാർച്ചിലോ നടത്തപ്പെടുന്നതാണു്.

—പ്രധാനമന്ത്രി നെഹ്റുവിനെ അമേരിക്ക സന്ദർശിക്കുന്നതിനായി മി. ഐസനോവർ വീണ്ടും ക്ഷണിച്ചിരിക്കുന്നു.

—സുഹ്റവർദി പ്രധാനമന്ത്രിയായി 9 അംഗങ്ങളടങ്ങിയ ഒരു മന്ത്രിസഭ പാക്കിസ്ഥാനിൽ ഭരണം ഏറെറടുത്തിരിക്കുന്നു.

—നേതാജി സുബാസ് ചന്ദ്രബോസ് വിമാനാപകടം മൂലം മൃതിയടഞ്ഞുവെന്നു് അതുസംബന്ധിച്ചു നിയുക്തമായ കമ്മിററിയുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

—നിയോഗിക്കമ്മിററി റിപ്പോർട്ടിനെപ്പററി ലഭിക്കുന്ന പരാതികളെ പരിഗണിക്കുന്നതാണെന്നു് കോൺ. ജന. സെക്രട്ടറി മി. മാധവൻ നായർ പ്രസ്താവിച്ചിരിക്കുന്നു.

—ശ്രീ ഐ. സി. ചാക്കോയാൽ വിരചിതമായ "പാണിനീയപ്രദ്യോതം" എന്ന ഗ്രന്ഥത്തിനു് ഇന്ത്യാ ഗവർമ്മെണ്ടിൻെറ സാഹിത്യ അക്കാഡമി 5000 ക. പാരിതോഷികം നൽകുന്നതിനു തീരുമാനിച്ചിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

—കേരള പ്രദേശ് കോൺഗ്രസ് കമ്മിററി പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതിനായി തിരു-കൊച്ചി പി. സി. സി. യുടേയും മലയാളപ്രദേശ് കോൺഗ്രസ് കമ്മിററിയുടെയും സംയുക്തയോഗം 29-ാംനു- സെൻറ് ആൽബർട്ട്സിൽ വെച്ചു കൂടുന്നതാണു്.

—കേന്ദ്ര ഭക്ഷ്യവകുപ്പു് ഡപ്യൂട്ടി മന്ത്രി ശ്രീ എം. വി. കൃഷ്ണപ്പ ഇവിടെ എത്തി സംസ്ഥാനത്തു് ഒരു പര്യടനം നടത്തിക്കൊണ്ടിരിക്കുന്നു.

—തൃശ്ശൂർ കലക്ടറേററു് കെട്ടിടങ്ങളുടെ ശിലാസ്ഥാപനം 15-ാംനു- കൊച്ചി മഹാരാജാവു് നിർവ്വഹിച്ചിരിക്കുന്നു.

—ഡൽഹിയിൽനിന്നു മടങ്ങിയെത്തിയ അഡ്വൈസർ ശ്രീ പി. എസ് റാവു 13-ാംനു- ഒരു പ്രസ് കോൺഫറൻസു് നടത്തി.

—പ്രൈവററു പ്രൈമറിസ്കൂൾ അദ്ധ്യാപകർക്കു് ശമ്പളവും ക്ഷാമബത്തയും ഇനത്തിലുള്ള മുഴുവൻ തുകയും സെ. 1-ാംനു- മുതൽ ഗവമ്മെണ്ടു നൽകുന്നതാണെന്നു് വിജ്ഞാപനം ചെയ്തിരിക്കുന്നു.

—ചോദ്യക്കടലാസ്ചോർച്ച സംബന്ധിച്ചു് കഴിഞ്ഞകൊല്ലം തിരു: ലോ കോളേജിൽ പഠിച്ചിരുന്ന ഒരു വിദ്യാർത്ഥിയെക്കൂടി അറസ്റ്റു് ചെയ്തിരിക്കുന്നു.

—പത്രപ്രവർത്തകർക്കുവേണ്ടി ഒരു സ്റ്റഡികോഴ്സ് 12-ാംനു- മുതൽ 15ാംനു- വരെ വില്ലിങ്ങ്ടൺ ദ്വീപിലുള്ള നാവികത്താവളത്തിൽ വച്ചു് നടത്തപ്പെട്ടു.

—തിരു-കൊച്ചിയിൽ 76000 അഭ്യസ്തവിദ്യർ തൊഴിൽരഹിതരായുണ്ടെന്നു് തൊഴിലില്ലായ്മ സർവ്വേ മൂലം വെളിവായിരിക്കുന്നു.

## ചരമവാർത്തകൾ

**മൂക്കന്നൂർ:** ഈ ഇടവക ശ്രീ എൻ. ടി. ദേവസ്സിയുടെ മാതാവു് ശ്രീമതി മറിയം വാർദ്ധക്യസഹജമായ രോഗംനിമിത്തം 74-ാമത്തെ വയസ്സിൽ സെപ്റ്റംബർ 5-ാംനു- രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരകർമ്മങ്ങൾ അന്നു ഉച്ചകഴിഞ്ഞു നാലരമണിക്കു് പല ബ. വൈദികരുടേയും ഒരു വമ്പിച്ച ജനാവലിയുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ പള്ളിസിമിത്തേരിയിൽ നടത്തപ്പെട്ടു.

**അരുവിത്തുറ:** സ്ഥലത്തെ ഇളംതുരുത്തിയിൽ ചാക്കൊ വക്കി 29-ാമത്തെ വയസ്സിൽ സെപ്റ്റംബർ 2-ാംതീയതി മരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം രാവിലെ 10 മണിക്കു റവ. ഫാദർ ററി. സി. ജോസഫ് ബി എ. അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി നടത്തപ്പെട്ടു.

**തമ്പലയ്ക്കാട്ടു്:** വട്ടക്കാട്ടു് ശ്രീ ഇട്ടീയവിരാ ജോസഫ് 80-ാമത്തെ വയസ്സിൽ സെപ്റ്റം.11-ാംനു- ഉച്ചയ്ക്കുശേഷം ചരമം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം പരേതൻെറ പുത്രനായ റവ. ഫാ. ജെ. വട്ടയ്ക്കാട്ടിൻെറ പ്രധാന കാർമ്മികത്വത്തിലും പല ബ. വൈദികരുടെ സഹകരണത്തിലും, അനേകംപേരുടെ സാന്നിദ്ധ്യത്തിലും, തമ്പലയ്ക്കാട്ടു പള്ളി സിമിത്തേരിയിൽ പ്രത്യേകം തയാർ ചെയ്തിരുന്ന കല്ലറയിൽ യഥോചിതം നിർവ്വഹിക്കപ്പെട്ടു. വീട്ടിൽ വച്ചു് റവ. ഫാദർ തോമസ് വടശ്ശേരി എൽ. ഡി. യും, പള്ളിയിൽവച്ചു് റവ. ഫാദർ ജോൺ മററം എം. എ. യും, ചരമപ്രസംഗങ്ങൾ നടത്തി.

R. I. P.





ഈ രണ്ടു കുട്ടികളും ഒരുമിച്ചു വളർന്നു വന്നു...എന്നാൽ
ഒരുവൻ മാത്രം വിജയപ്രദമായ ജോലിയിൽ പ്രവേശിക്കുന്നു



ഈ യുവാവിനു് ഒരു വ്യവസായശാലയിൽ ചെറിയ ഒരു ജോലിയുണ്ടു്. അവൻ ബുദ്ധിമുട്ടി ജോലി ചെയ്യുന്നു, പഠിക്കുന്നതിൽ തല്പരനാണു്, പ്രസന്നവദനനാണു്... എന്നാൽ പ്രത്യേകപരിശീലനമൊന്നും അവനു് ലഭിച്ചിട്ടില്ല. അതിനാൽ ജോലിയിൽ കയററം കിട്ടുന്നതിനു് പ്രയാസം നേരിടും



യുവാവായ ഈ ഡാക്ടർക്കു് അദ്ദേഹത്തിൻെറ സ്നേഹിതനുള്ള ഗുണങ്ങളെല്ലാമുള്ളതിനു-പുറമെ പ്രത്യേക പരിശീലനവും സിദ്ധിച്ചിട്ടുള്ളതുകൊണ്ടു് വളരെ വിജയ സാദ്ധ്യതകളുണ്ടു്. വിദഗ്ദ്ധന്മാർ പ്രയാസംകൂടാതെ സമ്പാദിക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നു

ഏതുവിധത്തിലുള്ള ഭാവിയാണു് പുത്രനു് നിങ്ങൾ തിരിഞ്ഞെടുക്കുന്നതു്?

നിങ്ങളുടെ പുത്രൻ ഇപ്പോൾ ചെറുപ്പമാണെങ്കിലും പതിനഞ്ചോ ഇരുപതോ കൊല്ലത്തിനുള്ളിൽ എന്തെങ്കിലും ജോലിയിൽ പ്രവേശിക്കും. ഇപ്പോൾതന്നെ നിങ്ങൾ ദീർഘദൃഷ്ടിയോടുകൂടി അവൻെറ ഭാവിയെ സുരക്ഷിതമാക്കുക ... അവനു് ഉന്നതവിദ്യാഭ്യാസം നൽകുകയും ചുമതലയോടുകൂടിയ ഒരു ജോലി ലഭിക്കുന്നതിനു സഹായിക്കുകയും ചെയ്യുക.

നിങ്ങളുടെ പുത്രൻ വളരെ കൊല്ലങ്ങൾ പഠിക്കേണ്ടതുണ്ടു്. അവനെ സ്കൂളിലും കോളേജിലും അയച്ചു വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് നിങ്ങൾക്കു പണം ആവശ്യമാണു്.

പണം മിച്ചംവെയ്ക്കുന്നതിനു് പാലാ ബാങ്കു് നിങ്ങളെ എങ്ങിനെ സഹായിക്കുന്നു

പാലാബാങ്കിൽ നിങ്ങളുടെ കുട്ടിയുടെ പേരിൽതന്നെ ഒരു സേവിംഗ്സു കണക്കു് ആരംഭിച്ചു അതിൽ തുടർച്ചയായി പണംനിക്ഷേപിക്കുക. ആ പണത്തിനു പലിശ ലഭിച്ചുകൊണ്ടിരിക്കും. തുക കുട്ടിയോടൊപ്പം വളർന്നുവരും. പിന്നീടു ആ സംഖ്യ അവൻെറ വിദ്യാഭ്യാസച്ചിലവിനായും ജീവിതം വിജയപ്രദമായി ആരംഭിക്കുന്നതിനു സഹായകമായും ഉപകരിക്കും.

"സേവിംഗ്സു കണക്കുകൾ തുടങ്ങുന്നതെങ്ങിനെ" എന്നുള്ള ഞങ്ങളുടെ സൌജന്യ ഗ്രന്ഥത്തിനു് ഇന്നുതന്നെ എഴുതുക.



ESTD. 1927

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം
ഹെഡാഫീസ് : പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്കു്

PC. 2116

(4-ാംപേജ് തുടർച്ച)

## ജീവിതം അവസാനിച്ചില്ല

തരുതിയുടെ ഹൃദയം പൊട്ടിപ്പോകുന്നതുപോലെ അവക്കു തോന്നി...ഭത്താവിൻെറ ഹൃദയപരിവത്തനത്തിനുവേണ്ടി തരുതി പ്രാത്ഥിച്ചു.

x x x

കുട്ടച്ചായൻെറ രോമകൂപങ്ങളിൽനിന്നും വിയപ്പു് ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. പ്രകൃതി നിശ്ചലമായി കുമ്പിട്ടു കിടക്കുകയാണു്. കാർമേഘക്കീറുകൾ ഒന്നിച്ചു് ഇരുണ്ടുകൂടി നൃത്തം ചവിട്ടുന്നു.

ഉറക്കം വരാതെ അയാൾ മെത്തയിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നുരുളുന്നുണ്ടു്. ഏതോ ഹൃദയത്തിൻെറ അഗാധതയിൽനിന്നും ഉരുണ്ടുരുണ്ടുവരുന്നു. ഹൃദയഭിത്തികളിൽ വലിച്ചു കെട്ടിയിരിക്കുന്ന യവനികയിൽ അതു് പതിഞ്ഞു് പാറിക്കിടക്കുകയാണു്. എത്ര ശ്രമിച്ചിട്ടും മാഞ്ഞു പോകുന്നില്ല.

അയാളുടെ ചിന്ത ഭൂതകാലത്തിലെ രക്തം വമിക്കുന്ന പെരുമാററങ്ങളിലേക്കു അയാളെ വലിച്ചു കൊണ്ടുപോയി. ചതിവും, വഞ്ചനയും പ്രയോഗിച്ചു വസ്തുവകകൾ സമ്പാദിച്ചു കാലത്തിലേക്കു ഹൃദയം കടിഞ്ഞാൺ പൊട്ടി പറന്നെത്തു. കള്ളക്കേസുകൾ കൊണ്ടു പാവപ്പെട്ട കുടുംബങ്ങളെ വേദനിപ്പിച്ച കഥകൾ. അതെ, ചെളിവാരിപ്പൊതിഞ്ഞുവച്ചിരിക്കുന്ന നീറുന്ന സത്യങ്ങൾ ഓരോന്നോരോന്നായി മനസ്സിൽ അണിനിരക്കുകയാണു്.

പാവപ്പെട്ട കർഷകരിൽ നിന്നും അന്യായമായി പിടിച്ചുപററിയ പണംകൊണ്ടു പണിതീത്ത ബംഗ്ലാവും മററും അയാളെ നോക്കി ഭയപ്പെടുത്തുന്ന ഒരു തോന്നൽ. സത്യത്തിൻേറയും നീതിബോധത്തിൻേറയും വെളിച്ചം ലോകമെങ്ങും പരത്തുവാൻ യത്നിക്കുന്ന വൈദികരെക്കുറിച്ചു് പരസ്യമായി അസഭ്യങ്ങൾ പറഞ്ഞു നടന്ന സംഭവങ്ങൾ മനസ്സിൽ കിടന്നു പരക്കംപായുകയാണു്.

കുട്ടച്ചായൻ ഭയന്നു വിറച്ചു.

പുറത്തു പ്രകൃതിയുടെ അവസ്ഥതന്നെ ഒന്നുമാറി. കാററു തിരിഞ്ഞു വീശുകയാണു്...തുറന്നു കിടന്ന ജാലകത്തിൻെറ പാളികൾ ആഞ്ഞടഞ്ഞു...കൊള്ളിമീൻ മിന്നൽപ്രകാശം വീശിക്കൊണ്ടുപാഞ്ഞു പോയി. അതോടുകൂടി ബംഗ്ലാവിനടുത്തുനിന്ന രണ്ടു കൊന്നത്തെങ്ങുകളുടെ തലഭാഗം അഗ്നിക്കിരയായി...വീടിനു ചുററും തീപ്പൊരികൾ പാറന്നു. കുട്ടച്ചായൻ പേടിച്ചു വിറകൊണ്ടു. അയാൾ കമഴ്ന്നു കിടന്നു.

യാമങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങി.

കയ്പും വേദനയും ഇററിററു വീഴുന്ന ദിനരാത്രങ്ങൾ പലതും തള്ളിനീക്കി. മതകമ്മങ്ങളിൽനിന്നും അയാൾ നിശേഷം പിന്മാറി. നിഴലുമായുള്ള പോരാട്ടം തുടർന്നുകൊണ്ടേയിരുന്നു. അനുനിമിഷം അയാൾ കുഴിമാടത്തോടടുക്കുകയാണു്.

അയാളുടെ ഹൃദയത്തിൽ വീണിട്ടുള്ള തെററിദ്ധാരണയുടെ കറുത്ത തിരശ്ശീല മാററുവാൻ ചെന്ന ധ്യാനഗുരുക്കന്മാരെപ്പോലും അയാൾ ആക്ഷേപിച്ചു, പരിഹസിച്ചു പറഞ്ഞയച്ചു.

വർഷങ്ങൾ മൂന്നു് കൊഴിഞ്ഞു വീണു.

അയാളുടെ ഹൃദയവ്യഥയ്ക്കു യാതൊരു കുറവുമില്ല.

കണ്ണുനീർ വീണിട്ടുള്ള വൻപിച്ച സ്വത്തുക്കൾ നിലയില്ലാത്ത നീർക്കയത്തിൽ പൊങ്ങിവരാൻ കഴിയാത്തവണ്ണം അയാളെ ആഴ്ത്തി. ഇരുമ്പുപെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന കറൻസികെട്ടുകൾ കൂടക്കൂടെ എണ്ണിനോക്കും. അയാൾ പൊട്ടിച്ചിരിക്കും.

കുട്ടച്ചായൻെറ ബുദ്ധി കിടന്നു പായുകയാണു്. അയാൾക്കൊന്നിനും ഒരു സ്ഥിരതയില്ല. കിടക്കയിൽ കിടന്നു പിച്ചും പേയും പറഞ്ഞുകൊണ്ടു് ഉറക്കെച്ചിരിക്കും.

ഡോക്ടർ പരിശോധിച്ചു.

പക്ഷേ രോഗം എന്താണെന്നു് അവക്കും അറിഞ്ഞുകൂടാ.

കുടുംബാംഗങ്ങൾ കുഴങ്ങി.

അയാൾ കിടക്കയിൽകിടന്നു് ഉരുളുകയാണു്. മക്കളും മരുമക്കളും എല്ലാം അരികിൽനിന്നു കണ്ണുനീരൊലിപ്പിക്കുക മാത്രം.

ബംഗ്ലാവിനുള്ളിലെ വൈദ്യുതവിളക്കുകൾ എല്ലാം എരിയുന്നുണ്ടു്.

ജീവൻ അപകടത്തിൽ എത്തുന്നതിനു മുൻപായി അന്ത്യകമ്മാദികൾ കൊടുക്കുന്നതിനു എല്ലാവരും ആഗ്രഹിച്ചു.

പക്ഷേ കുട്ടച്ചായൻ എതിത്തു.

അപകടത്തിൻെറ വക്കിൽ നില്ക്കുമ്പോഴും ഒരു പട്ടക്കാരൻെറ സാമീപ്യം അയാൾ വെറുത്തു.




ടിക്കു് ടിക്കു്...അടിച്ചു കൊണ്ടിരുന്ന ക്ലോക്കു് രണ്ടു മണിനീം ശബ്ദം വിളിച്ചറിയിച്ചു. കുട്ടച്ചനിൽ ഒരു ഭാവഭേദം!

അല്പസമയത്തിനുള്ളിൽ ആ വീടു് പ്രാത്ഥനയാൽ മുഖരിതമായിത്തീന്നു.

പെട്ടെന്നു് എന്തോ കണ്ടുഞെട്ടി ഉണന്നുകൊണ്ടു് കുട്ടച്ചായൻ പറഞ്ഞു. "പണം...എൻെറ പണം...ദാ ...അവർ കൊണ്ടുപോകുന്നു...കട...ക്കാർ...അച്ചൻ വരുന്നു ..ഗെയിററു പൂട്ടു്..."

നിമിഷങ്ങൾ പിന്നെയും നീങ്ങി.

അയാൾ കണ്ണുകൾ ഒന്നു തുറന്നു...വട്ടം ഓടിച്ചു. "എന്തിനാ നിങ്ങൾ...എൻെറ അടുക്കൽ വന്നു നിൽക്കുന്നതു്? തരുതീ...മക്കളെല്ലാവരേയും വിളിക്കൂ...എനിക്കു വേദനിക്കുന്നു......തരുതീ..... അച്ചാ...അച്ചനേ....എ....നിക്കു കാണണം......വിളിക്കൂ.....ഫാദർ ജോണിനെത്തന്നെ .....കത്താവേ എനിക്കു സമാധാനം തരണേ...."

കുട്ടച്ചായനു് അങ്ങനെ ഒന്നു വിളിക്കുവാൻ തോന്നി. ആ വാക്കുകളിലായിരുന്നു അയാൾ ശാശ്വതമായ സമാധാനം കണ്ടെത്തിയതു്.

അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരും എൻെറ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്നുള്ള ദിവ്യരക്ഷകൻെറ ആഹ്വാനം ശ്രവിക്കാനുള്ള അവയവം ഇപ്പോഴാണു കുട്ടച്ചായനു തുറന്നതു്.

സമയം ഏതാണ്ടു വെളുപ്പടുക്കുവാൻ തുടങ്ങുന്നതേയുള്ളു.

ഫാദർ ജോൺ സുസ്മേരവദനനായി കുട്ടച്ചായൻെറ അടുത്തെത്തി.

കുട്ടച്ചായൻെറ നയനങ്ങൾ വിതുമ്പി. "അച്ചാ...ഞാൻ മഹാപാപിയാണു്......എന്നോടു ക്ഷമിക്കണേ. വഞ്ചന കാട്ടി വളരെ അധികം സ്വത്തു് ഞാൻ കയ്യടക്കിപ്പോയി. എനിക്കു രക്ഷാമാർഗ്ഗം പറഞ്ഞു തരണേ. മൂന്നുനാലു വർഷത്തിനു മുൻപു് അങ്ങു പദേശിച്ച വാക്കുകളുടെ അത്ഥം ഇപ്പോഴാണു് ഞാൻ മനസ്സിലാക്കുന്നതു്. അന്നത്തെ വാക്കുകൾ ഞാൻ വൃഥാ തെററിദ്ധരിച്ചു. പലതും ഞാൻ പ്രവത്തിച്ചുപോയി. പക്ഷേ...ഇന്നു് അച്ചൻെറ വാക്കുകൾക്കുവേണ്ടി ഞാൻ ദാഹിക്കുകയാണു്. എന്നെ സമാധാനിപ്പിക്കുമോ...?"

ഒരു നേരിയ പുഞ്ചിരിയോടുകൂടി ഫാദർ ജോൺ പറഞ്ഞു:

"കുട്ടച്ചാ, സമാധാനിക്കൂ. അന്നു ഞാൻ പറഞ്ഞ വാക്കുകൾ എൻെറ ഓമ്മകളിൽനിന്നും മാഞ്ഞുപോയി. താങ്കൾ എന്നോടു പറഞ്ഞതും ഞാൻ മറന്നുപോയി.

"പക്ഷേ എനിക്കു വിശ്വാസമുണ്ടായിരുന്നു, താങ്കൾ സത്യവിശ്വാസത്തിലേക്കു തിരിച്ചു വരുമെന്നു്. യഥാത്ഥത്തിൽ കുട്ടച്ചൻ മാത്രമേ എൻെറ അന്നത്തേ പ്രസംഗം ചെവിക്കൊണ്ടുള്ളു. അതുകൊണ്ടാണു് താങ്കളിൽ പുതിയ ഒരു ചിന്താഗതി മുളയെടുക്കുവാൻ കാരണം. അങ്ങനെ നീതിയും, അനീതിയും തമ്മിലുള്ള ഒരു വലിയ പോരാട്ടമായിരുന്നു താങ്കളുടെ കഴിഞ്ഞുപോയ കാലഘട്ടം. ഒടുവിൽ നീതി ജയിച്ചു. കുട്ടച്ചാ, ദൈവം നീതിമാനാണു്. ആ മഹാ ശക്തിയുടെ ഇഷ്ടത്തിനെതിരായി പലരും പ്രവത്തിക്കുന്നുണ്ടു്. പക്ഷേ അവർ അറിയുന്നില്ല ആ മഹത്വത്തിൻെറ വില.

"സഹോദരാ, ഇനിയും അല്പം പോലും താമസിക്കാതെ കൈയടക്കിവച്ചിരിക്കുന്ന സ്വത്തുക്കൾ അതിൻെറ അവകാശികൾക്കു തിരിച്ചുകൊടുത്തു വേണ്ട പ്രതിവിധികൾ ചെയ്യാം."

"എല്ലാം അവിടുത്തെ ഇഷ്ടത്തിനു ഞാൻ വിട്ടിരിക്കുന്നു.

"അച്ചാ, എൻെറ ഹൃദയത്തിൽനിന്നും ഒരു വലിയ ഭാരം ഒഴിഞ്ഞുപോയിരിക്കുന്നു. ഇന്നീ എനിക്കു സമാധാനമായി മരിക്കാം."

"അതൊന്നും നമ്മുടെ കാര്യമല്ല. ദൈവം വിചാരിക്കുന്നതുപോലെ നടക്കട്ടെ. താങ്കളെ കണ്ടുപഠിക്കുവാൻ ലോകത്തിനു വളരെ അധികമുണ്ടാകാം."

"അച്ചാ, ഒരു ദിവ്യപ്രകാശം അങ്ങയിൽ ഞാൻ കാണുന്നു. എന്നെ അനുഗ്രഹിച്ചാലും."

"കുട്ടച്ചാ, ഈ വിസ്തൃതമായ ലോകത്തിൽ എനിക്കാരോടും പരിഭവമില്ല. എന്തിനു പരിഭവിക്കുന്നു? ഞങ്ങളുടെ ജീവൻ പലരുടേയും കൈക്കുള്ളിലാണു്. എന്നാലും ഈ പ്രേഷിതപ്രവൃത്തിമൂലം രക്ഷകൻെറ ദിവ്യസന്ദേശം ലോകംമുഴുവൻ അറിയിക്കുവാൻ പണിചെയ്യുകയാണു്. മരംകോച്ചുന്ന മഞ്ഞിനോടും തലപൊളുന്ന വെയിലിനോടും ഞങ്ങൾക്കു ഭയമില്ല. അതു ഞങ്ങളുടെ ലക്ഷ്യത്തിനു തടസ്സവുമല്ല. ജീവൻ നിശ്ശേഷം വിട്ടകലുന്നതുവരെ വേലചെയ്യും, തീർച്ചയാണു്. കുട്ടച്ചാ, ഞാൻ പോകട്ടെ." അദ്ദേഹം കുട്ടച്ചായൻെറ ശിരസ്സിൽ കൈവച്ചനുഗ്രഹിച്ചു.

കിഴക്കൻമലമുകളിൽ ചെഞ്ചായം പൂശിത്തുടങ്ങുന്നതേയുള്ളു. ഫാദർ ജോൺ യാത്രതിരിച്ചു.

x x x

അല്പദിവസത്തിനുള്ളിൽ കുട്ടച്ചായൻെറ അസുഖമെല്ലാം ഭേദമായി. അയാളുടെ പരിവത്തനവാത്ത കാട്ടുതീപോലെ പരന്നു.

വർഷങ്ങൾകൊണ്ടു കൈയടക്കിവച്ചിരിക്കുന്ന സ്വത്തുക്കളും, സ്വർണ്ണഉരുപ്പടികളും, പണവുമെല്ലാം അതിൻെറ യഥാത്ഥ അവകാശികൾക്കു തിരിച്ചുകൊടുത്തു.

വീണ്ടും ഒരു പുതുജീവിതം ഉടലെടുക്കുകയാണു്. അനുഭവത്തിൽക്കൂടി നല്ലവനായിത്തീന്ന ഒരു മനുഷ്യൻ ജീവിക്കുകയാണു്.

ആഴ്ച ഒന്നു നീങ്ങി. അന്തിമസൂര്യൻെറ ചെങ്കതിരുകൾ വൻവൃക്ഷത്തലപ്പിനോടു യാത്രചോദിക്കുവാൻ ഒരുമ്പെടുന്നതേയുള്ളു.

കുട്ടച്ചായൻ പള്ളിപ്പരിസരത്തേക്കു പാദങ്ങൾ നീട്ടിവച്ചു നടക്കുകയാണു്.

ഫാദർ ജോൺ തൻെറ മുട്ടുകൾ തറയിൽകുത്തി കൈകൾ നിവത്തു പിടിച്ചുകൊണ്ടു് പ്രാത്ഥിക്കുകയാണു്. അദ്ദേഹത്തിൻെറ നയനങ്ങളിൽനിന്നും കണ്ണുനീർ പൊഴിഞ്ഞുവീഴുന്നുണ്ടായിരുന്നു. ഈ രംഗം ദർശിച്ച കുട്ടച്ചായൻെറ കണ്ണുകളും നിറഞ്ഞു.

ഫാദർ ജോൺ വരാന്തയിലേക്കു വന്നു. "എന്താ, കുട്ടച്ചാ വിശേഷങ്ങൾ."

"ഒന്നുമില്ലച്ചാ."

"മന:സമാധാനമായോ?"

"ഇപ്പോഴാണു് എല്ലാം സമാധാനത്തിലായതു്. അനുഭവം എന്നെ പലതും പഠിപ്പിക്കുന്നു; പഠിപ്പിച്ചു. അങ്ങനെ കൊടുമ്പിരിക്കൊണ്ട സമരരംഗത്തു ജീവിതം അവസാനിക്കാത്ത ഒരു മനുഷ്യനാണു ഞാൻ. എന്നെ രക്ഷിച്ച അങ്ങയുടെ മുന്നിൽ എൻെറ കൈകൾ താനെ കൂമ്പിപ്പോകുന്നു."

ദേവാലയത്തിൽനിന്നും സന്ധ്യമണിയുടെ ണാം, ണാം, ശബ്ദം കേട്ടു. കുട്ടച്ചായൻ ശിരസ്സുതാഴ്ത്തി അല്പസമയം നിന്നു. "അച്ചാ, ഞാൻ പോകുന്നു."

ആഹ്ലാദനിർഭരമായ ഒരു ഹൃദയത്തോടുകൂടി, ഒരു പുതുജീവിതത്തിൻെറ പ്ലാൻ മനസ്സിൽ കെട്ടിപ്പടുത്തുകൊണ്ടു്, കുട്ടച്ചായൻ ബംഗ്ലാവിലേക്കു നടന്നകന്നു.

—ാ—




ജീവചരിത്രപംക്തി

## ദാരിദ്ര്യം വരിച്ച കോടീശ്വരകുമാരി

(ഫാദർ ലേത്തൂസ് സി. ഡി.)

കാതറായിൻ; അതാണു അവളുടെ പേരു്. സുപ്രസിദ്ധ അമേരിക്കൻ കോടീശ്വരനായ ഫ്രാൻസീസു ഡ്റെക്സലിൻെറ പുത്രിയ കുമാരിയാണവൾ. മൂന്നുകോടി എഴുപത്തഞ്ചുലക്ഷം രൂപയിലധികം വരുന്ന ഒരു തുകയാണു് അവൾക്കു പിതൃധനമായി ലഭിച്ചതു്. പ്രതിദിനം അനേകസഹസ്രം രൂപയുടെ ആദായം അവൾക്കു ലഭിച്ചുകൊണ്ടിരുന്നു. അവളുടെ ജീവിതകഥ ഇന്നത്തെ ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടു വിരാജിക്കയാണു്.

"ഫിലാഡൽഫിയായിലെ ഏററം വലിയ മഹതി" എന്ന പേരിൽ അമേരിക്കയിൽ അവൾ അറിയപ്പെടുന്നു. കാതറായിൻ ഡ്റെക്സൽസ് സ്വമനസ്സാ ദാരിദ്ര്യം വരിച്ചു. ദരിദ്രയായി ജീവിക്കുന്നതിൽ അവൾ ആനന്ദം കണ്ടെത്തി. 60 സംവത്സരത്തെ ദരിദ്രജീവിതത്തിനു ശേഷം അവളുടെ 96-ാമത്തെ വയസ്സിൽ 1955 മാർച്ച് 4-ാംനു- വെള്ളിയാഴ്ച അവൾ ദിവംഗമിച്ചു. സാധുജനസംരക്ഷണാത്ഥം സന്യാസവേദിയിൽ ജീവാപ്പണം ചെയ്ത ഈ യോഷാമണി അനേകകോടി രൂപാ ലോകത്തിൻെറ നാനാഭാഗത്തുമുള്ള ധമ്മസ്ഥാപനങ്ങൾക്കായി ദാനം ചെയ്തിട്ടുണ്ടു്.

കുട്ടിക്കാലത്തുതന്നെ കാതറായിൻ സാധുക്കളോടും യാതന അനുഭവിക്കുന്നവരോടും അതിരററ അനുകമ്പ പ്രദശിപ്പിച്ചിരുന്നു. അവൾ ജനിച്ചു അധികമായില്ല; പെററമ്മ അവൾക്കു നഷ്ടമായി. ഒരു സഹോദരിമാത്രമാണവൾക്കു ശേഷിച്ചതു്. പിതാവായ ഡ്റെക്സൽ കോടീശ്വരൻ വീണ്ടും വിവാഹം ചെയ്തു. അദ്ദേഹത്തിനു ഒരു കുമാരി കൂടി ജനിച്ചു. തൻെറ ആസ്തിയെല്ലാം ഈ മൂന്നു കുമാരിമാക്കായി ഒഴിഞ്ഞുകൊടുത്തുകൊണ്ടു് കോടീശ്വരൻ 1885-ൽ ഇഹലോകവാസം വെടിഞ്ഞു. രണ്ടാനമ്മയുടെ മർദ്ദനത്തെ കാതറായിൻ ധീരതയോടെ ചെറുത്തു വിജയംവരിച്ചു. തൻെറ രണ്ടു സഹോദരിമാരോടുകൂടി സാധുക്കളുടെ ഇടയിൽ സേവനത്തിനായി ആ യുവതി ഇറങ്ങിപ്പുറപ്പെട്ടു. അവർ ഒട്ടേറെ ദരിദ്രരെ തൻെറ കോടീശ്വരവസതിയിൽ സ്വീകരിച്ചു സംരക്ഷിച്ചും സല്ക്കരിച്ചും വന്നു. വെസ്റ്റിൻഡ്യൻ ജനതയുടെ ദയനീയസ്ഥിതി കാതറായിൻെറ ഹൃദയത്തെ സ്പശിച്ചു. അവരുടെ ഇടയിൽ അവൾ ഒരു പര്യടനം നടത്തി. സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കിയ ശേഷം അവരുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിലേക്കു് ലോഭംവിനാ അവൾ ധനവ്യയംചെയ്തു. അനേകം വിദ്യാലയങ്ങളും ഒട്ടേറെ ദേവാലയങ്ങളും നീഗ്രോജാതിക്കാക്കുവേണ്ടി അവൾ പണിയിച്ചുകൊടുത്തു.

പ്രശാന്തമതിയും വിശാലഹൃദയയും ആയ ആ യുവതി ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി തൻെറ ആയുസ്സും ആരോഗ്യവും മുഴുവൻ വിനിയോഗിക്കണമെന്നു നിശ്ചയിച്ചു. അതിലേക്കു് അവൾ ഒരു പര്യടനം നടത്തി. റോമയിൽ ചെന്നു പരിശുദ്ധപിതാവു് ലെയോ 13-ാമനെ മുഖം കാണിക്കയും നീഗ്രോ ജാതിക്കാരുടെയിടയിൽ ജോലിചെയ്തു അവരെ ഉദ്ധരിക്കുവാൻ മിഷ്യനറിമാരെ അ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ജെ. എൻ. റാവു
എൻ. സി. ജോൺ ആൻറു് സൺസ് പ്രൈവററു് ലിമിററഡ്
ആലപ്പുഴ

യക്കണമെന്നു അവൾ തീരുമാനസ്സുണർത്തിക്കുകയും ചെയ്തു. ആ യുവതിയുടെ മഹാമനസ്കതയിൽ അഭിമതംകൊണ്ടുകൊണ്ട് തിരുമേനി കോടീശ്വരകുമാരിയോടു ഫലിതമായി പറഞ്ഞു: "കാതറായിനുതന്നെ ഒരു മിഷ്യനറിയായി വേല ചെയ്യരുതോ" എന്നു്! ലെയോൻ മാർപ്പാപ്പായുടെ ഈ ഫലിതപ്രശ്നം യഥാർത്ഥമായി ഭവിക്കുമെന്നു തിരുമേനിയാവട്ടെ, കാതറായിൻ ആവട്ടെ അന്നു സ്വപ്നേപി ചിന്തിച്ചില്ല.

കാലങ്ങൾ കഴിഞ്ഞു. സാധുജനോദ്ധാരണത്തിനുള്ള അവളുടെ ആശ വർദ്ധമാനമായിക്കൊണ്ടിരുന്നു. ചുരുക്കിപ്പറയാം; കാതറായിൻ ലോകത്തോടും അതിൻെറ സൗഭാഗ്യങ്ങളോടും നിത്യമായി യാത്രപറഞ്ഞു. സർവ്വസംഗപരിത്യാഗിനിയായ ഒരു സന്യാസിനിയായിട്ടാണ പിന്നീടു നാം ആ കോടീശ്വരിയെ കാണുന്നതു്. അവളുടെ പരിശ്രമഫലമായി ഒരു സന്യാസിനീസഭ ഉടലെടുത്തു. "ദിവ്യകാരുണ്യസഹോദരിമാർ" എന്ന പേരിൽ ആ സഭ വിശ്വവിഖ്യാതമായിത്തീർന്നിട്ടുണ്ടു്. ഈ സന്യാസസഭയുടെ സ്ഥാപകയാണ കാതറായിൻ ഡ്റെക്സൽ. പ്രസ്തുത സഭയുടെ മദർ ജനറൽ എന്ന നിലയിൽ ദാരിദ്ര്യബ്രഹ്മചര്യങ്ങളുടെ വേദിയിൽ സ്വയാർപ്പണം ചെയ്തുകൊണ്ടു സാധുക്കളായ വെസ്റ്റിൻഡ്യൻജനതയുടെ സമുദ്ധാരണത്തിനായി ഇക്കഴിഞ്ഞ 60 സംവത്സരക്കാലം ആ കന്യക അശ്രാന്ത പരിശ്രമംചെയ്തു. കൊട്ടാരത്തിൽനിന്നു കുടിലുകളിലേക്കിറങ്ങി ദാരിദ്ര്യദേവിയെ സോന്മേഷം ആശ്ലേഷിച്ച ആ കോടീശ്വരിയെ മദർ കാതറായിൻ ഡ്റെക്സൽ എന്ന പേരിൽ ലോകം ഇന്നു അറിയുന്നു.

"കരുണയുടെ കന്യാസ്ത്രീകൾ" നടത്തുന്നനവസന്യാസഭവനത്തിൽ ചെന്നു കാതറായിൻ തൻെറ "നൊവിസ്യാത്തു" കഴിച്ചു. കാതറായിൻെറ ശ്രമഫലമായി രൂപമെടുത്ത പുതിയ സന്യാസസഭയുടെ ഒന്നാമത്തെ "സുപ്പീരിയർ"ആയി ആർച്ചുബിഷപ്പു റെയാൻ അവളെ അവരോധിച്ചു. ഡ്റെക്സൽ കോടീശ്വരൻെറ കൊട്ടാരം പുതിയ സന്യാസസഭയുടെ മാതൃഭവനമായി രൂപാന്തരപ്പെട്ടു. ഇക്കഴിഞ്ഞ അരശതാബ്ദത്തിനിടകൊണ്ടു് ഈ സഭയിൽ 500-ൽപരം അംഗങ്ങൾ ഉണ്ടായിട്ടുണ്ടു്. എഴുപതോളം സ്കൂളുകൾ അവർ നടത്തിവരുന്നു. അമേരിക്കൻ ഐക്യനാടുകളിൽ കാപ്പിരികൾക്കു് ഒരു സർവ്വകലാശാലമാത്രമാണുള്ളതു്. അതു് ഈ സഭക്കാർ ന്യൂ ഓർലിയൻസിൽ നടത്തുന്ന നീഗ്രോ യൂനിവേഴ്സിററിയാണു്. "സേവിയർ" സർവ്വകലാശാല എന്ന നാമത്തിൽ അതറിയപ്പെടുന്നു.

കാതറായിൻെറ സഹോദരിമാർ രണ്ടുപേരും വൈവാഹികജീവിതമാണ സ്വീകരിച്ചതു്. എങ്കിലും ധർമ്മസ്ഥാപനങ്ങളും സ്കൂളുകളും സ്ഥാപിക്കുന്നതിനായി വളരെയധികം പരിശ്രമിക്കയും പണസഹായം ചെയ്തു തങ്ങളുടെ സഹോദരിയുടെ പരിശ്രമങ്ങളെ പ്രോൽസാഹിപ്പിക്കയും ചെയ്തിട്ടുണ്ടു്. കോടീശ്വരകുമാരിയുടെ സന്യാസസഭ അതിൻെറ സുവർണ്ണജൂബിലിയാഘോഷിച്ച സന്ദർഭത്തിൽ പരിശുദ്ധപിതാവു പന്ത്രണ്ടാംപീയൂസ് തിരുമനസ്സുകൊണ്ടു് സ്ഥാപകയേയും സഭാംഗങ്ങളേയും അഭിനന്ദിക്കുന്ന ഒരു മംഗളസന്ദേശം അവൾക്കയച്ചുകൊടുത്തു. 1936-ൽ കർദ്ദിനാൾ ഡോഗർട്ടി ചെയ്ത ഒരു പ്രസ്താവനയിൽ അമേരിക്കയിലും മററു രാജ്യങ്ങളിലുമുള്ള ധർമ്മസ്ഥാപനങ്ങൾക്കായി മദർ കാതറായിൻ 60000000 (ആറുകോടി) യിലധികം രൂപാ സംഭാവന ചെയ്തിട്ടുണ്ടെന്നു എടുത്തു കാണിക്കുകയുണ്ടായി. 1952-ൽ അമേരിക്കയിലെ കാത്തലിക്കു് വനിതാസംഘക്കാർ "ഫിലാഡൽഫിയായിലെ ഏററം മഹതിയായ സ്ത്രീ" എന്നുല്ലേഖനം ചെയ്തിരിക്കുന്ന ഒരു പാരിതോഷികവും 1000 ഡോളറിൻെറ ഒരു ചെക്കും മദർ കാതറായിൻെറ സേവനത്തെ ശ്ലാഘിച്ചുകൊണ്ടു സമ്മാനിച്ചു. ധർമ്മസ്ഥാപനങ്ങൾക്കുവേണ്ടി നിർല്ലോഭം പണസഹായം ചെയ്തിരുന്ന കോടീശ്വരകുമാരി, അവൾ സ്ഥാപനകർമ്മം നിർവ്വഹിച്ച "ദിവ്യകാരുണ്യസഹോദരിമാ"രുടെ സഭയ്ക്കും ഒരുറച്ച സാമ്പത്തികനില സൃഷ്ടിച്ചുവച്ചിട്ടുണ്ടു്. അവളുടെ സന്യാസജീവിതം ഏററം മാതൃകായോഗ്യമായിരുന്നു. ആരുടെ സഹധർമ്മിണി എന്നു അവൾ അഭിമാനിച്ചിരുന്നുവോ ആ ക്രൂശിതനായ ഈശോയോടു സാധർമ്മ്യം പുലർത്തുമാറു അവൾ സർവ്വത്ര ദാരിദ്ര്യചൈതന്യത്തോടെ ആജീവനാന്തം വർത്തിച്ചു എന്നുള്ളതാണ അവളുടെ വലിയ വിജയം.

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

(11-ാംപേജ് തുടർച്ച)

ലയിലേക്കു മടങ്ങി. കിഴവനെപ്പററി വൈമനസ്യപൂർവ്വകമായ അഭിമാനം പീലാത്തോസിനു തോന്നി. ബറാബാസിൻെറ കൂട്ടുകെട്ടിൽ പുരോഹിതവർഗ്ഗം കുടുങ്ങിയതിനെ തുടർന്നു് അവർക്കെതിരായി നടപടി എടുക്കുമെന്നുള്ള ഭീതിയുണ്ടായിരുന്ന സ്ഥിതിക്കും, തന്നെ —പ്രൊക്കുറയിററെ—സമീപിച്ചു് ഒരഭ്യർത്ഥന നടത്താമെന്നു് അന്നാസ് തീരുമാനിച്ചതു് നയതന്ത്രപരമായ ഒരൊന്നാംതരം മുന്നേററമായി പീലാത്തോസ് പരിഗണിച്ചു. സന്ദർശനത്തിൻെറ സമാപനവും അന്നാസിനെ സംബന്ധിച്ചിടത്തോളം നിരാശാജനകമായിരുന്നില്ലാ. റോമിൻെറചരിത്രത്തിൽ ശോഭനമല്ലാതിരുന്ന ഒരു ഘട്ടം—സ്പാർട്ടാക്കസിൻെറ പ്രക്ഷോഭണകാലം—അനുസ്മരിപ്പിച്ചു്, മൂടിപ്പൊതിഞ്ഞ ഒരു ഭീഷണിയിൽനിന്നു് മുതലെടുക്കുവാനായിരുന്നല്ലോ അദ്ദേഹത്തിൻെറ ഉദ്യമം.

"സൂത്രശാലിയായകുറുക്കൻ! എന്നാലും, പൂക്കൾ വിതറിയ വഴിയിൽക്കൂടിഅയാൾ മുമ്പോട്ടു നീങ്ങുവാൻ പോകുന്നില്ലാ. ബറാബാസുമായി ഉപജാപവൃത്തിയിലേർപ്പെട്ടതിനെപ്പററി അന്നാസ് വിനാവിളംബം വിഷാദിക്കുകതന്നെചെയ്യും" എന്നിങ്ങനെ പീലാത്തോസ് സ്വയം മന്ത്രിച്ചു. ഗവർണ്ണരുമായുണ്ടായ കൂടിക്കാഴ്ചയിലെ സംഭവവികാസങ്ങളെപ്പററി അന്നാസ് പരിപൂർണ്ണം സംതൃപ്തനായിരുന്നു. തന്ത്രം കൊണ്ടു് പുരോഹിതവർഗ്ഗത്തെ ആപത്തിൽനിന്നു രക്ഷിച്ചതുതന്നെ വൻകാര്യമായിരുന്നല്ലോ. ക്രീഡാരംഗത്തു് ബറാബാസിനുണ്ടാകാമായിരുന്ന അനുഭവങ്ങളെപ്പററി അന്നാസ് ചിന്തിച്ചതേയില്ലാ. ദേവാലയം ലക്ഷ്യമാക്കി പല്ലക്കു് നീങ്ങുകയിൽ "ഇഷ്ടമുള്ളവിധം ആ മണ്ടൻ വിനോദിക്കട്ടെ. ഏതായാലും ഞങ്ങളുടെ ഉദ്ദേശ്യം അയാൾ സാധിച്ചു തരികതന്നെചെയ്യും" എന്നായിരുന്നു അന്നാസിൻെറ ആത്മഗതം.

വിദേശികൾ ധാരാളം ദേവാലയ സന്ദർശനത്തിനായി സമ്മേളിച്ച തക്കംനോക്കി പ്രവൃത്തി ചെയ്യുവാൻ പാദചാരികളായ കച്ചവടക്കാർ ഒട്ടുവളരെ തെരുവുകളിൽ കാണപ്പെട്ടു. ദേവാലയമുററത്തു് വിററഴിക്കുവാൻ കഴിയാതിരുന്ന അനേകശതം മേഷശാവകങ്ങൾ അവയുടെ കാലുകൾ നിഷ്ഠുരമായി കൂട്ടിക്കെട്ടിയതുമൂലവും ആഹാരവിരഹം കൊണ്ടും ക്ഷീണിച്ചു് ശബ്ദമുയർത്താൻ ശക്തരാകാതെ മരവണ്ടികളിൽ കിടന്നുഴലുന്നുണ്ടായിരുന്നു.

ബന്ധിതരായ മേഷശിശുക്കളെ നോക്കിക്കൊണ്ടു് അന്നാസ് താണസ്വരത്തിൽ പറഞ്ഞു: "അയാളെ ഇതുപോലെ തന്നെ ഞങ്ങൾ ബന്ധിക്കും". ഉന്നതാചാര്യൻ നസ്രായൻെറ കാര്യം ഊന്നിപ്പറയുകയാണ ചെയ്തതു്.

(തുടരും)

വിമർശനപംക്തി

# ലൂർദ്ദിലെ പ്രത്യേകതകൾ

5. മിസ്സസ് റൂത്തു ക്രാൻസ്റ്റൻെറ പണ്ഡിതോചിതമായ പ്രതിപാദനത്തിൽനിന്നും അനിഷേദ്ധ്യങ്ങളായി ചില വസ്തുതകൾ തെളിയുന്നു. A. വൈദ്യശാസ്ത്രത്തിനു ശമിപ്പിക്കുക സാദ്ധ്യമല്ലാത്ത രോഗങ്ങൾ പലതും ലൂർദ്ദിൽ വച്ചു പൊടുന്നനവെ ഭേദപ്പെടുന്നുണ്ടു്. ലൂർദ്ദിലെ ഈ രോഗശമനങ്ങളിൽ പ്രകൃതിഗതിക്കു വിരുദ്ധവും, വൈദ്യശാസ്ത്രവിധിക്കു പ്രതികൂലവുമായ ചില പ്രത്യേകതകൾ ദൃശ്യമാകുന്നുണ്ടു്.

(1) യാതൊരു ഔഷധവും സേവിക്കാതെയാണു് രോഗശാന്തി ഉണ്ടാകുന്നതു്. (2) ശരീരാവയവങ്ങൾക്കു സാരമായ കേടു ഭവിപ്പിക്കുന്ന ഭയങ്കരരോഗങ്ങൾതന്നെയും ഒരു നിമിഷംകൊണ്ടു സുഖപ്പെടുന്നു. (3) രോഗം മാറിയശേഷം ക്ഷീണം മാറുന്നതിനു കാലവിളംബം ആവശ്യമായിരിക്കുന്നില്ല. (4) രോഗശമനങ്ങളുടെ രീതിയിലോ സാഹചര്യങ്ങളിലോ യാതൊരു നിശ്ചിതത്വവും ഐകരൂപ്യവുമില്ല. (5) രോഗശമനത്തിനു മുൻപു് അതിൻെറ ഒരു മുന്നറിയിപ്പോ എന്നു തോന്നുമാറു് രോഗിയുടെ ശരീരത്തിൽ കഠിനമായ വേദനയും ആത്മാവിൽ ഉഗ്രമായ സ്തോഭങ്ങളുമുണ്ടാകുന്നു

(6) കേടുതട്ടുകയോ നാശം ഭവിക്കുകയോ ചെയ്തിട്ടുള്ള ശരീരാവയവങ്ങൾ സുഖപ്പെട്ടശേഷവും അവിടെ അസാധാരണമായ ചില പൊററകളോ വടുക്കളോ ഉണ്ടാകുന്നു. (7) രോഗം പിടിപെട്ട ശരീരാവയവങ്ങൾ പൂർവ്വസ്ഥിതിയെ പ്രാപിച്ചില്ലെങ്കിലും പ്രാപിച്ചാലുണ്ടാകുന്നവിധം അവ സ്വധർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കുന്നു. ഈ പ്രത്യേകതകളിൽ ഒന്നോ അതിലധികമോ ലൂർദ്ദിൽ നടക്കുന്ന രോഗശാന്തികളിലെല്ലാം കാണാറുണ്ടു്. ഔഷധപ്രയോഗത്താലോ, പ്രകൃതിശക്തികൾ ഉപയോഗിച്ചുള്ള മറേറതെങ്കിലും വിധത്തിലോ നടക്കുന്ന രോഗശമനങ്ങളിൽ സാധാരണ ഉണ്ടാകാത്തതും, വൈദ്യശാസ്ത്രവിധിയനുസരിച്ചു് ഉണ്ടാകാൻ ന്യായമില്ലാത്തതുമാണു് ഈ പ്രത്യേകതകൾ.

B. ഈ രോഗശമനങ്ങളുടെ കാരണമെന്തു്? ലൂർദ്ദിലെ വെള്ളത്തിനു എന്തെങ്കിലും ഔഷധശക്തിയോ രോഗശമനക്ഷമമായ പ്രത്യേകതകളോ ഇല്ല. ജലം ഉപയോഗിക്കുന്ന രോഗികളെല്ലാം സുഖംപ്രാപിക്കുന്നില്ല; ഉപയോഗിക്കാത്തവർ സുഖംപ്രാപിക്കുന്നുമുണ്ടു്. ഒരേതരം രോഗികൾ ആ ജലം ഉപയോഗിച്ചിട്ടു ഫലം ചിലപ്പോൾ വിപരീതമാണു്. ഭയങ്കരങ്ങളും, ജന്മനായുള്ളതും, ദീർഘകാലികങ്ങളും, അനേകചികിത്സകൾക്കു ശേഷം വൈദ്യവിദഗ്ദ്ധന്മാർ തീരെ കൈയൊഴിഞ്ഞതുമായ രോഗങ്ങൾ ഞൊടിയിടകൊണ്ടു സുഖപ്പെടുന്നുണ്ടു്. ഇങ്ങനെയുള്ള വ്യത്യസ്തങ്ങളും വിപരീതങ്ങളുമായ സാഹചര്യങ്ങളാലോചിക്കുമ്പോൾ പ്രസ്തുത ജലമല്ലാ രോഗശമനത്തിനു കാരണമെന്നു തീർച്ചയാണു്. ഈ ജലത്തിനു രോഗഹരങ്ങളായ യാതൊരു വിശേഷഗുണങ്ങളുമില്ലെന്നു മാത്രമല്ല, മററു സ്ഥലങ്ങളിലാണെങ്കിൽ രോഗസംക്രമണക്ഷമങ്ങളായ പല രോഗാണുക്കളും ഈ ജലത്തിൽ സംക്രമിച്ചാലും രോഗം പകരുകയില്ലെന്നും തെളിഞ്ഞിട്ടുണ്ടു്.

C. ലൂർദ്ദിലെ ആദ്ധ്യാത്മികമായ അന്തരീക്ഷം—അവിടെ പ്രകടിതമാകുന്ന ഭക്തിയും വിശ്വാസവും—ആണോ രോഗശാന്തിക്കു നിദാനം? രോഗം ശമിക്കുമെന്നുള്ള അത്യാശ, ശമനം പ്രാപിക്കാതിരിക്കുകയില്ലെന്നുള്ള ദൃഢവിശ്വാസം, എങ്ങിങ്ങനെ സ്വയമായോ പരപ്രേരണയാലോ ഭക്തിസംവർദ്ധകമായ ലൂർദ്ദിലെ സാഹചര്യങ്ങളാലോ രോഗികളിലുണ്ടാകുന്ന സ്തോഭങ്ങളും തൽഫലമായി സിരാഘടനയിലുണ്ടാകുന്ന അവസ്ഥാഭേദങ്ങളുമാണോ ഈ രോഗശാന്തികൾക്കു കാരണം? താദൃശമായ അത്യാശയോ ദൃഢവിശ്വാസമോ അശേഷവുമില്ലാതെ ബന്ധുമിത്രാദികളുടെ നിർബന്ധത്താൽ മാത്രം ലൂർദ്ദിൽ വന്നിട്ടുള്ള അവിശ്വാസികളും, ആ മനോഭാവമുണ്ടാകാൻ പ്രായമാകാത്ത കുഞ്ഞുങ്ങളും രോഗശമനം പ്രാപിക്കുന്നുണ്ടു്. നേരെമറിച്ചു് അത്യാശയോടും ദൃഢവിശ്വാസത്തോടുംകൂടി അവിടെ വരികയും വളരെനാൾ താമസിച്ചു് തനിച്ചും മററുള്ളവരോടൊന്നിച്ചും അത്യന്തം ഭക്തിപുരസ്സരം പ്രാർത്ഥനകളും വഴിപാടുകളും മററും അർപ്പിക്കുകയും ചെയ്യുന്ന രോഗികൾ സുഖംപ്രാപിക്കാതെ മടങ്ങിപ്പോകുന്നു.

D. യുക്തിവാദി, അന്ധമായി വിശ്വസിക്കുന്നതുപോലെ വൈദ്യശാസ്ത്രത്തിനു ഇനിയും അജ്ഞാതമായിരിക്കുന്ന ശരീരത്തിലെ വല്ല നിഗൂഢശക്തികളുമായിരിക്കുമോ രോഗശമനങ്ങൾക്കു കാരണം? അതാണ കാരണമെങ്കിൽ, പ്രകൃതിശക്തികളുടെ വ്യാപാരങ്ങൾക്കു സഹജമായ നിശ്ചിതത്വവും ഐകരൂപ്യവും പ്രസ്തുത നിഗൂഢശക്തികളുടെ വ്യാപാരത്തിലും കാണേണ്ടതാണല്ലോ. എന്നാൽ അനുഭവം നേരെമറിച്ചാണു്. ഏതേതു രോഗികൾക്കു്, ഏതേതു അവസ്ഥയിലിരിക്കുമ്പോൾ, ഏതേതു സമയങ്ങളിൽ, ഏതേതു സ്ഥലത്തുവച്ചു്, ഏതേതു സാഹചര്യങ്ങളിൽ സുഖം ലഭിക്കുമെന്നു് ആർക്കും ഒരിക്കലും നിർണ്ണയിക്കുവാൻ പാടില്ലാത്തവണ്ണം അത്ര അനിശ്ചിതമായും വൈവിദ്ധ്യത്തോടുകൂടിയുമാണ ലൂർദ്ദിൽ രോഗശമനങ്ങളുണ്ടാകുന്നതു്. അതു മാത്രമോ, ഇതേവരെ അറിയപ്പെട്ടിട്ടുള്ളതും വൈദ്യശാസ്ത്രം വിധിച്ചിട്ടുള്ളതുമായ രീതിക്കു പ്രത്യക്ഷവിരുദ്ധമായ പ്രത്യേകതകളോടുകൂടി അവിടെ രോഗശമനങ്ങൾ നടക്കുന്നതുകൊണ്ടു്, പ്രകൃതിയിലെ ഏതെങ്കിലും നിഗൂഢശക്തിയാണു് അവയ്ക്കു കാരണമെന്നുവന്നാൽ ആ ശക്തിയുടെ വ്യാപാരം ഇതേവരെ വൈദ്യശാസ്ത്രത്തിനു അറിയപ്പെട്ടിട്ടുള്ള ശക്തികളുടെ വ്യാപാരങ്ങളെ ശിഥിലീഭവിപ്പിക്കുന്നെന്നും തന്മൂലം ഇന്നത്തെ വൈദ്യശാസ്ത്രം ഒരു ശാസ്ത്രമേ അല്ലെന്നും സമ്മതിക്കേണ്ടിവരും. അതിനാൽ പ്രകൃതിയിലെ യാതൊരു നിഗൂഢശക്തിയുമല്ല രോഗശമനങ്ങൾക്കു കാരണമെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

രോഗശാന്തിക്കു നിദാനമായി ഉന്നയിക്കപ്പെടുന്ന ഈ അഭ്യൂഹങ്ങളെല്ലാം തെററാണെന്നാണു് റഡരുടെ അനുഭവം തെളിയിക്കുന്നതു്.

6. ബൽജിയത്തിൽ ജേബെക്കു് എന്ന സ്ഥലത്തു ജീവിച്ചിരുന്ന 50 വയസ്സു പ്രായമുള്ള ഒരു വിറകുവെട്ടിയായിരുന്നു പീയേർ ദി റഡർ. 1867-ൽ ഒരു മരംവീണു് റഡറുടെ കാൽ ഒടിഞ്ഞു. ഒടിഞ്ഞ സ്ഥലം എട്ടുകൊല്ലത്തേക്കു വീണ്ടി വ്രണപ്പെട്ടു ചലം ഒലിച്ചുകൊണ്ടിരിക്കുകയും തന്മൂലമുള്ള പനിയാൽ ആയാൾ മരിക്കുകയേയുള്ളു എന്ന നിലയിൽ എത്തുകയുംചെയ്തു. അനേകചികിത്സകൾ ചെയ്തശേഷം വൈദ്യന്മാർ കൈയൊഴിഞ്ഞു. ഒടുവിൽ ആയാൾ ബൽജിയത്തിൽ തന്നെ ഊസ്റ്റക്കർ എന്ന സ്ഥലത്തു ലൂർദ്ദുമാതാവിൻെറ നാമത്തിലും ലൂർദ്ദിലുള്ള മാതിരിയിലും സ്ഥാപിച്ചിട്ടുള്ള ഗ്രോട്ടോയിൽചെന്നു ദൈവമാതാവിൻെറ സഹായം അഭ്യർത്ഥിച്ചു.

റഡർ അവിടെ ചെന്നപ്പോൾ ആയാളുടെ രോഗസ്ഥിതി ഏതാണ്ടു് ഇപ്രകാരമായിരുന്നു. കാലിൽ രണ്ടു വിരൽപ്പാടു വിസ്താരമുള്ള ഒരു വ്രണം; അതിനകത്തു് ഒടിഞ്ഞ എല്ലിൻെറ രണ്ടററവും കറുത്തു ചലവുമൊഴുക്കി നിന്നിരുന്നു. ഒടിഞ്ഞ എല്ലുകളുടെ അഗ്രങ്ങൾ, കാൽ നിവർത്തിവച്ചാൽ ഒരിഞ്ചു അകലത്തിലും കാൽ മടക്കുമ്പോൾ വ്രണത്തിൽക്കൂടി പുറത്തേക്കു തള്ളിയും നിന്നിരുന്നു; വിരലുകൾ പിറകോട്ടു തിരിയത്തക്കവിധത്തിൽ കാൽ തിരിക്കുവാൻ വിഷമമില്ലായിരുന്നു. റഡർ വടി ഊന്നി ഇഴഞ്ഞുവലിഞ്ഞാണ നടന്നിരുന്നതു്. വഴിക്കെല്ലാം ചലവും ഒഴുകിവീണുകൊണ്ടിരുന്നു. ഇത്ര ദയനീയമായ ഒരു സ്ഥിതിയിലാണു് റഡർ ഗ്രോട്ടോയിലെത്തിയതു്.

അവിടെച്ചെന്നു ദൈവമാതാവിനോടു പ്രാർത്ഥിച്ചതോടുകൂടി കാലിൻെറ മുറിവു പൊടുന്നനവെ സുഖപ്പെട്ടു. ഒടിഞ്ഞ ഭാഗം വന്നു നികരുകയും, ചലം വാർച്ച നില്ക്കുകയും ആയാൾ മുടന്താതെ തന്നെ നടന്നുതുടങ്ങുകയും ചെയ്തു. റഡർ പിന്നെയും 25 കൊല്ലം, വിറകുവെട്ടുന്ന ശ്രമകരമായ ജോലിയിൽതന്നെ വ്യാപൃതനായി ജീവിക്കുകയുണ്ടായി. സംഭവം നടന്ന ദിവസം മുതൽക്കേ ശാസ്ത്രീയമായ അനേകം അന്വേഷണങ്ങൾക്കും, വിമർശങ്ങളായ പലപ്രസിദ്ധീകരണങ്ങൾക്കും വിഷയമായിത്തീരുകയും, തന്മൂലം ചരിത്രപ്രസിദ്ധിയാർജിക്കുകയും ചെയ്തിട്ടുള്ള ഒരു രോഗശമനമാണിതു്. ഈ സംഭവത്തിൻെറ യാഥാർത്ഥ്യത്തെ യുക്തിവാദികൾക്കുപോലും ഒരു വിധത്തിലും സംശയിക്കുവാൻ പാടില്ലാത്തവിധം അത്രയധികം തെളിവുകൾ പണ്ഡിതന്മാരും സത്യസന്ധന്മാരുമായ ദൃക്സാക്ഷി

(ശേഷം 7-ാം പേജിൽ)

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ അപ്പൻെറ അസാദ്ധ്യമായിരുന്ന സുഖക്കേടു് മാറിയതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

M. D. Jose, Ollur.

## Thanksgiving

For Favours received through the intercession of St. Pius X

K. T. Paul, Khalari

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 18 (തുടർച്ച)

## ചതുരമായ ഒരുപായം

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

അന്നാസ് എണീററുകഴിഞ്ഞു: "നിങ്ങളുടെ സാഹചര്യങ്ങളെപ്പററി—നിങ്ങളുടേതു് എന്നുതന്നെ ഞാൻ പറയുന്നു—എനിക്കറിയാവുന്നതിൽ കൂടുതൽ താങ്കൾക്കറിഞ്ഞുകൂടാ എന്നു കാണുന്നതിൽ ഞാൻ ദുഃഖിക്കുന്നു. ആകയാൽ ഉത്തമമെന്നു എനിക്കു തോന്നുന്ന വിധം മറുപടി തയ്യാറാക്കി ഞാൻ റോമായിലേക്കയച്ചുകൊള്ളാം."

"നില്ക്കൂ", പീലാത്തോസ് സഗൗരവം പറഞ്ഞു: "നിങ്ങൾ എന്താണാവശ്യപ്പെടുന്നതു്? പറയൂ."

എണീററതുപോലെതന്നെ പെട്ടെന്നിരുന്നിട്ടു് അന്നാസ് ചോദിച്ചു: "അങ്ങു് ഉദ്ദേശിക്കുന്നതെന്താണാവോ?"

"ഈ ബറാബാസ്കാര്യം വിസ്മൃതിയിൽ പൂഴ്ത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്ന പ്രതിഫലം എന്താണെന്നു ഞാൻ ചോദിക്കുകയായിരുന്നു."

"ഞാൻ പ്രതിഫലം ചോദിക്കുകയോ?" പുരോഹിതൻ വിസ്മയപൂർവ്വം പ്രസ്താവിച്ചു: "പ്രൊക്കുറയിറ്റർ, ഞാൻ അങ്ങേയ്ക്കൊന്നാംതരം ഒരുപകാരം ചെയ്യുവാൻ ഉദ്ദേശിച്ചുമാത്രം വന്നതാണു്."

"അങ്ങനെയാകട്ടെ. ആ ഉപകാരം എന്തെന്നു എന്നെ മനസ്സിലാക്കൂ."

"വളരെ ആപല്ക്കരമെന്നെനിക്കു തോന്നിയ ഒരു പ്രസ്ഥാനത്തിന്റെ സംഗതിയിലേക്കു അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ നിർബന്ധിതനാകുന്നു."

"നിങ്ങൾ സമ്പർക്കംപുലർത്തുന്ന മറെറാരു ബറാബാസിന്റെ കാര്യമാണോ?"

"ആ പ്രസ്ഥാനവുമായി ഞങ്ങൾക്കു യാതൊരു സമ്പർക്കവുമില്ല. പ്രസ്ഥാനത്തിന്റെ നടുനായകൻ നസ്രത്തിലെ ഈശോ എന്ന ഒരു പ്രക്ഷോഭകനാണു്. അങ്ങു അയാളെപ്പററി കേട്ടിട്ടുണ്ടായിരിക്കണം."

"ഉവ്വ്, ഉവ്വ്, ഞാൻ ഈ മനുഷ്യനെപ്പററി കേട്ടിട്ടുണ്ടു്. എനിക്കു കിട്ടിയ അറിവു അയാൾ നാട്ടിൽ അങ്ങുമിങ്ങും ചുററിസഞ്ചരിച്ചു് ധർമ്മനിഷ്ഠയും ദൈവസ്നേഹവും പ്രസംഗിക്കുന്ന ഒരുത്സാഹമൂർത്തിമാത്രമാണെന്നാണു്. ഒട്ടധികം അത്ഭുതകൃത്യങ്ങൾ അയാൾ നിർവ്വഹിച്ചിട്ടുണ്ടെന്നും പ്രസ്താവമുണ്ടു്."

"ധർമ്മനിഷ്ഠയും ദൈവഭക്തിയും പ്രസംഗിച്ചുനടക്കുന്നതായി ഭാവിക്കുന്ന ഈ മനുഷ്യനു് പ്രത്യക്ഷത്തിൽ അവയോടു പൊരുത്തമില്ലാത്ത ഉദ്ദേശ്യമുണ്ടു്. ഒട്ടനേകംപ്രാവശ്യം താൻ യഹൂദന്മാരുടെ രാജാവാണെന്നു പ്രഖ്യാപിക്കപ്പെടുവാൻ ഈ മനുഷ്യൻ ആഗ്രഹിച്ചു എന്ന സംഗതി ഇവിടുത്തേക്കറിയാമായിരിക്കുമോ?"

അവജ്ഞാസൂചകമായി പീലാത്തോസ് കൈയുയർത്തി: "അയാളുടെ അനുയായികൾ അയാളെ രാജാവായി പ്രഖ്യാപിക്കുവാൻ ആഗ്രഹിച്ചുവെന്നും നിന്ദാവഹമായ ആ ഉദ്ദേശ്യം അയാൾ സദാ പ്രതികൂലിച്ചുവെന്നുമാണു് ഞാനറിയുന്നതു്."

"തനിക്കു വേണ്ടത്ര ശക്തിയില്ലെന്നയാൾ കണ്ടതുകൊണ്ടുമാത്രം എന്നാൽ ഇപ്പോൾ ആ സ്ഥിതിയൊക്കെ ഭേദപ്പെട്ടിരിക്കുകയാണു്. അനുയായികളോടുകൂടി ജറുസലേമിലേക്കു വരുവാനുള്ള ധാർഷ്ട്യം അയാൾക്കുണ്ടായിക്കഴിഞ്ഞിരിക്കുന്നു."

"എന്റെ അറിവു തെററല്ലെങ്കിൽ നിങ്ങളുടെ മതപരമായ ആഘോഷങ്ങൾ സംബന്ധിച്ചു് ധാരാളം യഹൂദന്മാർ ജറുസലേമിലേക്കു വരിക പതിവാണല്ലോ" പീലാത്തോസ് തട്ടിമുട്ടിപ്പറഞ്ഞു.

"പെസഹാതിരുനാളിനു് ഒട്ടുവളരെ ആളുകൾ ജറുസലേമിൽ വരുന്നുവെന്നുള്ളതു് ശരിയാണു്. എന്നാൽ ഈ നസ്രായനും അയാളുടെ അനുയായികളും ജറുസലേമിൽ വരുന്നതു പെസഹാ ആഘോഷിക്കുവാനല്ലാ, കുഴപ്പവും വഴക്കും ഉണ്ടാക്കുവാനാണു്."

"അങ്ങനെയോ?" അരങ്ങു മുഷിഞ്ഞുവെന്ന സൂചന പീലാത്തോസിന്റെ സ്വരത്തിലുണ്ടായിരുന്നു. ഉന്നതാചാര്യന്റെ ലക്ഷ്യം മനസ്സിലാക്കാതെ ആ സ്ഥാനി കുഴങ്ങുകയായിരുന്നു. "ഏതായാലും ഈ നസ്രായൻ ഈശോ അസമർത്ഥനായ ഒരു വിപ്ലവകാരിയാണെന്നു തോന്നുന്നു. ബറാബാസിനെക്കാൾ വളരെയധികം മോശം. അയാളോ അനുയായികളോ യാതൊരായുധവും ധരിക്കാറില്ലെന്നു ഞാൻ അറിയുന്നു. റോമൻസേനാസമൂഹങ്ങളുമായി വഴക്കിനൊരുങ്ങി അയാൾ ജറുസലേമിലേക്കു വരുന്നുവെന്നതു് വളരെ വിചിത്രമായി തോന്നുന്നു. ഇവിടെയുള്ള കാവൽപ്പട്ടാളം ബലിഷ്ഠമാണു്. ഈ അവസ്ഥയിൽ നസ്രായന്റെ ഉദ്യമത്തെപ്പററി എന്തു പറയാനാണു്?" പീലാത്തോസ് തുടർന്നു പ്രസ്താവിച്ചു.

പ്രൊക്കുറയിററുടെ സ്വരത്തിലുണ്ടായിരുന്ന പുച്ഛരസം അന്നാസനുഭവിക്കാതിരുന്നില്ല. ആചാര്യന്റെ കൈ വിറച്ചു, എങ്കിലും തെളിഞ്ഞ ശബ്ദത്തിൽ അദ്ദേഹം തുടർന്നുപറഞ്ഞു: "എന്നെ തെററിദ്ധരിക്കുവാനാവശ്യമില്ല, പ്രൊക്കുറയിററർ. ഈ നസ്രായൻ ഈശോ സാധാരണഗതിയിലുള്ള ഒരു പ്രക്ഷോഭകാരിയല്ല. അയാൾ സായുധഹിംസ നടത്തുന്നില്ല. പക്ഷെ അയാളുടെ പ്രവർത്തനരീതി കൂടുതൽ വിനാശകരമാണു്. ആ രീതി പ്രജാപ്രകോപമുളവാക്കുന്നു, ജനങ്ങളുടെ മനസ്സു് അധികാരികളിൽനിന്നകററുന്നു. സാധാരണ ബുദ്ധിപോലുമില്ലാത്ത ബഹുജനങ്ങളിൽനിന്നു നിയമത്തോടുള്ള ആദരവും അധികാരികളോടുള്ള വിധേയത്വവും അയാൾ എടുത്തുകളയുന്നു."

"നിങ്ങൾ മോശയുടെ നിയമത്തെപ്പററിയും യഹൂദപുരോഹിതന്മാരുടെ അധികാരത്തെക്കുറിച്ചുമാണു് പറയുന്നതു്. അങ്ങനെയല്ലേ?"

"രാജാധികാരത്തെക്കുറിച്ചും പറയുകയാണു്. എല്ലാ മനുഷ്യരും സമന്മാരാണെന്നുള്ള തത്വം, പ്രൊക്കുറയിററർ, അങ്ങയുടെ അധികാരത്തേയും ശിഥിലീകരിക്കും, തീർച്ച തന്നെ. ആ തത്വത്തിനു് പ്രചുരമായ പ്രചാരം സിദ്ധിച്ചാൽ റോമാസാമ്രാജ്യത്തിനു് മൊത്തത്തിൽ നിസ്സാരമല്ലാത്ത അനർത്ഥങ്ങൾ ഉളവാകും. അതുകൊണ്ടാണു് ആപൽക്കരമായ ഈ പ്രസ്ഥാനത്തെ പ്രതിരോധിക്കേണ്ട ചുമതല അങ്ങേക്കുള്ളതു്."

ഇപ്പോഴേക്കും ഉന്നതാചാര്യൻ തന്നെ സമീപിച്ചതെന്തിനെന്നു് പീലാത്തോസിനു മനസ്സിലായി. ബറാബാസുമായുണ്ടായ കൂട്ടുകെട്ടു് ദുർബലപ്പെട്ടതോടുകൂടി ഉപദ്രവകാരിയായ ഈ മതോപദേഷ്ടാവിനെ തട്ടിക്കളയേണ്ടതാവശ്യമായി പുരോഹിതവർഗ്ഗത്തിനു തോന്നിയതുകൊണ്ടു് അവർ തന്റെ സഹായം അഭ്യർത്ഥിച്ചുവന്നുവെന്ന ദ്ദേഹം ധരിച്ചു. പുരോഹിതന്മാർ താനുമായി ചെയ്യാനുദ്ദേശിച്ച സഖ്യത്തിന്റെ ബഹിർരേഖകൾ കാണുവാൻ അദ്ദേഹത്തിനു സാധിച്ചു. "ഈ നസ്രായൻ ഈശോമൂലം ഇവിടെ ഞങ്ങൾക്കുപദ്രവം ഉണ്ടാകാതിരിക്കുന്നപക്ഷം ഞങ്ങൾമൂലം നിങ്ങൾക്കു റോമായിൽ യാതൊരുപദ്രവവും ഉണ്ടാകുകയില്ല" ഇതായിരിക്കാം അവരുടെ സന്ധിവ്യവസ്ഥ. സന്ധിസംബന്ധിച്ച അനന്തരനടപടികളിലേക്കു പീലാത്തോസിന്റെ ചിന്താഗതി നീങ്ങി.

"എന്തു ചെയ്യണമെന്നാണു് നിങ്ങളുടെ ആഗ്രഹം" പീലാത്തോസ് ചോദിച്ചു.

"ഞങ്ങൾ അയാളെ ബന്ധിക്കും. നിയമപ്രകാരം വധശിക്ഷ അർഹിക്കുന്നതാണയാളുടെ കുററം. പക്ഷെ ശിക്ഷാവിധി നടപ്പിൽവരുത്തുവാൻ അങ്ങയുടെ സ്ഥിരീകരണം ഞങ്ങൾക്കാവശ്യമാണു്. സ്ഥിരീകരണം ലഭിക്കുവാൻ ഞാൻ അപേക്ഷ സമർപ്പിക്കുന്നുണ്ടു്. ഇയാൾക്കെതിരായ സംഭവങ്ങൾ അങ്ങേക്കനുകൂലമാണല്ലോ."

സ്വല്പനേരം പീലാത്തോസ് തറയിൽ നോക്കിക്കൊണ്ടിരുന്നു. അശ്രുതപൂർവ്വമായ ഔദ്ധത്യത്തോടുകൂടി തന്നെ സമീപിച്ചു് തന്നിൽ കുററമാരോപിച്ചിട്ടു് ഇപ്പോൾ സ്വാർത്ഥലാഭത്തിനായി തന്നെ ദൂഷണംചെയ്യാനൊരുങ്ങുന്ന കിഴവന്റെപേരിൽ കോപമാണു് ഗവർണ്ണർക്കു തോന്നിയതു്. എങ്കിലും അന്നാസിനു റോമായിൽ ഉണ്ടായിരുന്ന ബന്ധങ്ങൾ പരിഗണിച്ചു് പുറമെ മര്യാദയും സ്നേഹഭാവവും പ്രകടിപ്പിച്ചു് അദ്ദേഹം സംഭാഷണം തുടർന്നു: "ഈ മനുഷ്യൻ നിങ്ങളുടെ ജാതിനിയമങ്ങളെ ലംഘിച്ചുവെന്നാണല്ലോ ഉന്നതാചാര്യൻ പറയുന്നതു്. അതു ശരിയായിരിക്കാം. പക്ഷെ നിങ്ങളുടെ നിയമങ്ങൾ ഞങ്ങളുടെ നിയമങ്ങളല്ലല്ലോ. എനിക്കു മോശയുടെ നിയമം ആധാരമാക്കി അയാളെ വിധിക്കുവാൻ നിവൃത്തിയില്ല. ഞാൻ കല്പിക്കുന്ന ശിക്ഷാവിധി റോമൻനിയമങ്ങൾ ആധാരമാക്കിയായിരിക്കണം. അതുകൊണ്ടു ഞാൻ ആ മനുഷ്യനെ ശിക്ഷാർഹനായി കാണണമെന്നു് ഇപ്പോൾ മുൻകൂട്ടി പറഞ്ഞുകൂടാ. ആകട്ടെ, നിങ്ങൾ ഏതെല്ലാം കുററങ്ങളാണയാളിൽ ആരോപിക്കുന്നതു്?"

"അയാൾ ദൈവത്തേയും പ്രമാണത്തേയും നിന്ദിച്ചു സംസാരിച്ചിട്ടുണ്ടു്."

പീലാത്തോസ് ഉച്ചത്തിൽ ചിരിച്ചു. "ആ കുററങ്ങൾ നിങ്ങൾക്കെന്നിൽ ആരോപിക്കാവുന്നതാണു്. എനിക്കു നിങ്ങളുടെ യഹോവായെപ്പററിയോ ഞങ്ങളുടെ സ്വന്തം റോമൻദേവന്മാരെപ്പററിയോ യാതൊരു ബഹുമാനവുമില്ല. ഇനി നിങ്ങളുടെ നിയമത്തെക്കുറിച്ചു് സംസാരിക്കുകയാണെങ്കിൽ അതു വളരെ കുഴഞ്ഞുമറിഞ്ഞതും പ്രതികാരപ്രേരകവുമാണു്. നിങ്ങളുടെ ദൈവത്തെയോ നിങ്ങളുടെ നിയമങ്ങളെയോ പരിരക്ഷിക്കുവാൻ എനിക്കു ചുമതലയുണ്ടെന്നു് ഞാൻ കരുതുന്നില്ല."

ഉന്നതാചാര്യൻ വീണ്ടും എണീററു് പിരിഞ്ഞുപോകുവാൻ തുടങ്ങി. പിന്നീടൊരു നിവേദനംകൂടി നടത്തി നോക്കി. "എനിക്കിക്കാര്യം സംബന്ധിച്ചു് വേറൊരഭിപ്രായവും തോന്നുന്നു. ആ അഭിപ്രായം ഞങ്ങൾ ദേവാലയത്തിൽ ആക്കായി പ്രാർത്ഥിക്കുന്നുവോ ആ അഗസ്റ്റസ്സുപോലും സ്വീകരിച്ചിട്ടുള്ളതാണു്. ഞങ്ങൾ രോമന്മാരുടെ കരബലം അനുഭവിച്ചറിഞ്ഞാൽമാത്രം പോരാ, അവരുടെ സംരക്ഷണം ആസ്വദിക്കുകകൂടി വേണം. ഞങ്ങളുടെ നിയമം അനുസരിച്ചു് കല്പിക്കപ്പെടുന്ന വധശിക്ഷ പ്രയോഗത്തിൽ വരുത്തുവാനുള്ള അധികാരം ഞങ്ങളിൽനിന്നെടുത്തുകളഞ്ഞിരിക്കുകയാണു്. ഈ നിയന്ത്രണത്തിന്റെ ഉദ്ദേശ്യം റോമൻനിയമത്തിനു പ്രതികൂലമാകാത്തതൊക്കെ ഇസ്രായേലിൽ നിർബാധം നടന്നുകൊള്ളട്ടെ എന്നാണെന്നു് ഞാൻ വിചാരിക്കുന്നില്ല."

പീലാത്തോസ് അധരങ്ങൾ കൂട്ടിക്കടിച്ചു. നിയമപരമായ ഈ ചർച്ച അദ്ദേഹത്തിനൊട്ടുംതന്നെ രസിച്ചില്ല. അന്നാസിന്റെ സിദ്ധാന്തം സ്വീകരിച്ചാൽ സാന്നെദ്രിൻസംഘത്തിന്റെ ആജ്ഞാനുവർത്തിയെന്ന നിലയാണു് പ്രയോഗത്തിൽ ഗവർണ്ണർക്കുണ്ടാകുക. അതൊരിക്കലും ചക്രവർത്തിക്കിഷ്ടമുള്ളതാകുകയില്ലെന്നു് പീലാത്തോസ് വിശ്വസിച്ചു. ഏതായാലും സംഭാഷണത്തിനു് വിരാമം വരുത്തേണ്ടതാവശ്യമായി അദ്ദേഹം കരുതി.

"മതപരമായ ഉത്സാഹങ്ങൾ പൊതുസമാധാനത്തിനു് വിഘാതമാകാത്തതുവരെ നിങ്ങളുടെ വിവിധവിശ്വാസങ്ങൾ തമ്മിലുള്ള മതതർക്കങ്ങളിൽ ഞങ്ങൾ ഇടപെടുതന്നെന്നാണു് ചക്രവർത്തിയുടെ അഭിപ്രായം." പീലാത്തോസ് പറഞ്ഞു.

"പക്ഷെ, നസ്രായൻ ഈശോ പൊതുസമാധാനത്തിനു് വലിയ വിലങ്ങുതടിയാണു്" അന്നാസ് സമാധാനം നൽകി. വെറുംകൈയായി ഉന്നതാചാര്യനെ വിടരുതെന്നു് ചിന്തിച്ച പീലാത്തോസ് അഭിപ്രായപ്പെട്ടു: "അയാളെ ഞാൻതന്നെ വിസ്തരിക്കട്ടെ. അയാൾക്കെതിരായി മുമ്പേറു് വിധി കല്പിക്കുകസാദ്ധ്യമല്ല."

"അതങ്ങനെതന്നെയാകാം. ഈ മനുഷ്യൻ യൂദന്മാരുടെ രാജാവെന്നു് പ്രഖ്യാപിതനാകുവാൻ ഉത്സാഹിച്ചുവെന്നുള്ള വസ്തുത അങ്ങു് വിസ്തരിക്കരുതെന്നുമാത്രമാണു് എന്റെ അപേക്ഷ. ജനങ്ങളിൽ, അവരിൽ താഴ്ന്നവിഭാഗങ്ങളുടെയിടയിൽ പ്രത്യേകിച്ചും, രാഷ്ട്രത്തിനു് ആപല്ക്കരമായ പ്രക്ഷോഭങ്ങൾ രംഗപ്രവേശം ചെയ്യുന്നുവെന്നു കേൾക്കുവാൻ റോമാ തീർച്ചയായും ഇഷ്ടപ്പെടുകയില്ല. ഞങ്ങളെക്കാളധികം സാമ്രാജ്യമാണു് അവമൂലം ആപത്തഭിമുഖീകരിക്കേണ്ടിവരുന്നതു്. ഉദാഹരണമായി, അടിമകൾതന്നെ സകല മനുഷ്യരും തുല്യരാണെന്നുള്ള ആശയം തലയിൽ കയററിക്കൊണ്ടു് പ്രവർത്തിച്ചുതുടങ്ങിയാൽ അനുഭവമെന്തായിരിക്കും?"

പീലാത്തോസ് സമ്മതഭാവത്തിൽ തലകുനിച്ചു: "സാമ്രാജ്യത്തിന്റെ രക്ഷയെപ്പററി ഇത്രമാത്രം ശ്രദ്ധ ഉന്നതാചാര്യനുണ്ടെന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇനി ആ ബറാബാസ്കാര്യത്തിൽ നിങ്ങളാരും ആകുലരാകേണ്ടതില്ലെന്നെനിക്കു തോന്നുന്നു." അദ്ദേഹം തുടർന്നു പറഞ്ഞു.

"അപ്രകാരംതന്നെ അങ്ങും" അന്നാസ് ഉൽബോധിപ്പിച്ചു; റോമായിലുള്ള തന്റെ പുത്രനയക്കുന്ന റിപ്പോർട്ടിൽ പ്രൊക്കുറയിററിനു ദോഷകരമായ യാതൊന്നും ഉണ്ടായിരിക്കുകയില്ലെന്നു് അദ്ദേഹത്തിനുറപ്പുനൽകുന്ന സമ്പ്രദായത്തിൽ.

"നസ്രായന്റെ കാര്യത്തിലാകട്ടെ, കുഴപ്പമുണ്ടാക്കുന്നവരെയെല്ലാം പാഠം പഠിപ്പിക്കുവാൻ ഒരു സൂത്രം ഞങ്ങളുടെ പക്കലുണ്ടു്. എന്താണെന്നോ, കുരിശു്." പീലാത്തോസ് അന്നാസിനു ധൈര്യം കൊടുത്തു. അന്നാസ് സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: "എനിക്കറിയാം, പ്രൊക്കുറയിററർ, പണ്ടൊരിക്കൽ സംഭവിച്ചതുപോലെ ആയിരം കുരിശുകൾ നാട്ടുവാൻ സംഗതിയാക്കുന്നതിലും കൂടുതൽ നീതിയുക്തം ഒരുവനെ കുരിശിൽ ചേർത്താണിതറയ്ക്കുകയാണു് എന്നു റോമാ അഭിപ്രായപ്പെടുകതന്നെചെയ്യും. ഒരാളുടെ മരണത്തിനു് സമ്മതം നൽകുക ആയിരം ആളുകളുടേതിനു സമ്മതിക്കുന്നതിനെക്കാൾ നല്ലതായി ചക്രവർത്തി പരിഗണിക്കും, സംശയമില്ല. അതെങ്ങനെ ദയാപുരസ്സരം സ്വീകരിച്ചതിനായി ഞാൻ നന്നിപറയുന്നു. നാം പരസ്പരം അറിഞ്ഞുകഴിഞ്ഞുവെന്നു് ഞാൻ വിശ്വസിക്കട്ടെയോ? അങ്ങേക്കു സമാധാനം."

പീലാത്തോസ് വാതിൽവരെ പുരോഹിതവര്യനെ അനുയാത്ര ചെയ്തു. ഈ പ്രാവശ്യം സല്പ്പദം വിട്ടുരത്ത പാലിച്ചതു് പീലാത്തോസായിരുന്നു.

അന്നാസ് ഒരിക്കൽക്കൂടി തിരിഞ്ഞു നോക്കുകയിൽ, "താങ്കളുടെ സന്ദർശനത്തിന്നായി നന്ദി; താങ്കൾക്കു് സമാധാനം" എന്നിങ്ങനെ പീലാത്തോസ് ഉപസംഹരിച്ചു.

ഉന്നതാചാര്യനെ പല്ലക്കിൽ എടുത്തുകൊണ്ടുപോകുന്നതു നോക്കി പീലാത്തോസ് സ്വല്പനേരം നിന്നു. അനന്തരം സന്ദർശനശാ

(ശേഷം 10-ാംപേജിൽ)



Wednesday
September 19
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 6

## ബാലരംഗം



പ്രിയപ്പെട്ട കുഞ്ഞനിയന്മാരേ, കുഞ്ഞനിയത്തികളേ,




വിശുദ്ധ ആഗ്നസിന്റെ ജീവിത ചരിത്രത്തിലേക്കു നമുക്കു പ്രവേശിക്കാം. നാലാം നൂററാണ്ടിന്റെ പ്രാരംഭത്തിൽ റോമിൽ കുലീനവും ധനപുഷ്ടിയുള്ളതുമായ ഒരു മാന്യകുടുംബത്തിൽ ബാലികയായ ആഗ്നസ് വളന്നു വരികയാണ്. വയസ്സ് പന്ത്രണ്ട്. മനോഹരമായ ആകാരം. സൗന്ദര്യം ഉടലെടുത്ത ആ ഓമനബാലികയിൽ ആകാരസൗഷ്ടവത്തെക്കാൾ ആദ്ധ്യാത്മിക ചൈതന്യം പ്രകാശിച്ചിരുന്നു. വിശിഷ്ടപുണ്യങ്ങളുടെ വിളനിലമായിരുന്നു അവൾ. ദിവ്യഈശോയ്ക്കു അവൾ സ്വയം അപ്പിച്ചിരുന്നു. അവിടുത്തെ പ്രസാദിപ്പിക്കുകയെന്നതായിരുന്നു അവളുടെ ജീവിതലക്ഷ്യം.ഒരു കൊച്ചു പുണ്യവതിയായിഅവൾവളന്നു.

ആദ്യനൂററാണ്ടുകളിലെ റോമൻ അന്തരീക്ഷത്തെപ്പററി നിങ്ങൾ വേണ്ടത്ര മനസ്സിലാക്കിയിരിക്കുമോ എന്നു സംശയമാണ്. റോമ വളരെ വിപുലവും പ്രബലവുമായ ഒരു സാമ്രാജ്യമായിരുന്നു. ലൗകിക പ്രതാപത്തിന്റെ കൊടുമുടിയിൽ അതു വിരാജിക്കുകയാണ്. അക്കാലത്തു ക്രിസ്തുമതം, അപ്പസ്തോലപ്രമുഖനായ പത്രോസിന്റെയും പൗലോസിന്റേയും പ്രേഷിതപ്രയത്നങ്ങളുടെ ഫലമായി അവിടെ പടന്നു പിടിച്ചിരുന്നു. എന്നാൽ ക്രിസ്തുമതത്തിനെതിരായി നിഷ്ഠുരമായ മദ്ദനങ്ങളും നടമാടിക്കൊണ്ടിരുന്നു. പത്രോസും പൗലോസും അവിടെയാണല്ലോ രക്തസാക്ഷിത്വം വരിച്ചതു്. ശ്ലീഹന്മാരുടെ രക്തത്തിൽനിന്നു വിശ്വാസികൾ അനേകായിരങ്ങളായി ഉയിരെടുത്തു. മത്സരം ഉപര്യുപരി ശക്തിപ്പെട്ടു. ആരെങ്കിലും ക്രിസ്ത്യാനിയാണെന്നറിഞ്ഞാൽ അവനെ രാജ്യദ്രോഹിയായി മുദ്രകുത്തി പേപ്പട്ടിയെപ്പോലെയോ കാട്ടുമൃഗത്തെപ്പോലെയോ വധിക്കുന്നതാണു അനുദിനസംഭവം. ക്രിസ്ത്യാനികളുടെ രക്തം റോമാപട്ടണത്തിന്റെ വീഥികളിൽ തളംകെട്ടി കിടന്നിരുന്നു. പക്ഷെ, വേദസാക്ഷികളുടെ രക്തം ക്രിസ്ത്യാനികളെ മുളപ്പിക്കുന്ന ബീജമാണെന്നവർ മനസ്സിലാക്കിയിരുന്നില്ല. ഇങ്ങനെയുള്ള ഒരു കാലത്താണു് വിശുദ്ധ ആഗ്നസ് ജീവിച്ചിരുന്നതു്.

ആഗ്നസിന്റെ മാതാപിതാക്കന്മാർ വിശ്വാസസ്ഥൈര്യമുള്ള ക്രിസ്ത്യാനികളായിരുന്നു. അവരുടെ ശിക്ഷണത്തിലാണു് ആഗ്നസ് പുണ്യവതിയായി വളന്നുവന്നതു്. അവരുടെ മാതൃക അവളെ ക്രിസ്തുവിനെക്കുറിച്ചുള്ള ഗാഢമായ സ്നേഹത്തിൽ ഉറപ്പിച്ചു. അവൾ ഈശോയ്ക്കു സ്വയം സമപ്പിച്ചു. അതാ വരുന്നു പ്രതിബന്ധങ്ങൾ. വിവാഹാലോചനകൾ ഒന്നിനു പുറകെ ഒന്നായി വന്നുതുടങ്ങി.

വല്യേട്ടൻ

### ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടച്ച്)

71. തെരുതി വെമ്പാല, എലിക്കുളം, പൂവരണി
72. ബി. ടി. റാഫേൽ ഭരണികുളങ്ങര, മള്ളുശ്ശേരി
73. എൻ. ജെ. സെബാസ്റ്റിൻ നടക്കുന്നേൽ, വഴിത്തല
74. എം. എൽ. ദേവസ്സി മാവുങ്കൽ, തെക്കൻപറവൂർ
75. എം. ഡി. ദേവസ്യാ മാറാട്ടുകുളം, ചങ്ങനാശ്ശേരി

### 85-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—തലമുടി

### പ്രശ്നം നമ്പർ 86

(കെ. എം. ഉലഹന്നാൻ
Reg. No. 53)

എല്ലാ വീടുകളിലും എല്ലാ ദിവസവും സേവനമനുഷ്ഠിക്കുന്ന ഒരു ദാസനാണു ഞാൻ. രാത്രിയാണു് എനിക്കു ജോലി. ഞാനില്ലെങ്കിൽ അവിടെ എല്ലാം ഇരുളടയും. എങ്കിലും എന്നെ സാധാരണക്കാർ അത്ര കാര്യമാക്കാത്തതിൽ എനിക്കു പരിഭവവുമുണ്ടു്. എന്റെ പേരിനു മൂന്നക്ഷരംമാത്രം. ഒന്നും രണ്ടും അക്ഷരങ്ങൾ ചേന്നാൽ ഞാൻ കർഷകരുടെ ആത്മമിത്രമാകും. ഒന്നും മൂന്നും അക്ഷരങ്ങൾ ചേന്നാൽ എനിക്കു സംസാരിക്കാൻ ബഹുപണിയാകും. എന്റെ പേരിന്റെ ആദ്യക്ഷരം വിദ്യാലയത്തിലുണ്ടു്, ഭവനത്തിലില്ല. രണ്ടാമത്തെ അക്ഷരത്തിനു കൊളമ്പിൽ പോകണം, ഭാരതത്തിലില്ല. മൂന്നാമത്തെ അക്ഷരം നാക്കത്തിരിക്കുന്നു, ഓമ്മയിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)




ചെറുകഥ

### ശ്മശാനസന്ദേശം

(ആൻറണി വാഴപ്പിള്ളി
Reg. No. 13)

ശ്മശാനസന്ദർശനം മനുഷ്യനെ ആദ്ധ്യാത്മികചിന്തകളിലേക്കു് തിരിച്ചുവിടാതിരിക്കയില്ല. മനുഷ്യജീവിതത്തിന്റെ ഈ ചക്രവാളത്തിന്നപ്പുറത്തെ അജ്ഞാതങ്ങളും ഗംഭീരങ്ങളുമായ പല പല പ്രശ്നങ്ങളിലേക്കും നമ്മെ കൂട്ടിക്കൊണ്ടുപോകാൻ ആ ചിന്തകൾക്കു കെൽപ്പുണ്ടു്. മുതലാളിത്തവും തൊഴിലാളിത്തവും, നിരീശ്വരത്വവും ഭൗതികത്വവും, പ്രതാപവും പരാജയവും എല്ലാം അവസാനിക്കുന്നതു് ശ്മശാനത്തിലെ ആറടിമണ്ണിൽ വെച്ചാണു്.

x x x

വിദ്യാർത്ഥിയായ ഞാനും എന്റെ സ്നേഹിതൻ മാത്യുവുംകൂടി ഒരു ദിവസം സായാഹ്നസഞ്ചാരത്തിനിറങ്ങിയിരിക്കയായിരുന്നു. ശ്മശാനത്തിന്റെ അടുത്തെത്തിയപ്പോൾ ഒരു വിലാപയാത്ര എതിരെ വരുന്നു. ആ സംഘത്തിൽ പരിചിതരായ പലരും ഉണ്ടായിരുന്നതുകൊണ്ടു ഞങ്ങളും ശ്മശാനത്തിനകത്തു പ്രവേശിച്ചു. ശവക്കല്ലറകൾ പലതരത്തിലും പല പല പേരുകൾ വഹിച്ചും നിരനിരന്നു നില്ക്കുന്നു. എത്രയെത്ര ചരിത്രങ്ങളാണു് അവ അനുസ്മരിപ്പിക്കുന്നതു്. പ്രതാപവാന്മാരായി ജീവിച്ച ധനികന്മാരുടെ മാർബിൾ കുഴിമാടങ്ങൾ മുതൽ പാവപ്പെട്ടവന്റെ ചിതലെടുത്ത വെറും മരക്കുരിശുവരെയും അവയ്ക്കു വിവിധത്വമുണ്ടു്. ജീവചരിത്രങ്ങളിലും അതു പ്രതിഫലിക്കുന്നുണ്ടു്. ദൈവത്തെ മറന്നു സ്വയം വമ്പുപറഞ്ഞവർ, ധനത്തെ ദൈവമായി ആരാധിച്ചവർ, അധികാരത്തിനുവേണ്ടി ജീവിച്ചവർ, സൗന്ദര്യത്തെ താലോലിച്ചവർ ഇങ്ങനെ പലതരം മണ്ണിന്റെ മക്കളുടേയും താപസവര്യന്മാർ, പരോപകാരപ്രവത്തകർ, ഭക്തശിരോമണികൾ ആദിയായ വിണ്ണിന്റെ മക്കളുടേയും ജീവിതസമാഹാരങ്ങളുടെ ഒരു കലവറതന്നെയാണു് ശ്മശാനം. ജീവിതങ്ങളുടെ വൈവിദ്ധ്യങ്ങൾ അത്രയും ചോദ്യചിഹ്നങ്ങളായി അവിടെ വിലയംചെയ്തിരിക്കുകയാണു്.

അന്നും അവിടെ ഒരു ശവസംസ്കാരകർമ്മം നടന്നു. ഞങ്ങളതിനു സാക്ഷ്യം വഹിച്ചു. ബന്ധുമിത്രാദികൾ ശവപ്പെട്ടി മെല്ലെ മെല്ലെ കുഴീയിലേക്കിറക്കുകയാണു്. "മനുഷ്യാ, നീ പൊടിയാകുന്നു, പൊടിയിലേക്കു് നീ പിന്തിരിയും." അതാണു് അവിടെ മുഴങ്ങുന്ന അന്ത്യവചസ്സുകൾ. മനുഷ്യനു് ഈ പ്രപഞ്ചത്തോടുള്ള ബന്ധമാണതു കുറിക്കുന്നതു്.

"അതു് പത്രോസിന്റെ ശവമാണു്" എന്റെ സ്നേഹിതൻ മന്ത്രിച്ചു, "ആയാൾക്കു ആദ്യം സ്വർണ്ണക്കച്ചവടമായിരുന്നു. ഒരു നല്ല മനുഷ്യൻ! പക്ഷെ ക്ഷയരോഗം പിടിച്ചു വളരെ നാൾ കഷ്ടപ്പെട്ടാണു മരിച്ചതു്. പാവം! .."

ശവസംസ്കാരം കഴിഞ്ഞു എല്ലാവരും പിരിഞ്ഞു ഒടുവിലായിശവകുടീരം വിട്ടതു് മദ്ധ്യവയസ്കയായ അയാളുടെ ഭാര്യയും മൂന്നുമക്കളുമാണു്. അവരുടെ ദുഃഖവും നിരാശ്രയാവസ്ഥയും ആരെയും ഇളക്കുന്നതായിരുന്നു. ഹൃദയം ഇടിച്ചു്, ശരീരം തേങ്ങി കരഞ്ഞു കണ്ണീർ വാത്തുകൊണ്ടാണു് ആ ചെറുസംഘം കഠിനദാരിദ്ര്യം ഗ്രസിച്ചിരിക്കുന്ന അവരുടെ ഭവനത്തിലേക്കു നീങ്ങുന്നതു്. അവരുടെ ഏകാവലംബമായിരുന്ന കുടുംബനാഥനെയാണു ആറടിമണ്ണിൽ നിക്ഷേപിച്ചിട്ടു അവർ വിടവാങ്ങി മടങ്ങുന്നതു്. ലോകത്തിന്റെ മായം!

ദുഃഖപൂരിതമായ ഹൃദയവികാരങ്ങളോടുകൂടിയാണു് ശ്മശാനത്തിൽനിന്നും ഞങ്ങൾ മടങ്ങിയതു്. ഞാൻ ആ പാവപ്പെട്ട മനുഷ്യന്റെ ശവകുടീരത്തിലേക്കു സഹതാപപൂർവ്വം ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കി. തുടച്ചുമാററാനാവാത്ത ചിന്തകൾ എന്റെ ഹൃദയഭിത്തിയിൽപതിഞ്ഞുകഴിഞ്ഞിരുന്നു.

സൂര്യൻ പടിഞ്ഞാറോട്ടു വളരെ താണു. ഞങ്ങളുടെ നിഴലുകൾക്കു് ഞങ്ങളെക്കാൾ എത്രയോ നീളം കൂടിക്കഴിഞ്ഞിരുന്നു! ദേവാലയമുഖവാരത്തിനു മുകളിൽ നാട്ടിയിരിക്കുന്ന കുരിശിന്റെ നിഴൽ നീണ്ടുചെന്നു് ശ്മശാനത്തിൽ മറവുചെയ്ത ആ പാവപ്പെട്ടവന്റെ ശവകുടീരത്തെ ചുംബിച്ചു.

കൂടണയാൻ വെമ്പുന്ന പക്ഷികളുടെ കലമ്പൽ ഞങ്ങളുടെ തലയ്ക്കു മുകളിലൂടെ കടന്നുപോയി. ആകപ്പാടെ വിഷാദമൂകമായ ഒരന്തരീക്ഷത്തിൽ ഞങ്ങൾ രണ്ടുപേരും വീട്ടിലേക്കു പോയി. അന്നു രാത്രി സമയം ഒരു മണിയായിട്ടും എനിക്കു് ഉറക്കം വന്നില്ല. ശ്മശാനചിന്തകൾ വീണ്ടും വീണ്ടും എന്റെ മനസ്സിൽ ഉയന്നുവന്നു. ലൗകികവും ആദ്ധ്യാത്മികവുമായ ജീവിതമൂല്യങ്ങളെക്കുറിച്ചു ഞാൻ ആവത്തിച്ചു ചിന്തിച്ചു. നിസ്സഹായരായി തേങ്ങിക്കരയുന്ന ആ മാതാവും മൂന്നുമക്കളും എന്റെ മനക്കണ്ണുകൾക്കു പ്രത്യക്ഷമായി. ശ്മശാനത്തിലെ ഓരോ മൺകൂനകളും അസ്ഥികളും എന്നോടെന്തോ മന്ത്രിക്കുന്നുണ്ടായിരുന്നു. അതെ, ആ ശ്മശാനം വ്യക്തമായ ഒരു സന്ദേശം എനിക്കു നൽകി. ദൃഢമായ ചില പ്രതിജ്ഞകൾ ഞാനെടുത്തു. അതാണു് എന്റെ ജീവിതത്തിന്റെ ഇന്നത്തെ നിയമം. ശ്മശാനസന്ദേശം!

### വിനോദവീഥി

വാദിഭാഗം വക്കീൽ പ്രതിയെ വിസ്തരിക്കുകയായിരുന്നു. പ്രതി ബധിരത്വം നടിച്ചു ചോദ്യങ്ങൾക്കൊന്നും ഉത്തരംപറയാതെ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. അതു സൂത്രമാണെന്നു സംശയിച്ച ജഡ്ജി പതിഞ്ഞസ്വരത്തിൽ പറഞ്ഞു:- ഈ പ്രതി നിർദ്ദോഷിയാണെന്നു തോന്നുന്നു. അതുകൊണ്ടു് അയാളെ ബുദ്ധിമുട്ടിക്കണമെന്നില്ല.

പ്രതി:- അതേ, യജമാനനേ, അടിയൻ നിർദ്ദോഷിയാണു്.

ജഡ്ജി:- ആരുപറഞ്ഞു താൻ നിർദ്ദോഷിയാണെന്നു്?

പ്രതി:- യജമാനൻ ഇപ്പോൾ തന്നെ കല്പിച്ചല്ലോ?

x x x




"പണം, പണം, പണം എപ്പോഴും അതേ പാട്ടൊള്ളൂ! ഇനി അതേക്കുറിച്ചൊരക്ഷരം പറഞ്ഞാലൊണ്ടല്ലോ, ഞാനുപേക്ഷിച്ചങ്ങു പോകും, അത്രതന്നെ."

"അപ്പഴെത്ര രൂപയാ ഉപേക്ഷിച്ചുപോവുന്നതു്?"

x x x

ചാണ്ടിക്കുഞ്ഞിനു പുതിയ അളിയൻ ഒരുരൂപ്പിക സമ്മാനംകൊടുത്തു. പിറേറദിവസം വല്യേട്ടൻ പുസ്തകം വാങ്ങിക്കുവാൻ അതു കടംവാങ്ങി. ഒരാഴ്ചകഴിഞ്ഞു് തിരിച്ചുകൊടുത്തു. അപ്പൻ അന്നുതന്നെ അതു കടംവാങ്ങി. ഒരാഴ്ചത്തെ നിരന്തരമായ ബുദ്ധിമുട്ടിക്കൽകൊണ്ടു തിരിച്ചുകിട്ടി. ചാണ്ടിക്കുഞ്ഞു അമ്മയുടെ അടുത്തുചെന്നു പറയുകയാണു്:- അമ്മച്ചീ, ഈ പണം അമ്മച്ചി എന്നോടു കടം വാങ്ങിക്കോ. ഞാൻ ചോദിക്കുമ്പോൾ തിരിച്ചുതന്നാൽമതി. അല്ലെങ്കിൽ അതു അവർ തട്ടിക്കൊണ്ടുപോകും.

* * *

ഷോടതിടിക്കററു വില്ക്കുന്നതിനു രണ്ടു സ്ത്രീകൾ ഒരു വക്കീലാപ്പീസിൽവന്നു. വക്കീലിനു മനസ്സിലായി അവരുടെ ആഗമനോദ്ദേശ്യം. വക്കീലിനെ കൂടാതെ അപ്പുറത്തുപോയാൽ കാര്യംനേടാമെന്നു വിചാരിച്ചു അവർ ചോദിച്ചു:- അമ്മ അപ്പുറത്തില്ലേ?

വക്കീൽ:- ഇവിടെയില്ല. പുറത്തുപോയിരിക്കുകയാണു്.

ആഗതർ:- ഉടനെ വരുമോ?

വക്കീൽ:- അറിഞ്ഞുകൂടാ.

ആഗതർ:- എത്രസമയം ഞങ്ങൾ കാത്തിരിക്കേണ്ടിവരും?

വക്കീൽ:- നിശ്ചയമില്ല.

ആഗതർ:- എപ്പോഴായിരിക്കും പോയതു്?

വക്കീൽ:- രണ്ടുകൊല്ലമായി.

ആഗതർ:- ഇത്ര ദീർഘകാലമായി എവിടെപ്പോയിരിക്കുകയാണാവോ?

വക്കീൽ:- അടുത്തുതന്നെയാ. ശിമത്തേരിയിൽ!

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1